POSTAL REG NO GDP-44/2017-2019

بِسۡمِ اللہِ الرَّحۡمٰنِ الرَّحِیۡم نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 36

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 സെപ്റ്റംബർ 7/ഹി:ശം:1396 തബൂക് 7 /ഹി:ഖ: 1438 ദുൽഹജ്ജ് 15

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 04-08-2017 ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ (ലണ്ടൻ)നിൽ ജുമുഅ ഖുത്ബ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**എനിക്കു ശിക്ഷ നല്കുന്നതിനുവേണ്ടി കറംദീൻ ക്രമിനൽകേസു കൊടുക്കുമെന്നും പലരും അയാളെ സഹായിക്കുമെന്നും അവസാനം അയാൾ സ്വയം ശിക്ഷിക്കപ്പെടുമെന്നും അയാളുടെ ഉപദ്രവത്തിൽനിന്ന് അല്ലാഹു എനിക്കു മോചനംനല്കുമെന്നും അതിൽ പറയപ്പെട്ടിരുന്നു. അങ്ങനെതന്നെ അത് പുലർന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ദൃഷ്ടാന്തം 24- 1899-ൽ എനിക്ക് ഇങ്ങനെ ഇൽഹാമുണ്ടായി. ആദ്യം അബോധാവസ്ഥ. പിന്നീട് മോഹാലസ്യം. പിന്നീട് മരണം. ഇതിനോടൊപ്പം ഈ ഇൽഹാം ആത്മാർഥനായ ഒരു സുഹൃത്തിനെ സംബന്ധിച്ചാണെന്നും ധരിപ്പിക്കുകയുണ്ടായി. ഇദ്ദേഹത്തിന്റെ മരണംകൊണ്ട് നമുക്ക് ദുഃഖമുണ്ടാകും. അങ്ങനെ നമ്മുടെ ജമാഅത്തിലെ ധാരാളമാളുകളെ ഈ ഇൽഹാം കേൾപിക്കുകയുണ്ടായി. 1899 ജൂൺ 30 ലെ അൽഹക്കമിലും പ്രസിദ്ധീകരിക്കുകയുണ്ടായി. അവസാനം 1899 ജൂലായ് മാസത്തിൽ നമ്മുടെ വളരെ ആത്മാർഥ സുഹൃത്ത് അസിസ്റ്റന്റ് സർജനായ ഡോക്ടർ ബൂഡേ ഖാൻ ഒരു യാദൃച്ഛികമായ മരണത്തിലൂടെ ഖസ്വൂറിൽ കടന്നുപോയി. ആദ്യം അബോധാവസ്ഥ ഉണ്ടായി. പിന്നീടു ഒരു തവണ മോഹാലസ്യമുണ്ടായി. പിന്നീട് നശ്വരമായ ഈ ലോകത്തുനിന്ന് വിട പറഞ്ഞു. അദ്ദേഹത്തിന്റെ മരണവും ഈ ഇൽഹാമും തമ്മിൽ 20, 22 ദിവസത്തെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളു.

25-ാമത്തെ ദൃഷ്ടാന്തം-ജഹ്ലമിൽ എനിക്കെതിരെ കറംദീൻ ജഹ്ലമി കൊടുത്ത ക്രിമിനിൽ കേസിനെ സംബന്ധിച്ച പ്രവചനമാണ്. പ്രവചനത്തിന്റെ വാക്കുകൾ അല്ലാഹുവിൽനിന്ന് ഇങ്ങനെയായിരുന്നു. ***കുല്ലു ശയ്ഇൻ ഖാദിമുക്ക. റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ*** മറ്റു ഇൽഹാമുകളും ഉണ്ടായിരുന്നു. അതിൽ കേസിൽനിന്ന് മോചിതനാകും എന്ന വാഗ്ദാനവുമുണ്ടായിരുന്നു. അങ്ങനെ അല്ലാഹു ഈ കേസിൽനിന്ന് എന്നെ മോചിതനാക്കി.

26-ാമത്തെ ദൃഷ്ടാന്തം-ഗുരുദാസ്പൂരിലെ ചന്ദുലാൽ, ആത്മാറാം എന്നീ മജ്സ്ട്രേറ്റുമാരുടെ കോടതിയിൽ എനിക്കെതിരെ കറംദീൻ ജഹ്ലമി കൊടുത്ത ക്രിമിനൽകേസിൽ ഞാൻ മോചിതനായതാണ്. അവസാനം ഞാൻ മോചിതനാകുമെന്ന് പ്രവചനത്തിൽ പറയപ്പെട്ടിരുന്നു. അങ്ങനെ ഞാൻ മോചിതനായി.

27-ാമത്തെ ദൃഷ്ടാന്തം കറംദീൻ ജഹ്ലമി ശിക്ഷിക്കപ്പെടുമെന്നതിനെ കുറിച്ചുള്ള പ്രവചനമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവസാനം അയാൾക്ക് ശിക്ഷ കിട്ടി. എന്റെ ഗ്രന്ഥമായ മവാഹിബുർറഹ്മാൻ പേജ് 129, 8-ാമത്തെ വരി നോക്കുക. ഈ മൂന്നു പ്രവചനങ്ങളും വലിയ വിശദീകരണത്തോടുകൂടി മവാഹിബുർറഹ്മാനിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഈ പ്രവചനത്തിന്റെ അന്തിമ ഫലം എന്തായിരിക്കുമെന്ന് അറിയാത്ത നേരത്താണ് ഈ ഗ്രന്ഥം എഴുതി പ്രസിദ്ധീകരിച്ചിരുന്നത്. പറയപ്പെട്ട ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അറബി വാക്യങ്ങൾ ഇപ്രകാരമാണ്.

ومن اٰیاتی ما انبأنی

العلیم الحکیم فی امر رجل لئیم ۔ وبھتانہ العظیم واوحی الیّ انہ یرید ان یتخطف عرضك۔ ثم یجعل نفسہ غرضك۔ وارانی فیہ رؤیا ثلٰث مرات۔ وارانی ان العدوّ اعد لذالك ثلا ثۃ حُماۃٍ لتوھین و اعناتٍ ورئیت کأنّی احضرت محاکمۃ کالماخوذین ورئیت انّ اٰخر امری نجات بفضل ربّ العٰلمین۔ ولو بعد حین۔ و بُشّرتُ انّ البلاء یرد علی عدوی الکذاب المھین۔ فاشعت کلّما رأیت والھمت قبل ظھورہ فی جریدۃٍ یسمّی الحکم وفی جریدۃ اخری یُسمّی البدر۔ ثم قعدت کالمنتظرین۔ وما مرّ علیّ مارئیت الّا سنۃ فاذا ظھر قدراللہ علی ید عدوّ مبین اسمہ کرم الدین...... وقد ظھر بعض انبآءہ تعالیٰ من اجزآء ھٰذہ القضیۃ فیظھر بقیتھا کما وعد من غیر الشّكّ والشبھۃ

എല്ലാം അറിയുന്നവനും യുക്തിജ്ഞനുമായ അല്ലാഹു എന്നെ അറിയിച്ച വൃത്താന്തവും എന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. ഒരു ദുർഭഗനെക്കുറിച്ചും അയാളുടെ കൊടും കൃത്രിമത്തെപ്പറ്റിയും അല്ലാഹു എന്നെ അറിയിച്ചു. നിന്റെ അഭിമാനത്തെ കവർന്നെടുക്കുവാൻ ആ മനുഷ്യൻ ഉദ്ദേശിക്കുന്നുണ്ടെന്നും എന്നാൽ, അയാൾ കുഴിച്ച കുഴിയിൽ അയാൾ തന്നെ ചാടുമെന്നും അല്ലാഹു വിവരം നല്കിയിരുന്നു. ഞാൻ മൂന്നുപ്രാവശ്യം അയാളെ ദർശനത്തിൽ കണ്ടു. മാത്രമല്ല എന്നെ അപമാനിക്കുവാനും ഉപദ്രവിക്കാനുമായി മൂന്നുപേരെ അയാൾ സഹായത്തിനൊരുക്കി നിറുത്തിയിരിക്കുന്നതും തടവുകാരനെപോലെ എന്നെ കോടതി കയറ്റുന്നതും അവസാനം-അല്പം കഴിഞ്ഞിട്ടാണെങ്കിലും-അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഞാൻ രക്ഷപ്പെടുന്നതും ദർശനത്തിൽ കണ്ടു. ഈ കൃത്രിമിയുടെമേൽ വലിയൊരു വിപത്തു വരുന്നുണ്ടെന്നുള്ള സുവാർത്തയും എനിക്കുകിട്ടി. ഞാൻ കണ്ടതെല്ലാം അപ്പടി 'അൽഹക്കം' 'അൽബദ്ർ' എന്നീ പത്രങ്ങളിൽ പരസ്യപ്പെടുത്തി. എന്തു സംഭവിക്കുന്നുവെന്നറിയാൻ ഞാൻ കാത്തിരുന്നു. ഏതാണ്ടൊരുവർഷം കഴിഞ്ഞപ്പോൾ ഈ വിധിക്കപ്പെട്ട കാര്യങ്ങൾ കറംദീന്റെ കൈയാൽ വെളിവായി. (അതായത് അയാൾ അന്യായമായി എനിക്കെതിരെ ക്രിമിനൽ കേസ് കൊടുത്തിരുന്നു). അതിനാൽ അയാൾ കേസുകൊടുത്തതോടെ പ്രവചനത്തിന്റെ ഒരു ഭാഗം പുലർന്നു. ബാക്കിയുള്ള ഭാഗം അതായത് കേസിൽനിന്നുള്ള എന്റെ മോചനവും അവസാനം അയാൾക്ക് ശിക്ഷ ലഭിക്കലും അടുത്തുതന്നെ പുലരുന്നതാണ്. വാക്യത്തിന്റെ ഈ ഭാഗത്തുനിന്ന് വെളിവാകുന്നത് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതുവരെ എനിക്ക് കറംദീന്റെ കേസിൽനിന്ന് മോചനവും സ്വാതന്ത്ര്യവും ലഭിച്ചിട്ടില്ലന്നും അയാൾക്ക് ശിക്ഷ ലഭിച്ചിട്ടില്ലെന്നുമാണ്. മറിച്ച് ഇതെല്ലാം പ്രവചനമെന്ന നിലയിൽ എഴുതപ്പെട്ടിരുന്നതാണ്. അറബിയിൽ മുകളിൽ എഴുതപ്പെട്ടതിന്റെ തർജമയാണിത്. എനിക്കു ശിക്ഷ നല്കുന്നതിനുവേണ്ടി കറംദീൻ ക്രമിമിനൽകേസു കൊടുക്കുമെന്നും പലരും അയാളെ സഹായിക്കുമെന്നും അവസാനം അയാൾ സ്വയം ശിക്ഷിക്കപ്പെടുമെന്നും അയാളുടെ ഉപദ്രവത്തിൽനിന്ന് അല്ലാഹു എനിക്കു മോചനംനല്കുമെന്നുംലഅതിൽ പറയപ്പെട്ടിരുന്നു. അങ്ങനെതന്നെ അത് പുലർന്നു. ഈ പ്രവചനം എത്രമാത്രം അദൃശ്യമടങ്ങിയതാണെന്ന് ഇനി ചിന്തിക്കേണ്ടതാണ്. എന്റെ മാന്യതയുടേയും ശത്രുവിന്റെ നിന്ദ്യതയുടേയും കല്പന ഉൾക്കൊള്ളുന്ന പ്രവചനം ചെയ്യുക എന്നത് ഏതെങ്കിലും മനുഷ്യന്റേയോ ശയ്ത്വാന്റേയോ പ്രവൃത്തിയാണോ."

*(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസായിൻ വാല്യം 22 പേജ് 223-226)*

## 123-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 123-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജർമൻ പര്യടനം ഏപ്രിൽ 2017

## ഖലീഫയുടെ വ്യക്തിത്വം വളരെ മാസ്മരികവും നീതി ന്യായത്തിൽ അധിഷ്ഠിതവും പക്ഷപാതിത്വമില്ലാത്തതുമാണ്

**പ്രവർത്തന മൈതാനത്തേക്ക് ഇറങ്ങിക്കഴിയുമ്പോൾ നിങ്ങളുടെ ചുമലിൽ വളരെ വലിയ ഉത്തരവാദിത്വമാണ് പതിക്കുന്നത്. നമ്മുടെ ആളുകൾക്ക് ശിക്ഷണം നൽകുന്നതോടൊപ്പം അന്യരിലേക്ക് ഇസ്‌ലാമിന്റെ സുന്ദര സന്ദേശവും എത്തിക്കേണ്ടതുമുണ്ട്.**

**നിങ്ങളുടെ മനസ്സുകളിൽനിന്ന് ഇപ്പോൾ എല്ലാ തരത്തിലുള്ള ഭൗതിക ഭയവും അകലേണ്ടതാണ്. ഈ ഭൗതിക ഭീതിയെ മനസ്സിൽ നിന്ന് അകറ്റി അല്ലാഹുമായുള്ള ബന്ധത്തിൽ ഓരോ നിമിഷവും നിങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്.**

**തഹജ്ജുദ് നമസ്കരിക്കാൻ ഉണരുന്നതിന് നിങ്ങൾ പരിശ്രമിക്കേണ്ടതാണ്. ഈ ഐച്ഛികകർമങ്ങളാണ് അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചെടുക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നത്. നഫലുകൾ അനുഷ്ഠിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണെന്ന് എപ്പോഴും ഓർത്തിരിക്കേണ്ടതാണ്.**

---

**നിങ്ങളെല്ലാവരുടെയും ഏറ്റവും വലിയ ലക്ഷ്യം തൗഹീദിന്റെ സ്ഥാപനമാണ്. തൗഹീദ് സ്ഥാപിക്കുന്നതിനും മനുഷ്യന് ദൈവവുമായുള്ള ബന്ധം ഉണ്ടാക്കുന്നതിനും വേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇക്കാലഘട്ടത്തിൽ ആഗതരായിരിക്കുന്നത്. ഇതാണ് ഒന്നാമത്തെ ലക്ഷ്യം. രണ്ടാമത്തെ ലക്ഷ്യം മനുഷ്യരുടെ പരസ്പരമുള്ള അവകാശങ്ങളിലേക്ക് ശ്രദ്ധ തിരിക്കുക എന്നതാകുന്നു.**

**(സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ മുബല്ലിഗീംകളോടുള്ള ഉപദേശങ്ങൾ)**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)**

**പരിഭാഷ: ടി.എം. അബ്ദുൽ മുജീബ് തമ്മനം**

**2017 ഏപ്രിൽ 22**

അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് രാവിലെ 6.15ന് മസ്ജിദിലെത്തി സുബ്ഹി നമസ്കാരത്തിന് നേതൃത്വം നൽകി. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്തു. ഇന്ന് ജാമിഅ അഹ്മദിയ്യ ജർമനിയിൽനിന്ന് വിജയികളായി പുറത്തിങ്ങിയ മുബല്ലിഗീംകളുടെ രണ്ടാമത്തെ ബാച്ചിന് “ശാഹിദ്” സനദ്ദാന പരിപാടിയുണ്ടായിരുന്നു.

2008 ആഗസ്റ്റിലാണ് ജർമനിയുടെ കേന്ദ്രമായ ബയ്ത്തുസ്സുബ്ബൂഹിന്റെ ഒരു ഭാഗത്ത് ജാമിഅ അഹ്മദിയ്യ ജർമനി പ്രവർത്തനമാരംഭിച്ചത്. ഹുദൂർ തന്റെ 2008 ലെ സന്ദർശന വേളയിൽ ആഗസ്റ്റ് 20 നായിരുന്നു ജാമിഅ അഹ്മദിയ്യായുടെ ഉൽഘാടനം നിർവഹിച്ചത്. ബയ്ത്തുസ്സുബ്ബൂഹിലുള്ള മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ജർമനിയുടെ കേന്ദ്ര സെന്ററായ ‘അയ്‌വാനെ ഖിദ്മത്തി’ലെ തങ്ങളുടെ ഓഫീസിനോട് ചേർന്നുള്ള രണ്ട് ഹാളുകളും ഗാലറിയും ഒഴിപ്പിച്ചിരുന്നു. ഈ രണ്ട് ഹാളുകളിലും ജാമിആയുടെ ഓഫീസുകളും പ്രിൻസിപ്പാളിന്റെ ഓഫീസും സ്റ്റാഫ് റൂമും ക്ലാസുകളും സ്ഥാപിച്ചു. കുട്ടികളുടെ അസംബ്ലിക്കായും സ്ഥലം തയ്യാറാക്കിയിരുന്നു. വിദ്യാർഥികളുടെ താമസത്തിനായി നിർമിച്ച ബയ്ത്തുസ്സുബ്ബൂഹിലെ മൂന്നുനില കെട്ടിടം ഉപയോഗിക്കുകയും ചെയ്തു. വിദ്യാർഥികളുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് അതിവിശാലമായി ഒരു ലൈബ്രറി നേരത്തേ തന്നെ ബയ്ത്തുസ്സുബ്ബൂഹിൽ ഉണ്ടായിരുന്നു. അതുപോലെ മസ്ജിദ്, പരിപാടികൾ നടത്തുന്നതിനുള്ള ഹാൾ, അടുക്കള, ഭക്ഷണ ഹാൾ, സ്പോർട്ട്സ് ഹാൾ, പാർക്കിങ്ങ് എന്നിവയ്ക്കായി വിശാലമായ സ്ഥലം മുമ്പേതന്നെ ബയ്ത്തുസ്സുബ്ബൂഹിൽ ഉണ്ടായിരുന്നു. അങ്ങനെ 2008 ആഗസ്റ്റിൽ ബയ്ത്തുസ്സുബ്ബൂഹിൽ ജാമിഅ അഹ്മദിയ്യ ആരംഭിച്ചു. അതിന്നിടയിൽ ഫ്രാങ്ക്ഫർട്ടിൽ നിന്നും 57 കിലോമീറ്റർ ദൂരത്തുള്ള റെഡ്സ്റ്റഡ് പട്ടണത്തിലെ മസ്ജിദ് അസീസിനോട് ചേർന്നുള്ള 5700 സ്ക്വയർ മീറ്റർ അളവിൽ ഒഴിഞ്ഞുകിടന്നിരുന്ന പ്ലോട്ട് ജാമിഅ അഹ്മദിയ്യായുടെ കെട്ടിടം നിർമിക്കുന്നതിനായി വാങ്ങുകയും ചെയ്തു.

2009 ഡിസംബർ 15 ന് ഹുദൂർ തന്റെ ജർമൻ സന്ദർശന വേളയിൽ ജാമിഅ അഹ്മദിയ്യ ജർമനിയുടെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമം നിർവഹിക്കുകയുണ്ടായി. മൂന്ന് വർഷം കൊണ്ട് അതിന്റെ നിർമാണ പ്രവൃത്തികൾ പൂർത്തിയായി. 2012 ഡിസംബർ 17 ന് ഹുദൂർ ജർമൻ സന്ദർശന വേളയിൽ പ്രസ്തുത പുതിയ കെട്ടിടം ഉൽഘാടനം ചെയ്തു. പ്രസ്തുത വസ്തുവിന്റെ പശ്ചിമദക്കിൽ ജാമിഅയുടെ ക്ലാസുകൾ ഓഫീസുകൾ ലൈബ്രറി തുടങ്ങിയവ ഉൾക്കൊള്ളുന്ന കെട്ടിടമാണുള്ളത്. ഈ പുതിയ കെട്ടിടത്തിൽ ഏഴ് ക്ലാസ് മുറികളും രണ്ട് വലിയ ഹാളുമുണ്ട്. ലൈബ്രറിയും കമ്പ്യൂട്ടർ റൂമുമുണ്ട്. പ്രിൻസിപ്പളുടെ ഓഫീസും സ്റ്റാഫ് റൂമും കൂടാതെ മറ്റ് ഔദ്യോഗിക ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഒരു വലിയ അടുക്കളയും ഭക്ഷണ ഹാളുമുണ്ട്. വിവിധ ഗ്യാലറികളും ലാബുകളുമുണ്ട്. അതിന്റെ കിഴക്കുഭാഗത്ത് മസ്‌റൂർ ഹോസ്റ്റലിന്റെ രണ്ടുനില കെട്ടിടമുണ്ട്. ഹോസ്റ്റലിന്റെ ഈ കെട്ടിടത്തിൽ വലിയ 31 മുറികളും പൊതുമുറിയെന്ന നിലയിൽ ഒരു വലിയ ഹാളുമുണ്ട്. അവിടെ ഇൻഡോർ കളികൾക്കുള്ള സംവിധാനം ഒരുക്കിയിരിക്കുന്നു. ഹോസ്റ്റലിന്റെ ഒരു ഭാഗത്ത് ലൈബ്രറിയുണ്ട്. വിദ്യാർഥികൾക്ക് ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ തുടങ്ങിയ കളികൾക്കുള്ള സ്ഥലവും തയ്യാറാക്കിയിട്ടുണ്ട്.

ഏതാനും നാളുകൾക്കുമുമ്പേ ജാമിആയോട് ചേർന്നുള്ള ഒരു കെട്ടിടം 3,60,000 യൂറോയ്ക്ക് വാങ്ങുകയുണ്ടായി. അതിന്റെ മൊത്തം വിസ്തീർണം 2500 സ്ക്വയർ മീറ്ററാകുന്നു.അതിൽ 1045 സ്ക്വയർ മീറ്ററാണ് കെട്ടിടത്തിന്റെ വിസ്തീർണം. ഇത് ഒരു രണ്ടുനില കെട്ടിടമാണ്. ഇതിൽ ഒരു വലിയ ഹാളും 14 മുറിയുമുണ്ട്. മുറികൾ അല്പം രൂപമാറ്റം വരുത്തി ഉസ്താദുമാർക്ക് കുടുംബത്തോടൊപ്പം താമസിക്കാൻ ക്വാർട്ടറും ബാച്ചുലേഴ്സിനുള്ള താമസ സൗകര്യവും ഉണ്ടാക്കിയിരിക്കുന്നു.

ഹുദൂർ രാവിലെ 10.40 ന് തന്റെ താമസ സ്ഥലത്തുനിന്നും പുറത്തു വരികയും റെഡ്സ്റ്റഡ് പട്ടണത്തിലേക്ക് പുറപ്പെടുകയും ചെയ്തു. ഏകദേശം 50 മിനിറ്റ് യാത്രയ്ക്കുശേഷം 11.30 ന് ഹുദൂറും സംഘവും ജാമിഅ അഹ്മദിയ്യായിൽ എത്തിച്ചേർന്നു. ജാമിഅ അഹ്മദിയ്യായുടെ പ്രിൻസിപ്പാൾ ശംശാദ് അഹ്മദ് ഖമർ സാഹിബും തഅ്ലീം കമ്മിറ്റിയുടെ സ്വദ്റായ മുബാറക് അഹ്മദ് തൻവീർ സാഹിബും ഉസ്താദുമാരും സ്റ്റാഫുകളും ചേർന്ന് ഹുദൂറിനെ വരവേല്ക്കുകയും ഹസ്തദാനത്തിനുള്ള സൗഭാഗ്യം കരസ്ഥമാക്കുകയും ചെയ്തു.

ഇന്നത്തെ പരിപാടി ജാമിആ അഹ്മദിയ്യായുടെ അങ്കണത്തിൽ പ്രത്യേകം സജ്ജമാക്കിയ പന്തലിലായിരുന്നു. ഹുദൂർ വേദിയിലെത്തി. ഈ പരിപാടിയിൽ ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥികളേയും, ഉസ്താദുമാരേയും, സ്റ്റാഫുകളേയും കൂടാതെ ജർമനിയുടെ ദേശീയ മജ്‌ലിസ് ആമിലയുടെ മെമ്പർമാരും, ജർമനിയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന മുറബ്ബിമാരും സനദ് കരസ്ഥമാക്കുന്ന മുറബ്ബിമാരുടെ മാതാപിതാക്കളും മറ്റ് ചില അതിഥികളുമാണ് പങ്കെടുത്തത്.

### ജാമിഅ അഹ്മദിയ്യ ജർമനിയിലെ സനദ്ദാന പരിപാടി

ഹാഫിള് ഇഹ്തിശാം അഹ്മദ് സാഹിബിന്റെ വിശുദ്ധഖുർആൻ പാരായണത്തോടെയാണ് പരിപാടിക്ക് തുടക്കം കുറിച്ചത്. തുടർന്ന് അതിന്റെ ഉർദു പരിഭാഷ കേൾപ്പിക്കപ്പെട്ടു. പിന്നീട് മുർതസാ മന്നാൻ സാഹിബ് (ഖാമിസ ക്ലാസ്) ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി (റ) ന്റെ ‘നൗനെഹാലാനെ ജമാഅത്ത് മുഝെ കുച്ച് കഹ്നാഹെ’ എന്നു തുടങ്ങുന്ന കവിതയിൽ നിന്ന് തിരഞ്ഞെടുത്ത ഏതാനും വരികൾ സ്വരമാധുര്യത്തോടെ ആലപിച്ചു. തുടർന്ന് വിദ്യാഭ്യാസകമ്മിറ്റിയുടെ സ്വദ്റായ മുബാറക് അഹ്മദ് തൻവീർ സാഹിബ് താഴെ കൊടുത്തിട്ടുള്ള റിപ്പോർട്ട് അവതരിപ്പിച്ചു:

അൽഹംദുലില്ലാഹ് ഥുമ്മ അൽഹംദുലില്ലാഹ്. ജാമിഅ അഹ്മദിയ്യ ജർമനിക്ക് ഇന്ന് വളരെ അനുഗൃഹീതമായ ദിനമാണ്. നമ്മുടെ പ്രിയ നേതാവിന്റെ കരങ്ങളാൽ നടപ്പെട്ട ഈ തോട്ടത്തിൽ നിന്നുള്ള രണ്ടാമത്തെ ഫലം ഹുദൂറിന് സമർപ്പിക്കുന്നതിനുള്ള സൗഭാഗ്യം ഈ സ്ഥാപത്തിന് കരസ്ഥമായിരിക്കുകയാണ്. ഇന്ന് ഈ സ്ഥാപത്തിൽനിന്ന് തങ്ങളുടെ വിദ്യാഭ്യാസം പൂർത്തിയാക്കിക്കൊണ്ട് പുറത്തിറങ്ങുന്ന രണ്ടാമത്തെ ക്ലാസ്സ് തങ്ങളുടെ പ്രിയ ഇമാമിന്റെ പരിശുദ്ധകരങ്ങളിൽനിന്ന് സനദ് കരസ്ഥമാക്കുന്നതിനുള്ള സൗഭാഗ്യം നേടിയിരിക്കുന്നു.

നമ്മുടെ പ്രിയങ്കരനായ ഇമാം അവിടത്തെ അസംഖ്യതിരക്കുകൾക്കിടയിൽനിന്ന് സമയം നീക്കിവെച്ചുകൊണ്ടാണ് നമുക്ക് സാമീപ്യത്തിന്റെ സൗഭാഗ്യം നൽകി അനുഗ്രഹിച്ചിരിക്കുന്നത്. അക്കാരണത്താൽ നമ്മൾ അല്ലാഹുവിന്റെ സവിധത്തിൽ സുജൂദ് ചെയ്യുകയാണ്. കൂടാതെ ഹുദൂറിന്റെ ഈ വാൽസല്യത്തിന് നമ്മൾ ഉള്ളിന്റെ ഉള്ളിൽനിന്ന് ഹുദൂറിന് നന്ദി പറയുകയാണ്.

പ്രിയപ്പെട്ട ഹുദൂർ! 2009 ൽ ജർമനി, ഫ്രാൻസ്, സ്വിറ്റ്സർലാന്റ്, ബൾഗാറിയ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള 23 വിദ്യാർഥികളുമായിട്ടാണ് ഈ സ്ഥാപനം യാത്ര ആരംഭിച്ചത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിലെ 16 വിദ്യാർഥികൾ തങ്ങളുടെ പഠനം പൂർത്തിയാക്കി. ഇവരെല്ലാവരും

**ശേഷം പേജ് 10ൽ**

# ഖുത്ബ ജുമുഅ

ബ്രിട്ടൻ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാന കഴിഞ്ഞ ആഴ്ച വളരെ ഭംഗിയായി നടന്നുവെന്നത് അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവുമാണ്. ജൽസയുടെ മൂന്നു ദിനങ്ങളിലും നമ്മൾ ദൈവാനുഗ്രഹത്തിന്റെ ദൃശ്യങ്ങൾ കാണുകയുണ്ടായി. കാലാവസ്ഥ കാരണത്താൽ കുറച്ചു ആശങ്കയുമുണ്ടായിരുന്നു. പക്ഷേ, അല്ലാഹു അവന്റെ ഫള്ലൊന്നുകൊണ്ടുമാത്രം അവസ്ഥകളുടെ ദുസ്സ്വാധീനത്തിൽ നിന്ന് സുരക്ഷിതമാക്കിവെച്ചു. അല്ലാഹുവിന്റെ സഹായവും കാരുണ്യവും സദാ ഇറങ്ങിക്കൊണ്ടിരുന്നുവെന്ന് പങ്കെടുത്ത ഓരോരുത്തരും അനുഭവിച്ചറിഞ്ഞു. ഇക്കാര്യത്തിൽ എത്ര തന്നെ അല്ലാഹുവിന് നന്ദി പറഞ്ഞാലും മതിയാവില്ല. യഥാർഥമായ നന്ദി നിറവേറ്റപ്പെടുന്നത് നമ്മൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴാണ്. നമ്മൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി തീരുന്നതിനോടൊപ്പം ഈ നന്ദിപ്രകടനം കാരണത്താൽ നമ്മുടെ കഴിവുകളിലും ഉയർച്ച ഉണ്ടാക്കുന്നവരാകുന്നതിനു വേണ്ടി ഈ നന്ദിപ്രകടനം പ്രവർത്തകരിൽനിന്നും ഉണ്ടാകേണ്ടതാണ്. ഇപ്രകാരംതന്നെ ഏറ്റവും കൂടുതൽ അല്ലാഹുവിന്റെ ഫള്ലുകൾ ആകർഷിച്ചെടുക്കുന്നവരും തങ്ങളുടെ ജീവിതങ്ങളിൽ പരിശുദ്ധ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടു മുന്നോട്ടു പോകുന്നവരും ആകുന്നതിനു വേണ്ടി പങ്കെടുത്തവരും നന്ദി പ്രകടിപ്പിക്കേണ്ടതാണ്. ഇതുപോലെത്തന്നെ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് അല്ലെങ്കിൽ ദീനിനുവേണ്ടി വന്ന അതിഥികൾക്ക് ദീനീപരമായ അറിവ് കരസ്ഥമാക്കുന്നതിനുവേണ്ടി വന്ന അതിഥികൾക്ക് സേവനം ചെയ്യാനുള്ള അവസരം നല്കിയതിന് സേവനത്തിനായി നിശ്ചയിക്കപ്പെട്ടവരും പങ്കെടുത്തവരോടു നന്ദി പറയേണ്ടതാണ്.

**സാഹോദര്യത്തിന്റേയും നന്ദിപ്രകടനത്തിന്റെയും മാതൃകാപരമായ വികാരങ്ങൾ പരസ്പരം സംജാതമാക്കുക എന്നതാണ് ജൽസ സാലാനയുടെ ലക്ഷ്യങ്ങളിൽ ഒന്ന്. അല്ലാഹുവിന്റെ കൃപയാൽ ഇതേ സ്നേഹത്തിന്റേയും അനുരക്തിയുടേയും സാഹോദര്യത്തിന്റേയും വികാരങ്ങൾ സ്വന്തക്കാരോടും അന്യരോടും പ്രകടിപ്പിക്കുമ്പോഴാണ് വരുന്ന ഓരോ അതിഥിയെയും ആകർഷിക്കുന്നത്. വൈജ്ഞാനികവും മതപരവുമായ പരിപാടികളെ കൂടാതെ ഓരോ അഹ്മദിയുടെയും കർമ്മമാതൃക പുറത്തു നിന്ന് വരുന്നവരെ അങ്ങേയറ്റും സ്വാധീനിക്കുന്നു. ഇസ്ലാമികധ്യാപനത്തിന്റെ യഥാർഥ മാതൃക തങ്ങൾ ജൽസയിൽ ദർശിച്ചുവെന്നും അത് തങ്ങളെ വളരെയധികം സ്വാധീനിച്ചുവെന്നും അവർ പ്രകടിപ്പിക്കുകയും ചെയ്യുന്നു.**

●വിവിധ രാജ്യങ്ങളിൽനിന്ന് ജൽസസാലാനയിൽ പങ്കെടുത്ത മുസ്ലിമും അമുസ്ലിമും ആയവരുടെ പ്രതികരണത്തിന്റെ ഈമാനെ ശക്തിപ്പെടുത്തുന്ന ചർച്ചകൾ● ജൽസസാലാനയിൽ പങ്കെടുത്ത നവഅഹ്ദികളുടെ ഈമാൻ ദൃഢീകരിക്കുന്ന പ്രതികരണങ്ങളുടെ വിവരണം ●ആഗോള ബയ്അത്തിന്റെ പരിപാടിയുടെ അസാധാരണമായ സ്വാധീനം ●ആഗോളമാധ്യമങ്ങളിൽ ജൽസയുടെ കവറേജ് ●വിവിധ രാജ്യങ്ങളിലെ പത്രപ്രവർത്തകരുടെ ജൽസയെ കുറിച്ചുള്ള പ്രതികരണം.

**എന്തായാലും ജൽസയുടെ അന്തരീക്ഷത്തിനും ഡ്യൂട്ടി നല്കുന്നവരുടെ പ്രഭാവത്തിനും ഒരു സ്വാധീനമുണ്ട്. നീതിബോധമുള്ളവരെ അത് ആകർഷിക്കുന്നു. ഡ്യൂട്ടി നല്കിയ എല്ലാവർക്കും അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ. ഇസ്ലാമിന്റെ ഈ നിശബ്ദ തബ്ലീഗിന്റെ ഭാഗമായി ഇതിൽ പങ്കെടുത്തവർക്കും പ്രതിഫലം നല്കുമാറാകട്ടെ. ഈ ആയിരക്കണക്കിന് പ്രവർത്തകന്മാരേയും പ്രവർത്തകകളേയും ആൺകുട്ടികളേയും പെൺകുട്ടികളേയും പുരുഷന്മാരേയും സ്ത്രീകളേയും നമ്മുടെ ദുആകളിൽ ഓർക്കേണ്ടതാണ്.**

മാധ്യമങ്ങളിൽ ജൽസയുടെ വിപുലമായ കവറേജ്, ഓൺലൈൻ മീഡിയാ, ടിവി, റേഡിയോ, പത്രങ്ങൾ, സോഷ്യൽ മീഡിയാ, എംടിഎയുടെ തൽസമയ സ്ട്രീമിംഗ്, വിവിധ ആഫ്രിക്കൻ രാജ്യങ്ങളുടെ ടിവി ചാനൽസ് തുടങ്ങിയവ മുഖേന കോടിക്കണക്കിന് ആളുകൾവരെ സന്ദേശമെത്തി. ചില രാജ്യങ്ങളിൽ ടിവി ചാനൽസ് ജൽസയുടെ മുഴുവൻ പരിപാടികളും സംപ്രേഷണം ചെയ്തു.

**ഇതെല്ലാം അല്ലാഹുവിന്റെ ഫള്ലാണ്. നമ്മുടെ പരിശ്രമം വളരെ നിസാരമാണ്.**

ഈ വർഷവും കഴിഞ്ഞ വർഷത്തെപോലെ കനഡയിൽനിന്ന് 350 നടുത്ത് ഖുദ്ദാം വന്നിരുന്നു. ഇവർ ഈ ഫ്ളൈറ്റ് ചാർട്ടേഡ് ചെയ്താണ് വന്നത്. ജൽസയ്ക്കുശേഷം അവർ വഖാറെ അമൽ ചെയ്ത് വൈന്റപ്പിൽ (Wind up)ൽ ഭാഗഭാക്കായി.

കേണൽ മിർസാ ദാവൂദ് അഹ്മദ് സാഹിബിന്റെ ഭാര്യ അമത്തുൽ ഹഫീസ് ബീഗം സാഹിബയേയും മസ്ഊദ് അഹ്മദ് ത്വാഹിർ സാഹിബിന്റെ മകൻ മുറബ്ബി താരിഖ് മസ്ഊദ് സാഹിബിനേയും ഓസ്ട്രേലിയായിലെ മുൻ മിഷണറി ഇൻചാർജ് ഷക്കീൽ അഹ്മദ് മുനീർ സാഹിബിനേയും കുറിച്ചുള്ള അനുസ്മരണവും ജനാസ ഗായിബും

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

2017 ആഗസ്റ്റ് 04/1396 ളുഹൂർ 04
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِیْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِیْمِ۔
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِیْنَ۔ الرَّحْمٰنِ الرَّحِیْمِ۔ مٰلِكِ یَوْمِ الدِّیْنِ۔ اِیَّاكَ نَعْبُدُ وَاِیَّاكَ نَسْتَعِیْنُ۔ اِهْدِنَا
الصِّرَاطَ الْمُسْتَقِیْمَ۔ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْهِمْ غَیْرِ الْمَغْضُوْبِ عَلَیْهِمْ وَلَا الضَّآلِّیْنَ۔

ബ്രിട്ടൻ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാന കഴിഞ്ഞ ആഴ്ച വളരെ ഭംഗിയായി നടന്നുവെന്നത് അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവുമാണ്. ജൽസയുടെ മൂന്നു ദിനങ്ങളിലും നമ്മൾ ദൈവാനുഗ്രഹത്തിന്റെ ദൃശ്യങ്ങൾ കാണുകയുണ്ടായി. കാലാവസ്ഥ കാരണത്താൽ കുറച്ചു ആശങ്കയുമുണ്ടായിരുന്നു. പക്ഷേ, അല്ലാഹു അവന്റെ ഫള്ലൊന്നുകൊണ്ടുമാത്രം അവസ്ഥകളുടെ ദുസ്സ്വാധീനത്തിൽനിന്ന് സുരക്ഷിതമാക്കിവെച്ചു. അല്ലാഹുവിന്റെ സഹായവും കാരുണ്യവും സദാ ഇറങ്ങിക്കൊണ്ടിരുന്നുവെന്ന് പങ്കെടുത്ത ഓരോരുത്തരും അനുഭവിച്ചറിഞ്ഞു. ഇക്കാര്യത്തിൽ എത്ര തന്നെ അല്ലാഹുവിന് നന്ദി പറഞ്ഞാലും മതിയാവില്ല. യഥാർഥമായ നന്ദി നിറവേറ്റപ്പെടുന്നത് നമ്മൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴാണ്. നമ്മൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി തീരുന്നതിനോടൊപ്പം ഈ നന്ദിപ്രകടനം കാരണത്താൽ നമ്മുടെ കഴിവുകളിലും ഉയർച്ച ഉണ്ടാക്കുന്നവരാകുന്നതിനുവേണ്ടി ഈ നന്ദിപ്രകടനം പ്രവർത്തകരിൽനിന്നും ഉണ്ടാകേണ്ടതാണ്. ഇപ്രകാരംതന്നെ ഏറ്റവും കൂടുതൽ അല്ലാഹുവിന്റെ ഫള്ലുകൾ ആകർഷിച്ചെടുക്കുന്നവരും തങ്ങളുടെ ജീവിതങ്ങളിൽ പരിശുദ്ധ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടു മുന്നോട്ടുപോകുന്നവരും ആകുന്നതിനുവേണ്ടി പങ്കെടുത്തവരും നന്ദി പ്രകടിപ്പിക്കേണ്ടതാണ്. ഇപ്രകാരംതന്നെ സേവനത്തിനായി നിശ്ചയിക്കപ്പെട്ടവരും പങ്കെടുത്തവരോടു നന്ദി പറയേണ്ടതാണ്. 'ജനങ്ങളോടു അല്ലെങ്കിൽ അല്ലാഹുവിന്റെ ദാസരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നവനല്ല' എന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി. (സുനനുത്തുർമുദി അബ്വാബുൽ ബർറി വസ്സില ഹദീഥ് നമ്പർ 1954) ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ പങ്കെടുക്കുന്നവരും ജോലി ചെയ്യുന്നവർക്കും നന്ദി പറയേണ്ടതാണ്.

ഇതുപോലെത്തന്നെ ജോലി ചെയ്യുന്നവർ അല്ലാഹുവിനോടു ഞാൻ പറഞ്ഞതുപോലെ അല്ലാഹു അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് അല്ലെങ്കിൽ ദീനിനുവേണ്ടി വന്ന അതിഥികൾക്ക് ദീനീപരമായ അറിവ് കരസ്ഥമാക്കുന്നതിനുവേണ്ടി വന്ന അതിഥികൾക്ക് സേവനം ചെയ്യാനുള്ള അവസരം നല്കിയതിന് എല്ലാ അടിസ്ഥാനത്തിലും നന്ദിയുള്ളവരാകേണ്ടതാണ്. അതായത് സാഹോദര്യത്തിന്റേയും നന്ദിപ്രകടനത്തിന്റെയും മാതൃകാപരമായ വികാരങ്ങൾ പരസ്പരം സംജാതമാക്കുക എന്നതാണ് ജൽസ സാലാനയുടെ ലക്ഷ്യങ്ങളിൽ ഒന്ന്. അല്ലാഹുവിന്റെ കൃപയാൽ ഇതേ സ്നേഹത്തിന്റേയും അനുരക്തിയുടേയും സാഹോദര്യത്തിന്റേയും വികാരങ്ങൾ സ്വന്തക്കാരോടും അന്യരോടും പ്രകടിപ്പിക്കുമ്പോഴാണ് വരുന്ന ഓരോ അതിഥിയെയും ആകർഷിക്കുന്നത്. വൈജ്ഞാനികവും മതപരവുമായ പരിപാടികളെ കൂടാതെ ഓരോ അഹ്മദിയുടെയും കർമ്മമാതൃക പുറത്തു നിന്ന് വരുന്നവരെ അങ്ങേയറ്റും സ്വാധീനിക്കുന്നു. ഇസ്ലാമികധ്യാപനത്തിന്റെ യഥാർഥ മാതൃക തങ്ങൾ ജൽസയിൽ ദർശിച്ചുവെന്നും അത് തങ്ങളെ വളരെയധികം സ്വാധീനിച്ചുവെന്നും അവർ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ചെറിയ കുട്ടികൾ മുതൽ വൃദ്ധർവരെ എല്ലാവരും അവരവരുടെ വൃത്തത്തിൽ അസാധാരണമായ ആത്മാർഥതയോടുകൂടി സേവനം ചെയ്യുകയായി

രുന്നു.ഇപ്രകാരംതന്നെ പങ്കെടുത്തവരും അസ്വസ്ഥതകളും ഉപദ്രവങ്ങളും ഒന്നും ഉണ്ടാക്കാതെ ജൽസയിൽ നിശബ്ദരായി പങ്കെടുക്കുകയും പരിപാടികളിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുകയും ചെയ്തു. ഈ കർമപരമായ മാതൃകകളുടെ പ്രകടനം ഒരു ഭൗതികവാദിയെ സംബന്ധിച്ചിടത്തോളം വളരെ അത്ഭുതമുളവാക്കുന്ന കാര്യമായിരുന്നു. അനഹ്മദികളായ അതിഥികൾ അവരുടെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഈ സമയത്ത് ഞാൻ അവരുടെ കുറച്ചു പ്രതികരണങ്ങൾ സമർപ്പിക്കുന്നതാണ്. ഈ ചുറ്റുപാടുകൾ കണ്ടുകൊണ്ട് അവർ വിവരിച്ച കാര്യങ്ങളാണിത്. ഇതാണ് ഇസ്ലാമിന്റെ അധ്യാപനമെങ്കിൽ ഈ അധ്യാപനം ലോകത്തു പ്രചരിക്കേണ്ടതുണ്ട് എന്നവർ പരസ്യമായി തന്നെ പറയുകയുണ്ടായി.

ബെനിനിലെ മുൻ വിദേശകാര്യ മന്ത്രിയും നിയമോപദേഷ്ടാവുമായ മർയം ബോനി ജിയാലു സാഹിബ പറയുന്നു: ഈ ജൽസയിലൂടെ എനിക്ക് അഹ്മദിയ്യാ ജമാഅത്തിനെ ആഴത്തിൽ മനസ്സിലാക്കാനുള്ള അവസരം ലഭിച്ചു. ജൽസയുടെ സംവിധാനത്തിൽ ഞാൻ വളരെ ആകൃഷ്ടയായി. പ്രവർത്തകരുടെ സംഘടനാപരമായ നിലവാരം വളരെ ഉയർന്നതായിരുന്നു. പ്രവർത്തകരുടെ ആത്മാർഥത കണ്ട് ഞാൻ അത്ഭുതപ്പെട്ടുപോയി.' പറയുന്നു: ഞാൻ സംഘടനാപരമായ നിലയിൽ എല്ലാവിധത്തിലും പരിശോധന നടത്തി.(വളരെ വിമർശന ദൃഷ്ടിയോടെയാണ് ആളുകൾ നോക്കുന്നത്)പക്ഷേ, ഇത്ര വലിയ ജൽസയിൽ എനിക്ക് ഒരു ന്യൂനതയും കാണാനായില്ല."ഓരോ വകുപ്പിനേയും വിമർശന ദൃഷ്ടിയോടെയാണ് ഞാൻ നോക്കിയത്. പക്ഷേ, എല്ലാ വകുപ്പിലുമുള്ള സംവിധാനങ്ങൾ നിലവാരം പുലർത്തുന്നതും ഉദാത്തവുമായിരുന്നു." വീണ്ടും പറയുന്നു: "ഞാൻ പ്രവർത്തകരിലേക്ക് നോക്കിയപ്പോൾ ചെറിയവരും വലിയവരും വൃദ്ധരും യുവാക്കളും സ്ത്രീകളും പുരുഷന്മാരും എന്നുവേണ്ട എല്ലാ പ്രായത്തിലുള്ള ആളുകളും മറ്റുള്ളവർക്ക് സൗഖ്യം പകരുന്നതിനുവേണ്ടി ശ്രമിക്കുന്നതായിട്ടാണ് കണ്ടത്. എല്ലാവരും സ്വന്തം സുഖം മറന്നു കൊണ്ട് മറ്റുള്ളവർക്ക് സുഖസൗകര്യങ്ങൾ എത്തിക്കാൻ തയ്യാറായിരുന്നു." പറയുന്നു: "അഹ്മദിയ്യത്ത് അവതരിപ്പിക്കുന്ന ഇസ്ലാമിനു മാത്രമേ ലോകത്തിന് സമാധാനം നല്കാൻ കഴിയൂ. ആ മന്ദസ്മിതമായ മുഖങ്ങൾ എനിക്കൊരിക്കലും മറക്കാൻ കഴിയുകയില്ല. അവർ അതിഥികളുടെ സേവനത്തിൽ സന്തോഷം അനുഭവിക്കുന്നവരായിരുന്നു." പറയുന്നു, "ഈ മനോഹരമായ ഓർമകൾ എന്റെ ജീവിതത്തിന്റെ ഭാഗമാണ്. ഈ മൂല്യങ്ങൾ ഞങ്ങളുടെ രാജ്യത്തും നിലനില്ക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. പഠിക്കുന്നതിനുള്ള ഒരു അക്കാഡമിയാണ് അഹ്മദിയ്യാ ജമാഅത്ത്. ഇതിൽ എല്ലാ രാജ്യത്തിലേയും ചെറുപ്പക്കാരും വിദ്യ അഭ്യസിക്കേണ്ടതാണ്."

പറയുന്നു, "ഞാൻ ആത്മീയമായ നിലയിൽ നോക്കുകയാണെങ്കിൽ നാലുഭാഗത്തും ഒരു സാഹോദര്യബന്ധത്തിന്റെ അന്തരീക്ഷമായിരുന്നു. ഇതുമുഖേന ആത്മീയതയിൽ അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരുന്നു. ഇതെങ്ങനെയുള്ള അന്തരീക്ഷമായിരുന്നുവെന്നാൽ ഞാൻ എന്റെ ജീവിതത്തിൽ ഇത് ആദ്യമായാണ് അനുഭവിച്ചറിഞ്ഞത്. ആദ്യമായി പങ്കെടുത്ത അതിഥികളും ആദ്യമായിട്ടായിരിക്കും ഇത് അനുഭവിച്ചറിഞ്ഞിട്ടുണ്ടാകുക." പറയുന്നു: "അഹ്മദിയ്യത്ത് അവതരിപ്പിക്കുന്ന ഇസ്ലാമിനു മാത്രമേ ലോകത്തിന് സമാധാനം നല്കാൻ കഴിയൂ. ലോകത്തിന്റെ പ്രശ്നങ്ങൾക്കുള്ള പരിഹാരം അതിലാണുള്ളത്."

"പറയുന്നു:"അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സ്ത്രീകളോടുള്ള പ്രഭാഷണം എന്റെ ചിന്തയെ ആഴത്തിൽ സ്പർശിച്ചു. മറ്റു മുസ്ലിം സംഘടനകളുടെ നോട്ടത്തിൽ സ്ത്രീയുടെ സ്ഥാനം ഒരടിമയിൽ കവിഞ്ഞതല്ല. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ പ്രഭാഷണത്തിൽ സ്ത്രീകൾക്ക് ഗുരുവിന്റെ സ്ഥാനമാണ് കല്പിച്ചിരിക്കുന്നത്. അവരുടെ നിർബന്ധ കടമകളിൽ വരുംതലമുറയുടെ ശിക്ഷണവും വിദ്യാഭ്യാസവും ഉൾപ്പെടുത്തിയിരിക്കുന്നു. അതായത് ലോകത്തിന്റെ ഭാവി സ്ത്രീകളുടെ കൈകളിലാണ്. ദീനിന്റെ ഭാവിയും സ്ത്രീകളുടെ കൈകളിലാണ്." പറയുന്നു: "വളരെ വലിയ സ്ഥാനമാണ് സ്ത്രീകൾക്ക് നല്കപ്പെട്ടിട്ടുള്ളത്. ഇതിൽനിന്ന് ആരോഗ്യമുള്ളതും സമാധാന നിർഭരവുമായ സമൂഹത്തിന്റെ രൂപീകരണം ഉണ്ടാകാവുന്നതാണ്."

അതുപോലെ ഗ്വാട്ടിമാല (Guatemala)യുടെ ദേശീയ പാർലിമെന്റ് അംഗം എലീനാ കേൽസ്(Iliena Calles) തന്റെ പ്രതികരണം ഇപ്രകാരം പ്രകടിപ്പിച്ചു: "ജൽസയിൽ പങ്കെടുത്തത് അത്ഭുതകരമായ അനുഭവമായിരുന്നു. ഇസ്ലാംമതത്തെ കുറിച്ചും അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചുമുള്ള എന്റെ ചിന്തകളിൽ വലിയ മാറ്റമുണ്ടായിരിക്കുന്നു. ഇസ്ലാം തീവ്രവാദത്തിന്റേയും വെറുപ്പിന്റേയും പാഠങ്ങളാണ് നല്കുന്നതെന്ന ഭയാനകവും മോശവുമായ ചിത്രമാണ് മാധ്യമങ്ങൾ അതിനെക്കുറിച്ച് ഉണ്ടാക്കിയിരിക്കുന്നത്. പക്ഷേ, ഞങ്ങൾക്ക് ഈ ജൽസയിൽ ഇസ്ലാമിന്റെ ശാന്തിസമ്പൂർണവും മനോഹരവുമായ പ്രായോഗിക ദൃശ്യങ്ങളാണ് കാണാനായത്. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോയ്ക്കുമാത്രമേ ആഗോളസമാധാനവും പരസ്പര സ്നേഹവും നീതിയും ലോകത്ത് സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ." പറയുന്നു, "ആയിരക്കണക്കിന് പ്രവർത്തകർ അതിഥികളെ സേവിക്കുന്ന ദൃശ്യം അത്ഭുതപ്പെടുത്തുന്നതായിരുന്നു." പിന്നീട് സ്ത്രീകളോടു ചെയ്ത പ്രസംഗത്തെ കുറിച്ചും അവർ പറഞ്ഞു; സ്ത്രീകളുടെ സ്ഥാനമെന്താണെന്ന്. മാതാവിന്റെ കാലിന്റെ കീഴിലാണ് സ്വർഗമെന്ന് പറഞ്ഞതും അവർ പരാമർശിച്ചു. പറയുന്നു, "ഞാൻ പുരുഷന്മാരുടെ പന്തലിനെക്കാൾ സ്ത്രീകളുടെ ജൽസാഗാഹിനെ കൂടുതൽ സൗഖ്യവും സൗകര്യവും സ്വാതന്ത്ര്യവുമുള്ളതായി കണ്ടു. ഇത് ഇസ്ലാമിന്റെ മനോഹരവും സുന്ദരവുമായ അധ്യാപനത്തിന്റെ ഉദാത്തമായ മാതൃകയാണ്. അതായത് സ്ത്രീകളുടെ അഭിമാനത്തിനും അവരുടെ സംരക്ഷണത്തിനും സമ്പൂർണമായ സ്വാതന്ത്ര്യത്തിനും ജാമ്യം നല്കുന്നു." പറയുന്നു: "ഇപ്പോൾ ഞാൻ ഇസ്ലാമിന്റെ സമാധാനപൂർണവും സുന്ദരവുമായ അധ്യാപനങ്ങളുടെ ചിത്രവുമായിട്ടാണ് തിരിച്ചു പോകുന്നത്."

അതുപോലെ കോസ്റ്ററിക്ക(Costa Rica)യുടെ നാഷണൽ യൂണിവേഴ്സിറ്റി പ്രൊഫസർ സർജിയോ മോയാ (Sergio Moya)സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: "ഞാൻ ഈ ജൽസയിലൂടെ ഇസ്ലാമിന്റെ പുതിയ ചിത്രമാണ് കണ്ടത്. പരസ്പര സ്നേഹത്തിൽ സമാനതകളില്ലാത്ത, തന്റെ വിശ്വാസത്തിന്റെ കർമപരമായ ദൃശ്യം അവതരിപ്പിക്കുന്ന ഒരു പ്രസ്ഥാനത്തെയാണ് ഞാൻ കണ്ടത്. ഞാൻ മടങ്ങിച്ചെന്ന്, തങ്ങളുടെ മുദ്രാവാക്യം ശരിയായ നിലയിൽ പ്രയോഗവത്ക്കരിച്ചുകൊണ്ട് ഇസ്ലാമിന്റെ യഥാർഥവും മനോഹരവുമായ പ്രായോഗിക രൂപമാണ് അഹ്മദിയ്യാ ജമാഅത്ത് അവതരിപ്പിക്കുന്നതെന്ന് എന്റെ സുഹൃത്തുക്കളോടും വിദ്യാർഥികളോടും പറയുന്നതാണ്."

അമീറുൽമുഅ്മിനീൻ പറയുന്നു: "ഈ വരുന്ന ആളുകൾ നമ്മുടെ തബ്ലീഗിനുള്ള മാർഗമായും തീരുന്നുണ്ട്."

കോസ്റ്ററിക്ക(Costa Rica)യുടെ പാർലമെന്റ് മെമ്പറുടെ ഉപദേശകൻ ഡോഗ്ലസ് മോണ്ടിറോസോ(Doglas Monteroso) സാഹിബ് പറയുന്നു: "ഞാൻ ജൽസാ സാലാനയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം വളരെ ചിന്തയോടും ശ്രദ്ധയോടുംകൂടെ കേട്ടു. സ്വന്തം ശത്രുക്കൾക്ക് മാപ്പു നല്കിയും അവർക്കു വേണ്ടി ദുആ ചെയ്തുകൊണ്ടും ഹൃദയത്തെ വെറുപ്പിൽനിന്നും വിദ്വേഷത്തിൽ നിന്നും ശുദ്ധീകരിക്കാം എന്ന് പറഞ്ഞത് എന്നെ ഹഠാദാകർഷിച്ചു." (ഈ അധ്യാപനമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിരിക്കുന്നത്). പറയുന്നു: "ഈ കാര്യങ്ങളിലൂടെ മാത്രമേ ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയൂ. ഈ പ്രഭാഷണങ്ങളിലൂടെ എനിക്ക് ആത്മീയവും കർമപരവുമായ ഗുണം ലഭിക്കുകയുണ്ടായി. ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളും അതിന്റെ കർമപരമായ ചിത്രങ്ങളും എനിക്ക് ഈ ജൽസയിൽ കാണാനായ സാധിച്ചു."

ഹെയ്റ്റി(Haiti) പ്രസിഡന്റിന്റെ പ്രതിനിധി ജോസഫ് പീരി(Joseph Pierre) പറയുന്നു: "എത്തരത്തിലുള്ള മുസ്ലീംകളാണെന്ന് അറിയില്ല. അവിടെ ചെന്നാൽ എന്റെ അവസ്ഥ എന്തായിരിക്കും? തുടങ്ങി പല ആശങ്കകളും ജൽസയിൽ പങ്കെടുക്കുന്നതിനുമുമ്പേ എന്റെ മനസ്സിലുണ്ടായിരുന്നു. പക്ഷേ, ജൽസയിൽ പങ്കെടുത്തതിനുശേഷം എന്റെ എല്ലാതരത്തിലുള്ള സംശയങ്ങളും സന്ദേഹങ്ങളും അകന്നുപോയി. എല്ലാ ഓരോരുത്തരും ലാളിത്യത്തിന്റേയും സഹിഷ്ണുതയുടേയും പ്രകടനം കാഴ്ചവെക്കുകയായിരുന്നു. നാലുഭാഗത്തും സാഹോദര്യത്തിന്റെ അന്തരീക്ഷമായിരുന്നു." തുടർന്നു പറയുന്നു:"ഞാൻ മതത്തിന്റെ ആളൊന്നുമല്ല. പക്ഷേ, ഈ ജൽസയിൽ പങ്കെടുത്തതിനും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ കണ്ടതിനും ശേഷം എന്റെ മനസ്സ് പറയുന്നത് ഏതെങ്കിലും സത്യമായ മതമുണ്ടെങ്കിൽ അത് ഇസ്ലാമും അഹ്മദിയ്യത്തും മാത്രമാണെന്നാണ്."

ബുർക്കിനാ ഫാസോ (Burkina Faso)യിൽ ഒരു മനുഷ്യാവകാശ കമ്മീഷന്റെ പ്രസിഡന്റ് സാഹിബുണ്ട്; സൗക്കോമോർ (Zoucomore). അദ്ദേഹവും ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: "ജൽസ സാലാനയിൽ പങ്കെടുക്കാൻ ഞാൻ ക്ഷണിക്കപ്പെട്ടപ്പോൾ എനിക്ക് വളരെ അത്ഭുതംതോന്നി. കാരണം ഞാൻ ജമാഅത്തിലെ അംഗമോ മുസൽമാനോ അല്ല. എന്നിട്ടും മുസ്ലീംകളുടെ ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ എന്നെ ക്ഷണിക്കുന്നു. ജൽസയിൽ പങ്കെടുത്തുകൊണ്ട് ഞാൻ കണ്ടത് ജമാഅത്ത് വർഗ വർണ വ്യത്യാസമൊന്നും കൂടാതെ തങ്ങളുടെ സ്നേഹത്തിന്റെ കരങ്ങൾ എല്ലാവർക്കുംവേണ്ടി നീട്ടുന്നതാണ്. എല്ലാവരോടും സ്നേഹത്തോടും അനുരക്തിയോടും കൂടി പെരുമാറുന്നു. എല്ലാവരേയും ഒരേ രീതിയിൽ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എല്ലാവരേയും നല്ലവണ്ണം പരിചരിക്കുന്നു." പറയുന്നു:"ഞാൻ ധാരാളം മതനേതാക്കന്മാരുടെ പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. തങ്ങൾ മാത്രമാണ് സത്യമാർഗികൾ എന്ന രീതിയിലാണ് അവർ സംസാരിക്കുന്നത്. അവർ ജനങ്ങളുടെ വികാരങ്ങൾകൊണ്ടു കളിക്കുന്നു. പക്ഷേ, ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗം സശ്രദ്ധം കേട്ടു. മുഴുവൻ പ്രസംഗത്തിന്റെയും കേന്ദ്രബിന്ദു ലോകത്ത് സമാധാന സംസ്ഥാപനം ഉണ്ടാകണമെന്നതായിരുന്നു." പറയുന്നു: "ഇതേ അധ്യാപനംകൊണ്ട് ലോകത്ത്

സമാധാനം സ്ഥാപിക്കാൻ കഴിയുന്നതാണ്. നമുക്ക് ഭീകരതയേയും അനീതിയേയും പരാജയപ്പെടുത്താനും കഴിയും."

ഇപ്രകാരംതന്നെ ക്രൊയേഷ്യൻ (Croatia) സംഘത്തിൽ കത്രീന സാലിക് (Katrina Celjak) സാഹിബ എന്ന ഒരു വനിതയും ഉണ്ടായിരുന്നു. അവർ പറയുന്നു: "ഞാൻ ആദ്യം ചർച്ചിലെ Nun(പുരോഹിത)യായിരുന്നു. ഇപ്പോൾ ഞാൻ സത്യം അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്." തുടർന്നു പറയുന്നു: "ജൽസയുടെ ഈ അന്തരീക്ഷവും ഇവിടെ സംഘടിപ്പിച്ചിട്ടുള്ള പ്രദർശനങ്ങളും ജമാഅത്തിനെ സംബന്ധിച്ച മറ്റു കാര്യങ്ങളും എന്റെ മനസ്സിന് വെളിച്ചം പ്രദാനം ചെയ്തിരിക്കുന്നു. സത്യം തേടിയുള്ള എന്റെ യാത്ര താമസിയാതെ ലക്ഷ്യം സ്ഥാനം പ്രാപിക്കുമെന്നാണ് തോന്നുന്നത്." പറയുന്നു: "അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം എന്റെ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചിരിക്കുകയാണ്. ഇപ്പോൾ ഞാൻ എല്ലാ കാര്യങ്ങളും വളരെ ഗഹനമായി പരിശോധിക്കാൻ തുടങ്ങിയിരിക്കുകയാണ്."

ക്രൊയേഷ്യൻ(Croatia) സംഘത്തിൽ ഇന്റർനാഷണൽ ബിസിനസ് മാനേജ്മെന്റിന്റെ ഒരു വിദ്യാർഥിയുമുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: "ജൽസയുടെ ഒരുക്കങ്ങളിലും സ്നേഹത്തിലും ആത്മാർഥതയിലും ഞങ്ങൾ വളരെ ആകർഷിതരായിരിക്കുന്നു." അദ്ദേഹം പറയുന്നു: "ജൽസയ്ക്കിടയിൽ ചെറിയ കുട്ടികൾ എത്രമാത്രം സ്നേഹത്തോടും ആത്മാർഥതയോടും കൂടിയാണോ കുടിവെള്ളം വിതരണം ചെയ്തിരുന്നതും അല്ലെങ്കിൽ മോശമായ കാലാവസ്ഥയിൽ പാർക്കിംഗും ട്രാഫിക്കും നിയന്ത്രിച്ചിരുന്നതും വൃത്തിയുടെ നിലവാരം നിലനിറുത്തുന്നതിന് കഠിനാധ്വാനം ചെയ്തിരുന്നതുമെല്ലാം അദ്ദേഹത്തിൽ വളരെ ആഴമേറിയ ചിത്രമാണ് കോറിയിട്ടിട്ടുള്ളത്." പറയുന്നു: "അദ്ദേഹം ആദ്യമായാണ് അഹ്മദിയ്യാ ജൽസയിൽ പങ്കെടുക്കുന്നത്. പക്ഷേ, അതിന്റെ സ്മരണകൾ അദ്ദേഹം ജീവിതം മുഴുവൻ ഓർമവയ്ക്കുന്നതാണ്."(അവിടെത്തെ ജമാഅത്ത് അദ്ദേഹവുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ്).

കഴിഞ്ഞ വർഷം ക്രൊയേഷ്യയാ(Croatia)യിൽ നിന്ന് പ്രായം ചെന്ന ദമ്പതികൾ വന്നിരുന്നു. പ്രായം ചെന്നവരാണ്. അവർ മുസ് ലീംകളാണ്. ഈ വർഷവും അവർ ജൽസയിൽ പങ്കെടുത്തു. സന്ദർശനവേളയിൽ അവർ എന്നോട് പറഞ്ഞു: "കഴിഞ്ഞ വർഷം ഞങ്ങൾ സാധാരണ മുസ്‌ലിംകൾ എന്ന നിലയിലായിരുന്നു പങ്കെടുത്തിരുന്നത്. എന്നാൽ, ഈ വർഷം അഹ്മദി മുസ്‌ലിംകൾ എന്ന നിലയിലാണ് പങ്കെടുക്കുന്നത്." അതിനാൽ ജൽസയിൽ വലിയ ഫ്ള്‌ലാണുണ്ടാകുന്നത്. ബയ്അത്തുകളും നടക്കുന്നു.

ഫിലിപ്പീൻസിൽ(Philippines)നിന്ന് അവിടത്തെ കോൺഗ്രസുകാരൻ സൽവാഡോർ ബെലാറോ(Salvador Belaro) ജൽസയിൽ പങ്കെടുക്കുകയുണ്ടായി. അദ്ദേഹം അവിടെത്തെ കോൺഗ്രസിൽ ഉന്നതസ്ഥാനമുള്ളയാളാണ്. അദ്ദേഹം പറയുന്നു: "എന്നെ സംബന്ധിച്ചിടത്തോളം കണ്ണുതുറപ്പിക്കുന്ന അനുഭവമായിരുന്നു. ഇതുമുഖേന ഒരുപാടു പഠിക്കുന്നതിന് അവസരം ലഭിച്ചു. എനിക്ക് ഏറ്റവുമധികം സന്തോഷകരമായ കാര്യം ജമാഅത്തിലെ ആളുകൾ പരസ്പരം അങ്ങേയറ്റം സ്നേഹത്തോടും സൽസ്വഭാവത്തോടുംകൂടി പെരുമാറുന്നുവെന്നതാണ്. പരസ്പരം കഴിവിന്റെ പരമാവധി സഹായിക്കാൻ ശ്രമിക്കുന്നു."

മറ്റുള്ളവരിൽ ഉണ്ടാകുന്ന നമ്മുടെ ജമാഅത്തിന്റെ ഈ സ്വാധീനം സാധാരണ സന്ദർഭങ്ങളിലും നിലനിറുത്താൻ ശ്രമിക്കേണ്ടതാണ്. ഓരോ അഹ്മദിയുടെയും വലിയ ഉത്തരവാദിത്തമാണിത്. ഇത് ഏതാനും ദിവസത്തേക്കുള്ള കാണിച്ചുകൂട്ടൽ മാത്രമാകരുത്. മറിച്ച്, എന്നെന്നും അതിന്റെ സ്വാധീനം നിലനില്ക്കുന്നതാകണം. പറയുന്നു: "ഈ അനുഭവങ്ങൾ ഇസ്‌ലാമിനെക്കുറിച്ചുള്ള എന്റെ അറിവുകളിൽ വർധന ഉണ്ടാക്കി. ഇസ്‌ലാമിനെക്കുറിച്ച് എങ്ങനെയുള്ള മനോഹരമായ അധ്യാപനമാണ് പഠിപ്പിക്കപ്പെടുത്തിയതെന്നാൽ അതിനെക്കുറിച്ച് മുമ്പേ എനിക്ക് ഒരറിവും ഉണ്ടായിരുന്നില്ല. എനിക്ക് ഈ ജൽസയിൽ പങ്കെടുത്തതുകൊണ്ടുമാത്രമാണ് മാധ്യമങ്ങളും സാധാരണപറയാറുള്ള കാര്യങ്ങളുമായി ഇസ്‌ലാമിന് ഒരു ബന്ധവുമില്ലെന്ന് മനസ്സിലായത്."

അയർലൻഡ് (Ireland)ൽ നിന്ന് നാഷണൽ ഡൈവേർസിറ്റി പോലീസ് ഓഫീസിന്റെ നേതാവ് ഡാരൻ ഹോലറ്റ് കോവെന്ററി (Darren Howlett Coventry)എന്ന അതിഥിയും പങ്കെടുത്തിരുന്നു. പറയുന്നു: "ഇതെന്റെ ആദ്യത്തെ ജൽസസാലാനയായിരുന്നു. ജൽസയുടെ അവസരത്തിൽ എനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ദൃഢനിശ്ചയരായ സേവകരേയും സൽപ്രകൃതക്കാരായ സഹോദരങ്ങളേയും കാണാൻ അവസരം ലഭിച്ചു."(പ്രവർത്തകരുടെ ഈ സേവനം കണ്ട് ജനങ്ങൾ വളരെ ആകർഷിതരാകുന്നു.) "അവർ കേവലം എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നതിന്റെ വാക്കുകൾ പ്രകടിപ്പിക്കുന്നവരായിരുന്നില്ല. മറിച്ച് ആ എല്ലാ പ്രവർത്തകരുടേയും പങ്കെടുത്തവരുടേയും അനുപമവും നിസ്വാർഥവും വളന്റിയായിട്ടുള്ള സേവനവും മുഖേന അതിന്റെ പരസ്യമായ പ്രകടനവുമുണ്ടായി." പറയുന്നു: "ഞാൻ നിങ്ങളോടു നന്ദിയുള്ളവനാണ്. നിങ്ങളെനിക്ക് ഈ മഹത്തായ അവസരം നല്കി. എനിക്ക് ഇസ്‌ലാമിനെക്കറിച്ച് ചിന്തിക്കാനും ആലോചിക്കാനും ജൽസസാലാനയുടെ പരിപാടികൾ ആസ്വദിക്കാനുമുള്ള അവസരം നല്കി!" പിന്നീട് പറയുന്നു:"അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗത്തിനുമുമ്പേ ആലപിക്കപ്പെട്ട പദ്യം എന്നെ വല്ലാതെ സ്വാധീനിച്ചു."

ഹോളണ്ടിൽ നിന്നുള്ള ഒരു അതിഥി മിസ്റ്റർ ആർനോഡു വാൻ ഡൂറൻ (Arnoud van Doorn) എഴുതി:"ജൽസസാലാനയുടെ അന്തരീക്ഷം വളരെ സൗഹാർദപരമായിരുന്നു. ഈ കുറ്റൻ പാരിപാടിയിൽനിന്ന് ഞാൻ വളരെയധികം പഠിച്ചു. ഇവിടെ ഞാൻ ജനങ്ങളുമായി ഐതിഹാസികാമായ കൂടിക്കാഴ്ചകൾ നടത്തി. അന്തരീക്ഷത്തിൽ ഒരു പോസിറ്റീവായിട്ടുള്ള സന്ദേശത്തിന്റെ സുഗന്ധമുണ്ടായിരുന്നു. യുവാക്കളുടെ നിറഞ്ഞ സാന്നിദ്ധ്യവും അതുല്യമായ സേവനവും എന്നെ പ്രത്യേകമായ നിലയിൽ സ്വാധീനിച്ചു. യുവാക്കൾ ജോലി ചെയ്യുന്നതുകണ്ട് എനിക്കു ഒരു പുതിയ പ്രതീക്ഷ ഉണ്ടായി. ഞാൻ മുസ്‌ലീംകളുടേയും അമുസ്‌ലീംകളുടേയും ധാരാളം പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. പക്ഷേ, യുവാക്കളുടെ ഇത്തരത്തിലുള്ള നിറഞ്ഞ സാന്നിദ്ധ്യം എന്റെ ആദ്യ അനഭവമാണ്." യു.കെ.യിലെ ക്വീൻസ് കൗൺസിലിന്റെ(Queen's Council) ഒരു സീനിയർ ബാരിസ്റ്റർ മിസ്റ്റർ ഡേവിഡ് മാർട്ടിൻ(David Martin) പറയുന്നു: "ഞാൻ പറയാൻ പോകുന്നത് എന്റെ വാക്കുകളല്ല. പ്രത്യുത എന്റെ മനസ്സിന്റെ ശബ്ദമാണ്. ഞാൻ ഇന്നേവരെ ഇത്തരം പരിപാടിയിൽ പങ്കെടുത്തിട്ടില്ല. എത്രമാത്രം നല്ല മനുഷ്യരും സുന്ദരമായ ജമാഅത്തുമാണിത്. ഞാൻ എന്റെ മാതാവിൽനിന്ന് അടിസ്ഥാനപരമായ നിലയിൽ യഹൂദിയാണ്. പക്ഷേ, ഞാൻ ചർച്ച് ഓഫ് ഇംഗ്ലണ്ടിലും പോയിക്കൊണ്ടിരുന്നു. പൂർണമായ ദൃഢബോധ്യത്തോടെ എനിക്ക് പറയാൻ കഴിയും ജൽസ സാലാനപോലുള്ള ദൃശ്യം ഞാൻ ഒരിക്കലും കണ്ടിട്ടില്ല.' പറയുന്നു: "നിങ്ങൾ ഇസ്‌ലാമിന്റെ എത്ര നല്ല മനോഹരമായ ചിത്രങ്ങളാണ്. അഹ്മദിയ്യാ ജമാഅത്തിനേയും അതിന്റെ വീക്ഷണങ്ങളേയും വിശ്വാസാദർശങ്ങളേയും ജീവിതരീതിയേയും കുറിച്ച് ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി ബി.ബി.സിക്കാരിൽനിന്ന് ഈ ജൽസയെ കുറിച്ച് ഇതുവരെ ഒരു ഡോക്യുമെന്ററി നിർമിക്കപ്പെടാത്തതിൽ ഞാൻ അത്ഭുതപ്പെടുകയാണ്." (ബിബിസിക്കാർ ഇപ്പോൾ അത് നിർമിക്കാൻപോകുന്നുവെന്ന് കേൾക്കാൻ കഴിഞ്ഞു).

സിയറ ലിയോൺ (Sierra Leone)ലെ ഒരു അതിഥി അബ്ദുൽ കബ്ബാ കാർഗോ (Abdul Kabba Kargo) സാഹിബ് തന്റെ പ്രതികരണം ഇങ്ങനെ പ്രകടിപ്പിക്കുന്നു:"ഞാൻ ജൽസാ സാലാനയുടെ ഒരുക്കങ്ങൾ കണ്ട് വളരെ ആകർഷിതനായിരിക്കുന്നു. ഇവിടെ ഞാൻ വന്നില്ലായിരുന്നെങ്കിൽ മുപ്പത്തിയേഴായിരത്തിലധികമാളുകൾ മൂന്നുദിവസം സംഘടിച്ച ഒരു സ്ഥലത്ത് ഒരുതരത്തിലുള്ള പൊരുത്തക്കേടും ഉണ്ടായില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ ഞാൻ അത് വിശ്വസിക്കുമായിരുന്നില്ല. പക്ഷേ, ഇതെല്ലാം നേരിട്ട് കണ്ട് വളരെ അത്ഭുതപ്പെട്ടുപോകുകയാണ്. ആരും പരാതിപ്പെടുന്നതായി ഞാൻ കണ്ടില്ല. എല്ലാ ആളുകളും വളരെ വിനയത്തോടും എളിമയോടുംകൂടി സേവനം ചെയ്തുകൊണ്ടിരിക്കുന്നു."

നമ്മുടെ പ്രവർത്തകരിലും സന്നദ്ധസേവകരിലും അന്യർ വളരെ ആകർഷിതരാകുന്നുണ്ട്. എല്ലാ പ്രവർത്തകരും കുട്ടികളും വൃദ്ധരും സ്ത്രീകളും പുരുഷന്മാരും ചെയ്യുന്ന നിശബ്ദ തബ്‌ലീഗാണിത്.

മറ്റുള്ളവരുടെ ചില പ്രതികരണങ്ങളാണിവ. തങ്ങളുടെ ഭരണകൂടത്തിന്റെ നേതാക്കളായ ചില മുസ്‌ലിംകളും പങ്കെടുത്തിരുന്നു. ചിലർ പ്രാതിനിധ്യം വഹിക്കുന്നവരുമായിരുന്നു. അവരുടെ രണ്ടു പ്രതികരണങ്ങൾ സമർപിക്കുകയാണ്.

ഗിനികൊണാക്രി(Guinea Conakry) നാഷണൽ അസംബ്ലിയുടെ വൈസ് പ്രസിഡന്റ് -ഡപ്യൂട്ടി സ്പീക്കർ എന്നും പറയാവുന്നതാണ്-അൽഹാജ് മുഹമ്മദ് സലീം സാഹിബ് പറയുന്നു: "ജൽസയുടെ ഒരുക്കളും അച്ചടക്കവും കണ്ട് അദ്ദേഹം വളരെ ആകർഷിതനായി. തിരഞ്ഞു നടന്നിട്ടും ഒരു വകുപ്പിലും ഒരു കുറവും കണ്ടില്ല. വൻതോതിലുള്ള ഒരുക്കങ്ങളും പങ്കെടുത്തവരുടെ ആധിക്യവും ഉണ്ടായിട്ടും ഒരു തരത്തിലുള്ള അരക്ഷിതാവസ്ഥയും ഉണ്ടായില്ല. ഒരുവഴക്കും കലഹവും ഉണ്ടായില്ല." പറയുന്നു: "എനിക്ക് ഹജ്ജ് ചെയ്യാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. ഇസ്‌ലാമിക രാജ്യങ്ങളുടെ ധാരാളം മതപരിപാടികളിൽ ഞാൻ പങ്കെടുത്തിട്ടുമുണ്ട്. എന്നാൽ, ഇത്ര ഉദാത്തവും ശ്ലാഘനീയവുമായ സംവിധാനം ഞാൻ എവിടെയും കണ്ടിട്ടില്ല. ഇസ്‌ലാമിന്റെ യഥാർഥ ആത്മാവാണ് എനിക്കിവിടെ കാണാൻ സാധിച്ചത്." പിന്നീടു പറയുന്നു:"ചെറിയ ചെറിയ കുട്ടികളുടെ തർബിയ്യത്തും അസാധാരണമാണ്. എന്തെങ്കിലും ആവശ്യമുണ്ടോ? എന്ന് കുട്ടികൾ ചോദിക്കുന്നു. പിന്നീട് ഞങ്ങൾ ആഗ്രഹിക്കുന്നത് കൊണ്ടുതരുന്നു. ചിരിച്ചുകൊണ്ടുള്ള മുഖത്തോടുകൂടി കണ്ടുമുട്ടുന്നു. ഇത് വെറും ഒരു പ്രാവശ്യമല്ല. പ്രത്യുത പലപ്രാവശ്യവും വന്ന് ചോദിക്കുന്നു. ഇവിടെ വിവിധ രാജ്യങ്ങളിൽനിന്നുള്ളവർ വന്നിട്ടുണ്ടായിരുന്നു. എല്ലാവരും പരസ്പരം സഹോദരനും ബന്ധുവും എന്ന നിലയിലാണ് കണ്ടിരുന്നത്. നിങ്ങൾ നിങ്ങളുടെ പ്രവർത്തനങ്ങളിൽ വളരെ മുന്നിലാണ്. നിങ്ങൾ തന്നെയാണ്

ശരിയായ പാതയിൽ ചരിക്കുന്നവരും.” പറയുന്നു: “നിങ്ങളുടെ പിന്നിൽ അല്ലാഹുവിന്റെ കരങ്ങളുണ്ടെന്ന് എനിക്ക് ഉറപ്പാണ്.”(പക്ഷേ, ചിലർ പങ്കെടുക്കാത്തത് ഭൗതികമായ ചില കാരണങ്ങൾ അവരെ തടയുന്നതുകൊണ്ടാണ്). പറയുന്നു: “ഞങ്ങൾ ഇൻശാഅല്ലാഹ് ഞങ്ങളുടെ നാട്ടിൽ മടങ്ങിയെത്തി ജമാഅത്തിന്റെ എല്ലാ കാര്യങ്ങളിലും സഹായിക്കണമെന്ന് സർക്കാറിനോടു പറയുന്നതാണ്; നിങ്ങളുടെ ജമാഅത്ത് ഞങ്ങളുടെ രാജ്യത്തും ശരിയായ ഇസ്‌ലാമികാധ്യാപനങ്ങളിലേക്ക് ഞങ്ങൾക്ക് മാർഗദർശനം നല്കുന്നതിനുവേണ്ടി!”

ഗിനികൊണാക്രി(Guinea Conakry)യിലെ ഒരു ദേഹമാണ് ഹസൻ കീട്ടാ സാഹിബ്. അദ്ദേഹം പോലീസിലെ നാഷണൽ ഡയറക്ടറാണ്. പറയുന്നു: “എന്റെ വകുപ്പ് പോലീസുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് ഞാൻ സെക്യൂരിറ്റിയെ സംബന്ധിച്ച് പ്രത്യേകമായും വിലയിരുത്തി. സെക്യൂരിറ്റി വകുപ്പ് വളരെ ശക്തമായിരുന്നു. അതിൽ ഒരു വിള്ളലും എനിക്ക് കാണാൻ കഴിഞ്ഞില്ല.” പറയുന്നു: “അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണം കേട്ടതിനുശേഷം ഞാൻ മുസൽമാനാണെന്നതിൽ അഭിമാനം കൊള്ളുന്നു.”

സിയറ ലിയോൺ (Sierra Leone) ലെ പാർലിമെന്റംഗം അലി കാലോകോ (Alie Kaloko) സാഹിബ് പറയുന്നു: “ഇസ്‌ലാമിന്റെ യഥാർഥ ചിത്രം അഹ്മദിയ്യത്ത് തന്നെയാണ്. സമാധാനത്തിനുവേണ്ടി ശ്ലാഘനീയമായ ശ്രമങ്ങളാണ് അഹ്മദികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇക്കാലത്ത് ഇസ്‌ലാമിന്റെ പേര് തീവ്രവാദത്തോടു ചേർത്താണ് എല്ലായിടത്തും പറയപ്പെടുന്നത്. എന്നാൽ, അഹ്മദികൾ ഈ ചിന്താഗതി തെറ്റാണെന്ന് തെളിയിച്ചു കൊണ്ടിരിക്കുന്നു. ജൽസയുടെ സംവിധാനം വളരെ നന്നായിരുന്നു. ചെറിയ കുട്ടികൾ പോലും സേവനത്തിന് സന്നദ്ധരായിരുന്നു. ഹൃദ്യമായ കാഴ്ചയായിരുന്നു അത്. അഹ്മദിയ്യാ ജമാഅത്തിന്റെ സത്യത തെളിയിക്കാൻ മതിയായ ദൃശ്യമാണിത്.”

തുർക്ക്മനിസ്ഥാൻ(Turkmenistan)നിലെ സുഹൃത്ത് അബ്ദുൽ റശീദ് സാഹിബ് ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: “ഞാൻ ഏകദേശം രണ്ടു വർഷം മുമ്പേ എന്റെ ഒരു സുഹൃത്തിൽനിന്നാണ് ഈ ജമാഅത്തിനെ കുറിച്ച് അറിഞ്ഞത്. ഇവരുടെ മോട്ടോ ‘എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്’ എന്നതാണ്. പറയുന്നു: “ഞാൻ ലണ്ടനിലെത്തിയതു മുതൽ സ്നേഹവും അനുരക്തിയുംകൊണ്ട് പൊതിയപ്പെട്ടിരിക്കുകയാണ്; സ്വന്തം മാതാപിതാക്കളുടെയും കുടുംബത്തിന്റെയും ഇടയിലെന്ന പോലെ. ഏതൊരു കാര്യങ്ങളാണോ എന്നെ വളരെ ആകർഷിച്ചത്, എന്റെ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചത് അതിലൊന്ന് ഞങ്ങൾ തുർക്ക്മനിസ്ഥാൻ(Turkmenistan)നിൽനിന്ന് ലണ്ടനിലെത്തിയ ദിവസം ഞങ്ങളെ എയർപോർട്ടിൽനിന്ന് ഹോട്ടലിൽ കൊണ്ടുപോയി. ഞങ്ങൾ അവിടെ എത്തിയപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന യുവാക്കൾ സലാം പറഞ്ഞതിനുശേഷം ഉടനെ പറഞ്ഞത്, നിങ്ങൾ യാത്ര ചെയ്തുവന്നതാണ്, നിങ്ങൾക്കു വിശക്കുന്നുണ്ടാകും അതുകൊണ്ട് ആദ്യം ഭക്ഷണം കഴിക്കുക, പിന്നീട് വിശ്രമിക്കുക എന്നായിരുന്നു. ഇതുകേട്ട് എനിക്ക് നബി(സ)തിരുമേനിയുടെ ഹദീഥാണ് ഓർമവന്നത്: ഒരിക്കൽ ഒരു മജ്‌ലിസിൽ ഒരു അതിഥി വന്നു. അവിടന്ന് ഇദ്ദേഹത്തെ ആരാണ് കൊണ്ടുപോകുക? എന്ന് ഒരു സ്വഹാബിയോടു ചോദിച്ചു. പിന്നീട് അദ്ദേഹം ആ മുഴുവൻ ഹദീഥും കേൾപിച്ചു. എന്തായാലും പിന്നീട് അദ്ദേഹം പറയുന്നു: “ജൽസയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് ഒരു കാര്യം മനസ്സിലായി. ഞാൻ ജീവിതം മുഴുവനും ദൈവത്തെ അന്വേഷിച്ചു കൊണ്ടാണ് കഴിച്ചു കൂട്ടിയത്. പക്ഷേ, ഇവിടെ വന്നപ്പോൾ മാത്രമാണ് എനിക്ക് അല്ലാഹുവിനെ ലഭിച്ചത്. അല്ലാഹുവിന്റെ കൃപയാൽ ആഗോള ബയ്അത്തിന്റെ മഹത്തായ പരിപാടിയിലും പങ്കെടുത്ത് ബയ്അത്തു ചെയ്യാനുള്ള തൗഫീഖും ലഭിച്ചു.” (ഇവിടെ വന്നു, ബയ്അത്തും ചെയ്തു). അദ്ദേഹം ഞാനുമായി സംസാരിക്കുമ്പോൾ വികാരഭരിതനാകാറുണ്ടായിരുന്നു. പറയുന്നു: “ഞാൻ ബയ്അത്തുചെയ്യുകയായിരുന്നപ്പോൾ എന്റെ കണ്ണീരൊഴുകുകയായിരുന്നു. ഈ കണ്ണീർ എന്റെ പിതാവ് വഫാത്തായപ്പോൾ പോലും ഒഴുകിയിരുന്നില്ല. കാരണമൊന്നും കൂടാതെയാണ് ഈ കണ്ണീർ ഒഴുകിയിരുന്നതെന്ന് ബാഹ്യത്തിൽ തോന്നിയിരുന്നു. പക്ഷേ, പിന്നീടാണ് എനിക്കു മനസ്സിലായത് ഭൂമിയിൽ ഇപ്പോൾ ഒരു പ്രതീക്ഷ ഉണ്ടായിരിക്കുന്നു. അതെന്താണെന്നുവച്ചാൽ തന്റെ സത്തയിൽ അതുല്യമായ ഒരു ജമാഅത്ത് ഇപ്പോൾ ഉണ്ടായിരിക്കുന്നു. ഈ ജമാഅത്ത് അതിന്റെ കർമംകൊണ്ട് എല്ലാ ഓരോ പ്രയാസങ്ങളും വിപത്തുകളും ലോകത്തുനിന്ന് അകറ്റാനും ശുദ്ധീകരിക്കാനും എല്ലാ ത്യാഗത്തിനും തയ്യാറാണ്.”

സ്നേഹത്തിന്റെയും അനുരക്തിയുടേയും സാഹോദര്യത്തിന്റെയും ദൃശ്യം ചില നവഅഹ്മദികൾ കാണുമ്പോൾ അവരുടെ വിശ്വാസം കൂടുതൽ വർദ്ധിക്കാറുണ്ട്.

ജമൈക്ക (Jamaica)യിൽ നിന്ന് പങ്കെടുത്ത ഒരു നവഅഹ്മദി സ്ത്രീ വിൻസൻ വില്യം സാഹിബ പറയുന്നു: “ജൽസ സാലാനയി ലെ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ, പ്രത്യേകിച്ചും ആഗോള ബയ്അത്ത് വളരെ വൈകാരികമായ അനുഭവമായിരുന്നു.” പറയുന്നു:“ഇവിടെ വളരെയധികം പ്രവർത്തകർ സന്നദ്ധസേവകരായി സേവനം ചെയ്യുന്നവരാണെന്ന് എനിക്കു മനസ്സിലായപ്പോൾ ഞാൻ വിചാരിച്ചത് അവരുടെ ശിക്ഷണത്തിനായി ജമാഅത്തിന് വളരെയധികം പാടുപെടേണ്ടി വന്നിട്ടുണ്ടാകുമെന്നാണ്. പക്ഷേ, ആ പ്രവർത്തകർ നിസ്വാർഥരായി സേവനം ചെയ്യുന്നതുകണ്ടപ്പോൾ ഇതൊരു ഇലാഹി ജമാഅത്താണെന്നും കാലത്തിന്റെ ഖലീഫക്ക് അല്ലാഹുവിന്റെ സഹായവും പിന്തുണയും നേരിട്ട് ലഭിക്കുന്നുണ്ടെന്നും എനിക്ക് ബോധ്യമായി.” പറയുന്നു:“പ്രത്യേകിച്ചും കാറുകൾ പാർക്കു ചെയ്യുന്ന സ്ഥലത്ത് സേവനം ചെയ്യുന്ന യുവാക്കൾ കാലാവസ്ഥ മോശമായിരുന്നിട്ടും വളരെ താൽപര്യത്തോടെ തങ്ങളുടെ കടമകൾ നിറവേറ്റുന്നത് കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. ഈ ദൃശ്യം ഞാൻ എന്റെ ജീവിതത്തിൽ മുമ്പേ ഒരിക്കലും കണ്ടിരുന്നില്ല.”

ഐവറികോസ്റ്റ്(Ivory coast)ൽനിന്ന് ഒരു നഗരത്തിന്റെ മേയറായ സറാക്പാ ഡോപോ സാഹിബ് (Zrakpa Dopeu)പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു:“ഞാൻ ഇസ്‌ലാം-അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ ജനങ്ങളിൽനിന്ന് ഒരുപാട് നെഗറ്റീവായിട്ടുള്ള കാര്യങ്ങൾ കേൾക്കാൻ ഇടയായി. എനിക്ക് ഇസ്‌ലാമിനെ കുറിച്ച് വലിയ അറിവൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ട് അഹ്മദി, മുസ്‌ലിമാണോ അല്ലേ എന്ന കാര്യത്തിൽ എങ്ങനെ തീരുമാനമെടുക്കു(Judge)മെന്നതിൽ ഞാൻ വളരെ പ്രയാസത്തിലായി.” പറയുന്നു: “അഹ്മദിയായിക്കൊണ്ട് വല്ല പാപവും ചെയ്തുപോയോ എന്ന ചിന്തയും എനിക്കുണ്ടായി. അങ്ങനെ ഞാൻ ജമാഅത്തുമായി ബന്ധപ്പെട്ടപ്പോൾ അവർ എന്നെ ജൽസസാലാനയിൽ പങ്കെടുക്കാൻ ക്ഷണിച്ചു. അവിടെച്ചെന്ന് ജമാഅത്തിനെ അടുത്തുനിന്ന് നോക്കാനും പറഞ്ഞു.” പറയുന്നു:“ഞാൻ ഇവിടെ വന്നപ്പോൾ ഇസ്‌ലാമിന്റെ യഥാർഥ ചിത്രമാണ് കണ്ടത്. കാലത്തിന്റെ ഖലീഫയുടെ ഓരോ പ്രസംഗവും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ സമാരംഭിക്കുകയും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ അവസാനിക്കുകയും ചെയ്യുന്നു. പിന്നീട് ജൽസസാലാനയുടെ അന്തരീക്ഷം കണ്ട് എനിക്കെന്റെ ‘അഹ്മദി മുസൽമാനാണോ?’ എന്ന ചോദ്യത്തിന് മറുപടിയും കിട്ടി. ഏതൊരു ജോലിയാണോ ഞാൻ ചെയ്തത് അത് തികച്ചും ശരിയായിരുന്നുവെന്ന് ഇപ്പോൾ എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയും. അഹ്മദി തന്നെയാണ് യഥാർഥ മുസൽമാൻ. ഞാൻ ഇക്കാര്യത്തിൽ സംതൃപ്തനാണ്. അഹ്മദികളുടെ എല്ലാ പ്രവർത്തനങ്ങളും വിശുദ്ധ ഖുർആന്റേയും ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)ന്റേയും കല്പനയനുസരിച്ചാണ്.”

ബെലീസ്(Belize)ന്റെ തലസ്ഥാനമായ ബെൽമോപാന്റെ(Belmopan) മേയർ ഖാലിദ് ബ്ലേസ് ലേ(Khalid Belize)യും ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു:“ജൽസയിൽ പങ്കെടുത്തത് വളരെ നല്ല അനുഭവമായിരുന്നു. ജമാഅത്തിലെ എല്ലാ ഓരോ വ്യക്തിയും എനിക്കു സേവനം ചെയ്തുകൊണ്ടിരിക്കുന്നതായി തോന്നി. ഈ അനുഭവത്തിൽനിന്ന് എന്റെ മനസ്സിൽ ഇസ്‌ലാമിനെ കുറിച്ച് പഠിക്കണമെന്നുള്ള താൽപര്യമുണ്ടായി. ഇവിടെനിന്ന് ഞാൻ സാഹോദര്യത്തിന്റെ പാഠങ്ങൾ എന്റെ രാജ്യത്തേക്ക് കൊണ്ടുപോകുകയാണ്. ഇതെനിക്ക് വിവിധ സ്ഥലങ്ങളിൽ ആവർത്തിച്ചാവർത്തിച്ച് കാണാൻ കഴിഞ്ഞ കാര്യമാണ്. അഹോകഷ്ടം! ഇതു എനിക്ക് കുപ്പിയിൽ അടച്ച് ബെലീസ്(Belize)ൽ കൊണ്ടുപോകാനും എന്റെ നാട്ടുകാർക്ക് വിതരണം ചെയ്യാൻ സാധിക്കുകയും ചെയ്തിരുന്നെങ്കിൽ!” പിന്നീടു പറയുന്നു: “ജൽസയുടെ ഒരുക്കങ്ങൾ ഉന്നത നിലവാരത്തിലുള്ളതായിരുന്നു. എപ്രകാരം ഞാൻ ഇവിടെ വെൽക്കം(Welcome)ചെയ്യപ്പെട്ടുവോ അത് എപ്പോഴും ഓർമിക്കുന്നതായിരിക്കും. എന്നെ ക്ഷണിച്ചതിന് ഞാൻ നിങ്ങളോടു എന്നെന്നും കടപ്പെട്ടവനായിരിക്കും.” തുടർന്നു പറഞ്ഞു: “ഒരു ദിവസം ഞാൻ അതിഥികളുടെ പന്തലിൽ തനിച്ചായിരുന്നു. അപ്പോൾ കുറച്ചു യുവാക്കൾ എന്റെ അടുത്തു വന്നു. ഞാൻ പുറത്തിറങ്ങിയപ്പോൾ ഒറ്റയ്ക്കാണെന്ന തോന്നൽ എനിക്കുണ്ടായിരിക്കും എന്നു കരുതിയാണ് അവർ എന്റെ അടുത്തു വന്നതെന്ന് എനിക്കറിയാമായിരുന്നു. തങ്ങളുടെ അതിഥികളോടു എങ്ങനെ പെരുമാറണമെന്ന ബോധവും ഇവിടത്തെ യുവാക്കൾക്കുണ്ട്. ഇക്കാര്യം എന്റെ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചു.”

ആഗോള ബയ്അത്തും അന്യരെ സ്വാധീനിക്കാറുണ്ട്. ഒന്ന് ഞാൻ മുമ്പേ വിവരിച്ചു കഴിഞ്ഞതാണ്. മറ്റൊരു സംഭവവുമുണ്ട്. ക്രൊയേഷ്യൻ(Croatia)പാർലമെന്റിലെ അസംബ്ലി മെമ്പർ ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ പേര് ഓച്ച് കോവിക് ഡോമാങ്കോ(Mr. Hajdukovic Domango) എന്നാണ്. ആഗോള ബയ്ത്തിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു: “ആഗോള ബയ്അത്ത് പരിപാടി എന്നെ വളരെയധികം ആകർഷിച്ചിരിക്കുന്നു. ഞാൻ ക്രിസ്തുമതത്തിന്റെ ഫെയ്ത് റീകൺഫർമേഷൻ (faith reconfermation)പരിപാടിയിൽ പലവട്ടം പങ്കെടുത്തിട്ടുണ്ട്. എന്നാൽ, ഏതൊരു വൈകാരികതയും ആത്മാർഥതയും മതത്തിനോടുള്ള കൂറിന്റെ ദൃഢനിശ്ചയവും അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള ബയ്അത്തിൽ ഞാൻ

കണ്ടുവോ അതൊരു അത്ഭുതകരവും വിസ്മയകരവുമായ അനുഭവമായിരുന്നു. അതെനിക്ക് ജീവിതത്തിൽ മറക്കാനാവില്ല.”

ഒരു ഈജിപ്ഷ്യൻ ഡോക്ടർ ഹാനീ റുശ്‌വാൻ സാഹിബ് വന്നിരുന്നു. അദ്ദേഹം പറയുന്നു: “ആഗോള ബയ്അത്തിന്റെ നേരത്ത് അദ്ദഹം ജൽസാഗാഹിൽ പ്രവേശിച്ചു. ജൽസാഗാഹിന്റെ വെളിയിൽ ദൂരദൂരവരെ നീണ്ട നിരയായിരുന്നു. അതുകണ്ട് ആകർഷിതനാകുകയും അത്ഭുതപ്പെടുകയും ചെയ്തു.” പറയുന്നു: “നമ്മുടെ രാജ്യമായ ഈജിപ്റ്റിൽ ഇത്തരത്തിലുള്ള ഏർപാടും നിയന്ത്രണവും അസംഭാവ്യമാണ്. അദ്ദേഹം എത്രമാത്രം വികാരഭരിതനായിരുന്നുവെന്നാൽ ബയ്അത്തിന്റെ നേരത്ത് ഒരു വരിയിൽപോയിരുന്നു. ഇസ്തിഗ്ഫാറും അറബി വാക്യങ്ങളും ഏറ്റുപറഞ്ഞുകൊണ്ടിരുന്നു.” (ഇതിന്റെ അർഥം അദ്ദേഹം ബയ്അത്ത് ചെയ്തുവെന്നല്ല. അപ്പോഴുണ്ടായ അദ്ദേഹത്തിന്റെ കേവലമൊരു വൈകാരികാവസ്ഥയായിരുന്നു അത്). പക്ഷേ, അദ്ദേഹം പറഞ്ഞു:“എന്തായാലും ഇനി ഈ ഭാഗത്തേക്ക് ചിന്തിക്കുന്നതാണ്.”

മാധ്യമങ്ങളുടെ ശ്രദ്ധയും ഇതിലേക്ക് ഉണ്ടായി. ജൽസയുടെ അന്തരീക്ഷത്തിന്റെ സ്വാധീനത്താൽ മാധ്യമങ്ങളും ഇപ്പോൾ ഇസ്‌ലാമിനെക്കുറിച്ച് ഒരുപാട് നല്ല വാർത്തകൾ നല്കാൻ നിർബന്ധിതരായിരിക്കുന്നു.

ഫ്രാൻസീസി പത്രമായ ലിബ്റേഷന്റെ ജേർണലിസ്റ്റാണ് സോണിയ ഡലിസല്ലേ (Sonia Delesalle). അവർ തന്റെ പ്രതികരണം വിവരിച്ചുകൊണ്ട് പറയുന്നു: “ആദ്യം ഞാൻ ഇവിടെ എത്തിയപ്പോൾ എനിക്കു ബുദ്ധിമുട്ടുണ്ടായി. കാരണം ഇവിടെ പുരുഷന്മാരേയും സ്ത്രീകളേയും വെവ്വേറെയാണ് വെച്ചിട്ടുള്ളത്. പക്ഷേ, പിന്നീട് ഞാൻ ജൽസാഗാഹ് സന്ദർശിച്ചപ്പോൾ സ്ത്രീകൾക്കു പകരം പുരുഷന്മാരാണ് ഭക്ഷണം പാകം ചെയ്യുന്നതായി കണ്ടത്. പിന്നീട് സ്ത്രീകളുടെ ഭാഗത്ത് സമയം ചെലവഴിച്ചു. അപ്പോൾ എനിക്കു മനസ്സിലായി സ്ത്രീകൾക്ക് പ്രത്യേകം സൗകര്യം ചെയ്തിരിക്കുന്നതുകൊണ്ട് അവർ കൂടുതൽ സ്വതന്ത്രരാണെന്ന്. എല്ലാത്തിനെക്കാളുമുപരി സ്ത്രീകൾക്ക് അവിടെ പൂർണാധികാരമുണ്ടായിരുന്നു. അവർ എല്ലാ ജോലികളും അവരുടെ ഇഷ്ടപ്രകാരം ചെയ്തിരുന്നു.”(ഇവിടെ താമസിക്കുന്ന നമ്മുടെ ചില പെൺകുട്ടികൾ വിദ്യാഭ്യാസത്തിന്റെ പേരിലും സ്വാതന്ത്ര്യത്തിന്റെ പേരിലും തങ്ങളുടെമേൽ അക്രമം ചെയ്യപ്പെടുന്നുവെന്നാണ് മനസ്സിലാക്കുന്നത്. അന്യരായ ആളുകളും നമ്മുടെ ചുറ്റുപാട് ഇഷ്ടപ്പെടുന്നുവെന്ന് അവരും മനസ്സിലാക്കേണ്ടതാണ്.)

ബൊളീവിയ(Bolivia)നാഷണൽ ന്യൂസ് ചാനലിന്റെ ഒരു ജേർണലിസ്റ്റ് തന്റെ പ്രതികരണം അറിയിച്ചു കൊണ്ട് പറയുന്നു: “പാശ്ചാത്യർ പറയുന്നത് ഇസ്‌ലാം സ്ത്രീകളെ പിന്നിൽ നിറുത്തുന്നുവെന്നാണ്. അവർക്ക് ഒരു വിലയും നിലയുമില്ലത്രെ! എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഉന്നത വിജയം കരസ്ഥമാക്കിയ വനിതകൾക്ക് ഉപഹാരം നല്കുന്നതാണ് ഞാനിവിടെ കണ്ടത്. ഓരോ സ്ത്രീയെയും വ്യക്തിപരമായ നിലയിൽ വിളിച്ചുകൊണ്ടിരിക്കുന്നു. തിരിച്ചു ചെന്ന് ഇതിനെക്കുറിച്ച് പത്രത്തിൽ എഴുതണമെന്ന കലശലായ ആഗ്രഹം എനിക്കുണ്ടായി. ലോകത്തെ ഏതെങ്കിലും നേതാവ് സ്ത്രീകളെ മാത്രം അഭിസംബോധന ചെയ്തുകൊണ്ട് പ്രസംഗിച്ചിട്ടുണ്ടോ? ഒരിക്കലുമില്ല.”

ഒരു പത്രപ്രവർത്തക ആഗോളബയ്അത്തു നടക്കുമ്പോൾ ബയ്അത്തിന്റെ വാക്കുകൾ ഒപ്പത്തിനൊപ്പം ഉരുവിട്ടുകൊണ്ടിരുന്നു. ചോദിച്ചപ്പോൾ പറഞ്ഞു:“അപ്പോൾ എനിക്കെന്താണ് സംഭവിച്ചതെന്ന് അറിയില്ല. പക്ഷേ, എന്റെ ജീവിതത്തിൽ ഇത്തരത്തിലുള്ള അനുഭവവും വികാരങ്ങളും മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഞാൻ അനിയന്ത്രിതമായി ആ വാക്കുകൾ ഏറ്റുപറഞ്ഞുകൊണ്ടുപോയി. ഇത്തരത്തിലുള്ള പരിപാടികളിൽ വികാരങ്ങളെ ഉത്തേജിപ്പിക്കുന്നതിന് മ്യൂസിക്കുണ്ടായിരിക്കേണ്ടത് നിർബന്ധമാണെന്ന് മുമ്പേ ഞാൻ മനസ്സിലാക്കിയിരുന്നു.” പറയുന്നു:‘മ്യൂസിക് കൂടാതെ വികാരങ്ങൾ ഉത്തേജിക്കുകയേ ഇല്ല. പക്ഷേ, ആഗോള ബയ്അത്ത് നടക്കുമ്പോൾ ഈ വികാരങ്ങൾ അഹ്മദികളുടെ മനസ്സിൽനിന്ന് നേരിട്ട് പുറപ്പെടുന്നുവെന്ന് ഇപ്പോൾ എനിക്കു മനസ്സിലായി. ഒരു തരത്തിലുള്ള മ്യൂസിക്കിന്റേയും ആവശ്യം ഇവിടെ ഉണ്ടായിരുന്നില്ല.” ബൊളീവിയ(Bolivia)യിലെഒരു പത്രപ്രവർത്തകനാണ് കാർലോസ് ജാമി ഒറിയാസ് സാഹിബ് (Carlose Jamie Orias). അദ്ദേഹം പറയുന്നു: “സമാധാനം സ്ഥാപിക്കാനുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ആവേശപൂർവമായ പ്രയത്നങ്ങളാണ് എന്നെ ഏറ്റവും അധികം ആകർഷിച്ചത്. ഈ സന്ദേശം ഇക്കാലത്ത് വളരെ പ്രധാനപ്പെട്ടതും അനിവാര്യവുമാണ്. ഇപ്രകാരംതന്നെ വിവിധ ജനതകളിലേയും സംസ്കാരങ്ങളിലേയും ജനങ്ങളെ ഇസ്‌ലാം മതത്തിന്റെ യഥാർഥ അടിത്തറയിൽ സംഘടിപ്പിക്കാനുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ശ്രമവും പ്രശംസാർഹമാണ്.” ഇദ്ദേഹം പറയുന്നു: “ഇത്ര വിശാലവും വിപുലവുമായ ഏർപാടുകൾ സന്നദ്ധസേവകരുടെ സഹായത്താലാണ് ചെയ്തിട്ടുള്ളതെന്ന കാര്യവും എന്നിൽ അത്ഭുതമുളവാക്കുന്നതായിരുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് ഏതു ജോലിയും എത്ര വിഷമം പിടിച്ചതാണെങ്കിലും ഈമാനും ആത്മാർഥതയും നിസ്വാർഥവുമായ പ്രയത്നവുംകൊണ്ട് ചെയ്യാൻ കഴിയുമെന്നാണ്.” പിന്നീടു പറയുന്നു: “അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം സ്ത്രീകളുടേയും പുരുഷന്മാരുടേയും അവകാശങ്ങളേയും കടമകളേയും കുറിച്ചു പ്രസംഗിച്ചു. അതുമുഖേന എന്റെ ഒരുപാട് സംശയങ്ങൾ അകന്നു. ഈ പ്രസംഗത്തിൽനിന്ന് സ്ത്രീകളേയും പുരുഷന്മാരേയും കുറിച്ചുള്ള ഇസ്‌ലാമികാധ്യാപനങ്ങളുടെ യുക്തി എനിക്ക് കൂടുതൽ വ്യക്തമായി.” വീണ്ടും പറയുന്നു:“അഹ്മദീ സ്ത്രീകളുടെ ഉന്നതവിജയങ്ങളും ആവേശോജ്ജ്വലമായിരുന്നു. ഇതിൽനിന്ന് സ്ഥാപിതമാകുന്നത് പുരുഷനും സ്ത്രീയും ഇരുവരും ലോകത്തിന്റെ സമാധാനത്തിനായി പരിശ്രമിക്കണമെന്നാണ്. ആദ്യം കുടുംബപരമായ തലത്തിൽ, പിന്നീട് കമ്യൂണിറ്റി തലത്തിൽ, പിന്നീട് രാജ്യത്തിന്റേയും മുഴുലോകത്തിന്റേയും തലത്തിൽ.” വീണ്ടും പറയുന്നു:“സമാപന പ്രഭാഷണം അഹ്മദിയ്യാ ജമാഅത്തിന് നിർബന്ധമാണെന്നതുപോലെ മറ്റുള്ളവർക്കും മറ്റുള്ള ജനതകൾക്കും നിർബന്ധമാണ്.”

എന്തായാലും ജൽസയുടെ അന്തരീക്ഷത്തിനും ഡ്യൂട്ടി നല്കുന്നവരുടെ പ്രഭാവത്തിനും ഒരു സ്വാധീനമുണ്ട്. നീതി ബോധമുള്ളവരെ അത് ആകർഷിക്കുന്നു. ഡ്യൂട്ടി നല്കിയ എല്ലാവർക്കും അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ. ഇസ്‌ലാമിന്റെ ഈ നിശബ്ദ തബ്‌ലീഗിന്റെ ഭാഗമായി ഇതിൽ പങ്കെടുത്തവർക്കും പ്രതിഫലം നല്കുമാറാകട്ടെ. ഈ ആയിരക്കണക്കിന് പ്രവർത്തകന്മാരേയും പ്രവർത്തകകളേയും ആൺകുട്ടികളേയും പെൺകുട്ടികളേയും പുരുഷന്മാരേയും സ്ത്രീകളേയും നമ്മുടെ ദുആകളിൽ ഓർക്കേണ്ടതാണ്. ഇപ്രാവശ്യം മഴ കാരണത്താൽ ചില ഏർപാടുകളിൽ കുറവുമുണ്ടായി. അല്ലെങ്കിൽ അതുണ്ടാകുക സ്വാഭാവികമാണ്. പക്ഷേ, എന്നിട്ടും പ്രവർത്തകർ വളരെ യുക്തിദീക്ഷയോടും കഠിനാധ്വാനത്തോടും കൂടി പ്രവർത്തിച്ചു. ആ കുറവ് അറിയിച്ചില്ല. ജല വിതരണവും ചില ഘട്ടങ്ങളിൽ തടസപ്പെട്ടു. പക്ഷേ, പൊതുവെ ഏർപാടുകൾ നല്ലതായിരുന്നു. ജൽസയിൽ പങ്കെടുത്ത മിക്ക അഹ്മദികളും എനിക്കെഴുതിയ പ്രതികരണമെല്ലാം നല്ലതുതന്നെയാണ്. പക്ഷേ, ചിലരുടേത് നെഗറ്റീവായിട്ടുള്ളതുമുണ്ട്. എന്തായാലും ഞാൻ പറഞ്ഞതുപോലെ ഇത്രവലിയ താൽക്കാലികമായ ഏർപാടുകളിൽ അല്പസ്വല്പ കുറവുകൾ ഉണ്ടാകുന്നതാണ്. പക്ഷേ, സന്നദ്ധസേവനത്തിൽ ഏർപെട്ട യുവാക്കളും യുവതികളും കുട്ടികളും നമ്മുടെ നന്ദിക്കർഹരാണ്. സംഘാടകരോടും ഞാൻ പറയുകയാണ്, ചിലയാളുകളിൽനിന്ന് വന്നിട്ടുള്ള പരാതികൾ അല്ലെങ്കിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഞാൻ അത് അവർക്ക് അയക്കുകയാണ്. അത് റെഡ്ബുക്കിൽ രേഖപ്പെടുത്തുക. ഭാവിയിൽ കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കുക.

ഇപ്രകാരം മാധ്യമങ്ങളും വളരെ നല്ല കവറേജ് നല്കുകയുണ്ടായി. ജൽസ സാലാനയുമായി ബന്ധപ്പെട്ട് 358 വാർത്തകൾ സംപ്രേഷണം ചെയ്യപ്പെടുകയുണ്ടായി. അതിപ്പോൾ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഓൺലൈൻ മീഡിയാ മുഖേന 36 മില്യൺ ജനങ്ങൾവരെ സന്ദേശമെത്തി. ടിവിയിലും റേഡിയോവിലും വന്ന വാർത്തയിലൂടെ 31 മില്യണിലധികം ജനങ്ങളിലും പ്രിന്റ് മീഡിയ മുഖേന രണ്ടുമില്യൺ ജനങ്ങളിലും സന്ദേശമെത്തി. ഇതിനു പുറമെ സോഷ്യൽ മീഡിയായിലൂടെ 58 മില്യൺ ജനങ്ങളിൽ സന്ദേശമെത്തുകയുണ്ടായി. എംടിഎയുടെ ലൈവ്സ്ട്രീമിംഗി(Streaming)ലൂടെ എന്റെ സമാപന പ്രസംഗം രണ്ടരലക്ഷം ആളുകൾ കേൾക്കുകയുണ്ടായി. ഇപ്രകാരം കൃത്യമായ നിഗമനമനുസരിച്ച് 128 മില്യണിലധികം പേർക്ക് സന്ദേശമെത്തി. ഏതെല്ലാം പ്രസിദ്ധമായ മാധ്യമ ഔട്ട്ലെറ്റു(Outlets)കളാണോ ജൽസയെ സംബന്ധിച്ച് കവറേജ് നല്കിയത് അവയിൽ ബിബിസി ടിവി, ബിബിസി റേഡിയോ, ഇന്റർനെറ്റ് പത്രം, ദ ടൈംസ് പത്രം, സൺഡെ എക്സ്പ്രസ്സ്, ലണ്ടൻ സ്റ്റാന്റേർഡ്, ന്യൂയോർക്ക് ടൈംസ്, ഫൈസ്ബുക് ലൈവ്, തുടങ്ങിയവ പെടുന്നു. കൂടാതെ അസോസിയേറ്റഡ് പ്രസ്സ്, പ്രസ്സ് അസോസിയേഷൻ, സ്പാനിഷ് ന്യൂസ് ഏജൻസി ഇ എഫ് ഇ, ഇന്ത്യൻ ന്യൂസ് ഏജൻസി പി ടി ഐ, ഫ്രഞ്ച് ന്യൂസ് ലിബ്റേഷൻ, യൂണിലെഡ് (Unilad) എന്നിവയുമുണ്ട്. എന്തായാലും പ്രസ് മുഖേന ഇത്ര വിപുലമായ നിലയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഈ എല്ലാ സന്ദേശങ്ങളും, ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം എത്തി. ഇക്കാര്യത്തിലും നമ്മൾ അല്ലാഹുവിനോടു നന്ദിയുള്ളവരായിരിക്കേണ്ടതാണ്.

ആഫ്രിക്കയിലും ജൽസ സാലാനയുടെ കവറേജ് ഉണ്ടായിരുന്നു. അവിടെ എംടിഎ ആഫ്രിക്കക്ക് പുറമെ 10 ചാനലുകളിൽ ജൽസയുടെ പരിപാടികൾ കാണിക്കപ്പെട്ടു. വിവിധ രാജ്യങ്ങളിലായി 150 മണിക്കൂർ ആണ് കവറേജ് നല്കിയത്. ഈ ചാനലുകൾ മുഖേനയും ഏകദേശം 60 മില്യണിലധികം ആളുകൾക്ക് ജൽസാസാലാന പരിപാടി എത്തി. ഈ പത്തുചാനലുകൾ ആഗോള ബയ്അത്തും എന്റെ എല്ലാ പ്രസംഗങ്ങളും ലൈവ് സംപ്രേഷണം ചെയ്തു. സിയറലിയോൺ നാഷണൽ ടിവി തുടർച്ചയായി 100 മണിക്കൂർ മൂന്നു ദിവസത്തേയും ജൽസാ പരിപാടികൾ സംപ്രേഷണം ചെയ്തു. ടിവി ചാനലുകളായ ബോ(Bo)യും കെനേമ(Kenema)യും ജൽസാ പരിപാടികൾ സമ്പൂർണമായും സംപ്രേ

ഷണം ചെയ്യുന്നതിനുവേണ്ടി തങ്ങളുടെ ദേശീയ സംപ്രേഷണങ്ങൾ നിറുത്തിവച്ചു. ഇപ്രകാരം രാജ്യം മുഴുവൻ മൂന്നു ദിവസം ജൽസയിലെ പരിപാടികൾ കാണുകയും കേൾക്കുകയും ചെയ്തു. ഗാംബിയാ(Gambia)യിൽ ആദ്യമായി നാഷണൽ ടെലിവിഷൻ ജൽസയിലെ പ്രസംഗങ്ങളും മറ്റു പരിപാടികളും കാണിച്ചു.

ജൽസാസാലാനയുടെ ലൈവ് സംപ്രേഷണങ്ങൾക്കു പുറമെ ബിബിസി യുഗാണ്ട(Uganda) സവാഹിളി ഭാഷയിൽ ജൽസാസാലാനയുടെ വാർത്തകൾ സംപ്രേഷണം ചെയ്തു. ഇതും ഈ പ്രദേശത്ത് ധാരാളം കാണുന്ന ചാനലാണ്. ഏകദേശം 20 മില്യൺ ആളുകൾ ഇതു കാണുന്നു. ഘാന നാഷണൽ ടെലിവിഷനും റേഡിയോയും ന്യൂസ് സ്റ്റോറീസും മുഖേന ഏകദേശം 5 മില്യൺ ആളുകൾവരെ സന്ദേശമെത്തി. പത്രങ്ങൾ മുഖേന എല്ലാ ആഫ്രിക്കൻമാധ്യമങ്ങളും ചേർത്താൽ ജൽസസാലാനയുടെ യു.കെയുടെ വാർത്തകൾ ഏകദേശം 35 മില്യൺ ആളകുൾവരെ എത്തി.

ഇതെല്ലാം അല്ലാഹുവിന്റെ കൃപയാണ്. നമ്മുടെ ശ്രമം അതിൽ വളരെ നിസാരമാണ്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ നിസാരമായ പരിശ്രമങ്ങളിലും നമ്മുടെ പ്രസ് മീഡിയ സെക്ഷനും ഞാൻ നന്ദി പറയുകയാണ്. മറ്റു രാജ്യങ്ങളിലുള്ള പ്രസ് മീഡിയ സെക്ഷനും പ്രവർത്തിക്കുകയുണ്ടായി. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. വളരെ വിപുലമായ രീതിയിൽ ഈ വാർത്തകൾ പിന്നീട് തബ്ലീഗിന് കാരണമായിത്തീരുന്നതാണ്. ജമാഅത്ത് അറിയപ്പെടാൻ കാരണമാകുന്നതാണ്.

നമ്മൾ നമ്മുടെ ഉത്തരവാദിത്തങ്ങൾ എപ്പോഴും നിർവഹിക്കുന്നവരാകാൻ അല്ലാഹു തുണക്കുമാറാകട്ടെ. അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങളെ ആകർഷിച്ചെടുക്കുന്നതിന് ദീനിനെ ദുൻയാവിനെക്കാൾ സദാ മുന്തിച്ചുകൊണ്ട് നമ്മുടെ നിർബന്ധകടമകൾ നിർവഹിക്കുന്നവരാകട്ടെ.

ഒരുകാര്യം പറയാൻ വിട്ടുപോയി. അതുംകൂടി പറയട്ടെ. ഈ വർഷവും കഴിഞ്ഞ വർഷത്തെപോലെ കനഡയിൽനിന്ന് 350 നടുത്ത് ഖുദ്ദാം വന്നിരുന്നു. അവർ വഖാറെ അമൽ ചെയ്ത് വൈന്റപ്പിൽ (Wind up)ൽ ഭാഗഭാക്കായി. ഇപ്രാവശ്യം ഇവർ ഫ്ളൈറ്റ് ചാർട്ടേഡ് ചെയ്താണ് വന്നത്. അവർ വളരെ നല്ലവണ്ണം ജോലിചെയ്തു. നാലഞ്ചുദിവസമായി ജോലി ചെയ്യുകയായിരുന്നു. ജൽസയുടെ സമാപനം മുതൽ ഇന്നലെവരെ ജോലി ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവിന്റെ കൃപയാൽ ഒരുപാടു ജോലി ചെയ്തുതീർത്തു. അല്പസ്വല്പം ബാക്കിയുണ്ടായിരുന്നത് ഇന്ന് യു.കെ യിലെ ഖുദ്ദാം ചെയ്യുകയാണ്. എന്നല്ല ഇന്നലെമുതൽതന്നെ അത് ആരംഭിച്ചു കഴിഞ്ഞു. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. കനഡയിലെ ഖുദ്ദാം ജൽസയ്ക്കുമുമ്പേ എത്തിയതാണ്. അവർ ജൽസകേട്ടിട്ടുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കേട്ടിട്ടില്ലെങ്കിൽ വലിയ തെറ്റാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഭാവിയിൽ അവർ വരികയാണെങ്കിൽ മൂന്നുദിവസം ജൽസ കേൾക്കേണ്ടതാണ്. പിന്നീട് തങ്ങളുടെ വൈന്റപ്പ് പരിപാടികളിൽ ഭാഗഭാക്കാകുക. അല്ലാഹു ജോലികൾ ചെയ്യുന്ന എല്ലാവർക്കും പ്രവർത്തകന്മാർക്കും പ്രവർത്തകകൾക്കും പ്രതിഫലം നല്കുമാറാകട്ടെ. ഈ ജൽസയിൽ നമ്മളെന്താണോ പഠിച്ചത് അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ചില ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഒരു ജനാസ സാഹിബ് സാദി ദക്കിയ ബീഗം സാഹിബയുടേതാണ്. അവർ കേണൽ മിർസാ ദാവൂദ് അഹ്മദ് സാഹിബിന്റെ ഭാര്യയും ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബയുടേയും നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റേയും മകളുമായിരുന്നു. ജൂലായി 23 ന് രാത്രിയിൽ ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ 94-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഇവരുടെ ഭർത്താവായ സാഹിബ് സാദ മിർസാ ദാവൂദ് അഹ്മദ് സാഹിബ്, ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ മകനായിരുന്നു. ഇപ്രകാരം ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗഹിത്രിയുമായിരുന്നു; അവിടത്തെ പൗത്രന്റെ സഹധർമിണിയും. കഴിഞ്ഞ മൂന്നു നാലു വർഷമായി തീരെ സുഖമില്ലായിരുന്നു. എന്നല്ല കഴിഞ്ഞ കുറേ മാസങ്ങളായി ആശുപത്രിയിലുമായിരുന്നു. അല്ലാഹുവിന്റെ കൃപയാൽ മൂസിയ ആയിരുന്നു. അവർക്ക് 5 പെൺമക്കളായിരുന്നു. അമത്തുശ്ശാഫി സാഹിബ- മഹ്മൂദ് അഹ്മദ് ഖാൻ സാഹിബിന്റെ ഭാര്യ. ഇദ്ദേഹവും ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബയുടെ ദൗഹിത്രനായിരുന്നു. ഇപ്രകാരം തന്നെ അമത്തുന്നാസിർ, അവരുടെ ഭർത്താവ് സയ്യിദ് ശാഹിദ് അഹ്മദ് സാഹിബായിരുന്നു. അമത്തുൽ മുസവ്വിർ, ഇവർ ഡോക്ടർ നൂരിയുടെ ഭാര്യയാണ്. അമത്തുൽ മുഇസ്സ്, ഇവർ അമേരിക്കയിലെ മൻസ്സൂറുർറഹ്മാൻ സാഹിബിന്റെ ഭാര്യയാണ്. അമത്തുന്നസീർ നഗഹത്ത്, രാജ അബ്ദുൽമാലിക് സാഹിബിന്റെ ഭാര്യയാണ്. അല്ലാഹു അവരുടെ മക്കൾക്കും നന്മയിലും തഖ്‌വയിലും ഉയരാൻ തൗഫീഖ് നല്കുമാറാകട്ടെ. തങ്ങളുടെ പൂർവികരായ മഹാത്മാക്കളുടെ നന്മകളെ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. ദക്കിയ ബീഗം സാഹിബയ്ക്ക് കറാച്ചിയിൽ മുഹമ്മദലി സൊസൈറ്റിയുടെ സ്വദ്ർ ലജ്നയായും ഖിദ്മത്ത് ചെയ്യാൻ തൗഫീഖ് കിട്ടിയിരുന്നു. കോഹാട്ടിൽ താമസിക്കുന്നതിന്നിടയിലും ലജ്നയിലെ ജോലികളിൽ ഭാഗഭാക്കാകാൻ തൗഫീഖ് ലഭിച്ചു. നവാബ് അത്തുൽ ഹഫീള്ബീഗം സാഹിബ തന്റെ മക്കളെ കുറിച്ച് ഒരു ലേഖനം എഴുതുകയുണ്ടായി. അതിൽ ഇവരെ ഒരുപാട് പുകഴ്ത്തി പറഞ്ഞിട്ടുണ്ട്. നവാബ് അബ്ദുല്ലാഹ് സാഹിബ് വഫാത്തായപ്പോൾ പ്രത്യേകമായും ഇവർ തന്റെ മാതാവിനെ അസാധാരണമായ നിലയിൽ സേവിച്ചു. അവർ അത് വലുതായി സ്മരിച്ചിരിക്കുന്നു. ഡോക്ടർ നൂരി സാഹിബും എഴുതുന്നു:'ആതിഥ്യം എന്ന ഗുണം വളരെ വ്യക്തമായിരുന്നു. ഒരു വ്യത്യാസവുമില്ലാതെ എല്ലാവരേയും സൽക്കരിച്ചിരുന്നു. സ്വാഗതം ചെയ്തിരുന്നു. ഇപ്രകാരംതന്നെ ഡോക്ടർ നൂരി സാഹിബ് പറയുന്നു:ഞാൻ റിട്ടേയേർഡ് ആയതിനുശേഷം വഖ്ഫ് ചെയ്തപ്പോൾ അവരെന്നോടു പറഞ്ഞു:"ഒരു മകനുണ്ടായിരുന്നെങ്കിൽ വഖ്ഫ് ചെയ്യണമെന്നായിരുന്നു എന്റെ ആഗ്രഹം. നിന്റെ വഖ്ഫോടുകൂടി എന്റെ ആ ആഗ്രഹവും പൂർത്തിയായി. അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ.

രണ്ടാമത്തെ ജനാസ ത്വാരിഖ് മസ്ഊദ് സാഹിബ് മുറബ്ബിയുടേതാണ്. ഇദ്ദേഹം മസ്ഊദ് അഹ്മദ് ത്വാഹിർ സാഹിബിന്റെ മകനും നിളാറത്ത് ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയായിൽ മുറബ്ബിയുമായിരുന്നു. ജൂലായി 24 ന് 27-ാം വയസ്സിൽ റബ്‌വയിൽ വൈദ്യുതി ആഘാതമേറ്റ് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് ഇദ്ദേഹത്തിന്റെ പിതാവിന്റെ പിതാമഹനായ മഹർബഖ്ശ് സാഹിബ് മുഖേനയായിരുന്നു. കശ്മീരിലെ രാജോറിയുമായിട്ടായിരുന്നു ബന്ധം. മഹർബഖ്ശ് സാഹിബ് 1920-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ കൈയിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു. ത്വാരിഖ് മസ്ഊദ് സാഹിബ് തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിൽനിന്ന് 2007-ൽ മെട്രിക് പാസായതിനുശേഷം ജാമിആയിൽ പഠിച്ചു. 2016-ൽ എഫ് എ പരീക്ഷ കൊടുത്തു. 2014-ൽ ജാമിഅ പാസായി. യുവ മുറബ്ബിയായിരുന്നു. പക്ഷേ, അങ്ങേയറ്റം ആത്മാർഥനും മാന്യപ്രകൃതനും മാതാപിതാക്കളെ നോക്കുന്നയാളും സുഹൃത്തുക്കളെ സഹായിക്കുന്നയാളും ദരിദ്രരെ സഹായിക്കുന്ന വ്യക്തിയുമായിരുന്നു. തനിക്കു കിട്ടുന്ന നിസാരമായ അലൗൺസിൽനിന്നുപോലും തങ്ങളെ സഹായിച്ചിരുന്നുവെന്ന് ഒരുപാട് ദരിദ്രർ പിന്നീടു പറയുകയുണ്ടായി. ഒരു ദിവസം കഴിഞ്ഞ് അദ്ദേഹത്തിന്റെ വിവാഹം നടക്കാനിരുന്നതാണ്. പക്ഷേ, അതിനുമുമ്പേ അല്ലാഹു തന്നിലേക്ക് വിളിച്ചു. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. മർഹൂം മൂസിയായിരുന്നു. സന്തപ്ത കുടുമ്പാംഗങ്ങളിൽ മാതാപിതാക്കൾക്കു പുറമെ മൂന്നു സഹോദരന്മാരും ഇശ്ഫാഖ് അഹ്മദ് സഫർ, സർഫറാസ് അഹ്മദ് ജാവേദ് സാഹിബ്, അത്വാഉർറഹീം സാഹിബ്, ഒരു സഹോദരി ഫൗസിയ മസ്ഊദ് സാഹിബയുമുണ്ട്. ഇദ്ദേഹത്തിന്റെ മാതാവ് എഴുതുന്നു:'ചന്ദകളിൽ അത്യുത്സാഹത്തോടെ പങ്കെടുത്തിരുന്നുവെന്ന് മാത്രമല്ല ഞങ്ങളേയും ചന്ദയിൽ ഭാഗഭാക്കാകാൻ ഉപദേശിക്കാറുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് പറയുന്നു:'ഖിലാഫത്തിനോടു അങ്ങേയറ്റം സ്നേഹം പുലർത്തുന്ന ആളായിരുന്നു. വളരെ നല്ല മനുഷ്യനായിരുന്നു. ജമാത്തായിട്ടുള്ള നമസ്കാരം ശീലമായിരുന്നു. മുറബ്ബിയാകുന്നതിനു മുമ്പേയും കുടുംബക്കാരോടു നമസ്കരിക്കാൻ ഉപദേശിക്കുമായിരുന്നു. പറയുന്നു: സുബ്ഹി നമസ്കാരത്തിനുശേഷം വന്ന് കൃത്യമായി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. അവ കണ്ടുകൊണ്ട് ഞങ്ങൾക്കും ഞങ്ങളുടെ ബലഹീനതകളിൽ ലജ്ജ തോന്നുമായിരുന്നു. വളരെ സ്നേഹത്തോടെ പെരുമാറുന്നവനും അനുസരണ ശീലമുള്ള മകനുമായിരുന്നു. വീട്ടുകാരോടും മാതാപിതാക്കളോടും ഒരിക്കലും ഭിന്നിച്ചിട്ടില്ല. ഭിന്നിപ്പുണ്ടായാൽത്തന്നെ വളരെ മാർദവത്തോടെ മനസ്സിലാക്കിത്തരുമായിരുന്നു. ഖിലാഫത്തിനോടു അഭിമാനം കൊള്ളുന്നവനായിരുന്നു. ജമാഅത്ത് വ്യവസ്ഥിതിയ്ക്കോ ഖിലാഫത്ത് വ്യവസ്ഥിതിക്കോ എതിരെ എന്തെങ്കിലും കേട്ടാൽ ക്ഷണത്തിൽ അത് തടയുമായിരുന്നു. അവർ നിറുത്തുന്നില്ലെങ്കിൽ അവിടെ നിന്ന് എഴുന്നേറ്റ് പൊയ്ക്കളയുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മാതാപിതാക്കൾക്കും ക്ഷമയും സഹിഷ്ണുതയും പ്രദാനം ചെയ്യുമാറാകട്ടെ.

മൂന്നാമത്തെ ജനാസ ശക്കീൽ അഹ്മദ് മുനീർ സാഹിബിന്റേതാണ്. അദ്ദേഹം ആസ്ത്രേലിയായിലെ മുൻ മിഷണറി ഇൻചാർജായിരുന്നു. ഇപ്പോൾ കറാച്ചിയിലായിരുന്നു. ജൂലായി 31 ന് 85-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന് വിശുദ്ധ ഖുർആൻ മാവോറി (Maori)ഭാഷയിൽ തർജമ ചെയ്യാൻ തൗഫീഖ് കിട്ടി. ഇന്ത്യലെ ബീഹാർ സംസ്ഥാനത്തിലെ

മോംഗേർ വാസിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഹക്കീം ഖലീൽ അഹ്മദ് സാഹിബ് ബീഹാറിലെ ആദ്യ കാല അഹ്മദികളിൽപ്പെട്ടയാളായിരുന്നു. ഇദ്ദേഹം 1906-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിരുന്നു. പക്ഷേ, നേരിട്ട് ബയ്അത്ത് ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഇദ്ദേഹത്തിന്റെ പിതാവിനും നാളിർ തഅ്ലീം ഖാദിയാൻ എന്ന നിലയിൽ 10 വർഷം സേവനം ചെയ്യാൻ തൗഫീഖ് കിട്ടിയിരുന്നു. ശക്കീൽ മുനീർ സാഹിബ് പ്രാഥമിക വിദ്യാഭ്യാസം തഅ്ലീമുൽ ഇസ്‌ലാം കോളേജ് ഖാദിയാനിൽനിന്നും ലാഹോറിൽനിന്നും കരസ്ഥമാക്കി. പിന്നീട് ഡാക്കയിൽ നിന്ന് എം എസ് സി ഫിസിക്സിൽ ഡിഗ്രിയെടുത്തു. പിന്നീട് വിദ്യാഭ്യാസവകുപ്പുമായി ബന്ധപ്പെട്ടുനിന്നു. ഉദ്യോഗത്തിന്റെ സിംഹഭാഗവും പശ്ചിമാഫ്രിക്കൻ രാജ്യങ്ങളിൽ കഴിച്ചുകൂട്ടി. ഇതിന്നിടയിൽ ദീനി സേവനവും ചെയ്തുകൊണ്ടിരുന്നു. നൈജീരിയായിലെ ഫെഡറൽ മിനിസ്റ്ററി ഓഫ് എജ്യുക്കേഷനിൽ ചീഫ് എജ്യുക്കേഷൻ ഓഫീസർ എന്ന നിലയിൽ ഉദ്യോഗം വഹിച്ചു. അഹ്മദിയ്യാ മിഷൻ വാരി (Warri) നൈജീരിയായുടെ പൂർവസ്റ്റേറ്റുകളുടെ 8 വർഷംവരെ റീജ്യണൽ സ്വദ്റായിരുന്നു. ഇദ്ദേഹവും ഇദ്ദേഹത്തിന്റെ ഭാര്യയും നുസ്റത്ത് ജഹാൻ അക്കാഡമി വാ (Wa)യ്ക്ക് സമാരംഭം കുറിച്ചു. അത് നുസ്റത്ത് ജഹാൻ സ്കീമിന്റെ കീഴിൽ തുടങ്ങുന്ന ആദ്യ സ്കൂളിന്റെ, കോളേജിന്റെ സ്ഥാപനമായിരുന്നു. അദ്ദേഹത്തിന് തബ്ലീഗ് ചെയ്യാനും വളരെ താൽപര്യമായിരുന്നു. നൈജീരിയായിൽ വിജയകരമായ രണ്ട് സർവമത സിംപോസിയും സംഘടിപ്പിക്കുകയുണ്ടായി. ഇവിടെത്തെ താമസത്തിന്നിടയിൽ അദ്ദേഹം ഇസ്‌ലാമും ക്രിസ്തുമതവും എന്ന പേരിൽ ധാരാളം ഗ്രന്ഥങ്ങളെഴുതി. അദ്ദേഹം എഴുതിയ ചില ഗ്രന്ഥങ്ങൾ ഇവയാണ്: Shroud and other discoveries, Islam in Spain, The reform taleem-el-islam coursebook, about Jesus. നൈജീരിയായിൽ സ്വന്തം ചെലവിൽ ഒരു മിഷൻ ഹൗസും അദ്ദേഹം നിർമിച്ചിരുന്നു. ഒരു സ്വപ്നത്തിന്റെ ഫലമായി തന്നെ അദ്ദേഹം വഖ്ഫിനായി സമർപ്പിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അദ്ദേഹത്തിന്റെ വഖ്ഫ് സ്വീകരിച്ചു. അദ്ദേഹത്തെ ആസ്ത്രേലിയായുടെ ആദ്യ അമീറും മിഷണറി ഇൻചാർജുമായി നിയോഗിച്ചു. അങ്ങനെ 1985 ജൂലായി 5 ന് ആസ്ത്രേലിയായിലേക്കു പോയി. ആസ്ത്രേലിയായിൽ അദ്ദേഹത്തിന് വിസയെടുക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. മുസ്‌ലിം മുബല്ലിഗിന് വിസ കൊടുക്കുമായിരുന്നില്ല. എന്തായാലും അവിടെത്തെ ഡോക്ടർ ഇഅ്ജാസുൽ ഹഖ് സാഹിബിന്റെ പരിശ്രമം കൊണ്ട് അദ്ദേഹത്തിന് വിസയും കിട്ടി. അദ്ദേഹം ജോലി തുടങ്ങുകയും ചെയ്തു. ആസ്ത്രേലിയായിലെ മനോഹരമായ ബയ്ത്തുൽ ഹുദാ മസ്ജിദ് നിർമാണത്തിൽ അദ്ദേഹത്തിന് വലിയ കൈയാണുള്ളത്. 1983 സെപ്റ്റംബർ 30 ന് ഈ മസ്ജിദിന് ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിയാണ് അസ്തിവാരമിട്ടത്. പിന്നീട് അതിന്റെ നിർമാണം സാമ്പത്തിക വിഷമം ഉണ്ടായിട്ടും കഠിനാധ്വാനത്തോടെ അദ്ദേഹം ചെയ്യിച്ചു. വഖാറെ അമലിലൂടെ ധാരാളം നിർമാണ പ്രവർത്തനങ്ങൾ നടന്നു. സ്വയവും വഖാറെ അമൽ ചെയ്തു. എന്നല്ല നി ർമാണ പ്രവർത്തനിത്തിന്നിടെ ഒരിക്കൽ ഗോ വണിയിൽനിന്ന് താഴെ വീഴുകയും അദ്ദേഹത്തിന്റെ തോളെല്ല് പൊട്ടുകയും ചെയ്തു. പക്ഷേ, എന്നിട്ടും അദ്ദേഹം മസ്ജിദിന്റെ ജോലി തുടർന്നു. വളരെ മനോഹരവും വലുതുമായ ഒരു മസ്ജിദ് അവിടെ ഉണ്ടായി. ഇദ്ദേഹം അവിടെച്ചെന്നപ്പോൾ ഒരു സ്ഥലവുമുണ്ടായിരുന്നില്ല. ജമാഅത്ത് വാങ്ങിയ സ്ഥലത്ത് ഒരു ടിന്നിന്റെ ഷഡ്ഡാണ് ഉണ്ടായിരുന്നത്. ആ ഷഡ്ഡിൽ ഒരു ഭാഗത്താണ് നമസ്കരിച്ചിരുന്നത്. മറ്റേ ഭാഗത്ത് ടിന്നിന്റെ മേൽക്കൂരയിട്ട്, തുണിയുടെ മേൽക്കൂരയിട്ട് ഭാര്യയും ഭർത്താവും താമസിച്ചിരുന്നു. അദ്ദേഹം അവിടെ കഴിച്ചുകൂട്ടി. വലിയ ത്യാഗം ചെയ്തു. 1991-ൽ വീണ്ടും അദ്ദേഹം നൈജീരിയായിൽ നിയമിതനായി. ലാറോ(llaro)യിൽ ജാമിഅ അഹ്മദിയ്യാ പ്രിൻസിപ്പാളായി സേവനം ചെയ്തുകൊണ്ടിരുന്നു. 1989-ൽ അഹ്മദിയ്യാ ജമാഅത്തിന്റെ ശതവാർഷിക ജൂബിലിയുടെ അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തിരഞ്ഞെടുത്ത ഖുർആൻ വചനങ്ങൾ ലോകത്തിലെ 100 ഭാഷകളിൽ പരിഭാഷപ്പെടുത്താൻ ആഹ്വാനം ചെയ്തു. മാവോറി ഭാഷയിലെ പരിഭാഷ ആസ്ത്രേലിയ ജമാഅത്തിനെയാണ് ഏല്പിച്ചിരുന്നത്. തർജമയുടെ നിലവാരം നോക്കിയപ്പോൾ അത് നല്ലതല്ല എന്ന് കണ്ടെത്തി. എന്നല്ല ഇദ്ദേഹം പറയുന്നു, ബിസ്മില്ലാഹിർ റഹ്മാനിർറഹിം എന്നതിന്റെ തർജമ മാവോറി ഭാഷയിൽ ചെയ്യിച്ചപ്പോൾ അതിന് In the name of Jesus എന്നാണ് ചെയ്തിരുന്നത്. അപ്പോൾ ഇദ്ദേഹം ഖലീഫത്തുൽ മസീഹിനോടു ഈ പരിഭാഷ ശരിയല്ലെന്ന് പറയുകയുണ്ടായി. പിന്നീട് ആ വാർധക്യത്തിൽ ഇദ്ദേഹം സ്വയം ഭാഷ പഠിച്ചു. തർജമ പൂർത്തിയാക്കുകയും ചെയ്തു. 2013-ൽ ഞാൻ ന്യൂസ്‌ലാന്റിൽ പോയപ്പോൾ മാവോരിഭാഷയിലുള്ള വിശുദ്ധ ഖുർആനിന്റെ തർജമ അവിടത്തെ മാവോരി രാജാവിന് സമർപിക്കുകയുണ്ടായി. ഈ പരിപാടിയിലും ഇദ്ദേഹം പങ്കെടുത്തിരുന്നു. വലിയ വിനയനും നിസ്വാർഥനുമായിരുന്നു. ജ്ഞാനിയാണെന്നുള്ള പൊങ്ങച്ചമൊന്നും ഉണ്ടായിരുന്നില്ല. താൻ വിശുദ്ധ ഖുർആനിന്റെ തർജമ ചെയ്തുവെന്ന വലുപ്പത്തരവുമുണ്ടായിരുന്നില്ല. തനിക്കെന്തെങ്കിലും സ്ഥാനം ലഭിക്കണമെന്നുമുണ്ടായിരുന്നില്ല. ഭൗതിക സമ്പത്തും അദ്ദേഹം ഒരുപാട് സമ്പാദിച്ചു. അലവൻസൊന്നും കൂടാതെ ഇദ്ദേഹം മിഷണറി പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. അല്ലാഹു ഇദ്ദേഹത്തെ കാരുണ്യത്തിൽ മുക്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ഭാര്യയ്ക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. ഭാവിയിലും അല്ലാഹു നമുക്ക് ത്യാഗം ചെയ്യാൻ സന്നദ്ധരായ നിസ്വാർഥരും വിനയരുമായ ഇത്തരം മിഷണറിമാരെ നല്കുമാറാകട്ടെ.

---

പേജ് 12ൽ നിന്ന്

നത്തിന്റെ സന്തോഷവാർത്തയും കേൾപ്പിച്ചിരക്കുന്നു. സാമ്പത്തികമായ ത്യാഗങ്ങളിലൂടെ അല്ലാഹുവിന്റെ ഈ എല്ലാ കൃപാവരങ്ങളും അല്ലാഹുവിന്റെ വഴിയിൽ ചെലവുചെയ്യുന്ന യോദ്ധാവിന് ലഭിക്കുന്നുവെന്ന് പ്രകടമാണ്. അവന്റെ സഞ്ചികൾ ഇഹലോകത്തും പരലോകത്തും ഈ നിഅ്മത്തുകൾകൊണ്ട് നിറഞ്ഞിരിക്കുന്നതാണ്. ഇതേ വിഷയത്തെ കുറിച്ച് മറ്റൊരു വചനത്തിലുമുണ്ട്.......'

إِنَّ اللّٰهَ اشْتَرٰى مِنَ الْمُؤْمِنِيْنَ أَنْفُسَهُمْ
وَأَمْوَالَهُمْ بِأَنَّ لَهُمُ الْجَنَّةَ

'വിശ്വാസികളിൽ നിന്ന് അവർക്കു സ്വർഗമുണ്ട് എന്ന ഉറപ്പിന്മേൽ അല്ലാഹു അവരുടെ ജീവനും ധനവും വിലക്കു വാങ്ങിയിരിക്കുന്നു."(9:111) സ്വാദിഖുൽ വഅ്ദായ അല്ലാഹുവിൽനി ന്ന് ഏതൊരു മനുഷ്യനാണോ അനശ്വരമായ സ്വർഗ്ഗത്തെ കുറിച്ച് സുവാർത്ത ലഭിക്കുന്നത് അവൻ തീർച്ചയായും തന്റെ ജീവിതലക്ഷ്യം പ്രാപിച്ചിരക്കുന്നു. ഇതേ വചനത്തിന്റെ അവസാന ഭാഗത്ത് സാമ്പത്തിക ത്യാഗം ചെയ്യുന്ന യോദ്ധാക്കൾക്ക് എത്രമാത്രം ഖണ്ഡിതമായ വാക്കുകളിലാണ് സുവാർത്ത നൽകിയിരിക്കുന്നതെന്നാൽ, അല്ലാഹു പറയുന്നു:
രക്തം വിയർപ്പാക്കി അധ്വാനിച്ചുണ്ടാക്കിയ ഹലാലായ രിസ് ഖിനെ എന്റെ തൃപ്തിക്കുവേണ്ടി ബലിയർപിക്കുന്നവരേ! ഞാൻ നിങ്ങളോടു പറയുന്നു:

فَاسْتَبْشِرُوْا بِبَيْعِكُمُ الَّذِيْ بَايَعْتُمْ بِهٖ
وَذٰلِكَ هُوَ الْفَوْزُ الْعَظِيْمُ

(ഞാനുമായി)"നിങ്ങൾ നടത്തിയിട്ടുള്ള ഈ വ്യാപാരത്തിൽ സന്തുഷ്ടരാവുക. അതു തന്നെയാണ് മഹത്തായ വിജയം."
നമ്മുടെ പരമകാരുണികനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ എത്ര വലിയ ഔദാര്യമാണ് നമ്മുടെ മേലുള്ളത്. അവൻ നമ്മെ സൃഷ്ടിച്ചു. അവൻ ജീവിതം നൽകി. അവൻതന്നെ ധനം സമ്പാദിക്കാനുള്ള ശക്തിയും കഴിവും നൽകി. അവന്റെതന്നെ കൃപയും അവന്റെതന്നെ ദയയുംകൊണ്ട് സമ്പാദിച്ച പണത്തിന്റെ ഒരു ഭാഗം അവനുവേണ്ടി ബലിയർപിക്കുമ്പോൾ ആ ദയാപരനായ അല്ലാഹു എത്രമാത്രം സന്തോഷിക്കുന്നുവെന്നാൽ, അവൻ സ്വർഗത്തിന്റെ സുവാർത്ത അറിയിക്കുന്നു. നിസ്സംശയം! ഒരു വിശ്വാസിയായ ദാസന് ഇതിൽപരം മഹത്തായ വിജയം എന്ന് വിളിക്കാവുന്ന മറ്റെന്ത് അനുഗ്രഹമാണ് വേണ്ടത്.
ദൈവമാർഗത്തിൽ ചെലവു ചെയ്യാനും ഈ സൽപ്രവർത്തനത്തിൽ ആലസ്യവും മടിയും കാണിക്കുന്നതിൽനിന്ന് രക്ഷപ്പെടാനും ശക്തമായ താക്കീതു ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു

يَا أَيُّهَا الَّذِيْنَ آمَنُوْا أَنْفِقُوْا مِمَّا رَزَقْنٰكُمْ
مِّنْ قَبْلِ أَنْ يَّأْتِيَ يَوْمٌ لَّا بَيْعٌ فِيْهِ وَلَا خُلَّةٌ
وَّلَا شَفَاعَةٌ وَالْكٰفِرُوْنَ هُمُ الظّٰلِمُوْنَ

"വിശ്വസിച്ചവരേ! ക്രയവിക്രയമോ മൈത്രീബന്ധമോ ശിപാർശയോ ഇല്ലാത്ത ഒരുനാൾ വരുന്നതിനുമുമ്പേ നാം നിങ്ങൾക്ക് നൽകിയിട്ടുള്ളതിൽനിന്ന് നിങ്ങൾ ചെലവു ചെയ്യുക.(ഈ കല്പന നിഷേധിക്കുന്നവർ തന്നെയാണ് അധർമകാരികൾ.
ഇവിടെ അല്ലാഹുവിന്റെ വഴിയിൽ ചെലവു ചെയ്യാത്തവൻ അക്രമിയാണെന്ന് അല്ലാഹു നിശ്ചയിച്ചിരിക്കുന്നുവെന്ന പോയന്റ് സ്മരണാർഹമാണ്. പരലോകത്തു കിട്ടുന്ന മഹത്തായ വിജയത്തിന് പകരമായി ഇഹലോകത്തിലെ സന്താഷത്തിലും സുഖത്തിലും പ്രാധാന്യം കൽപ്പിക്കുന്ന വ്യക്തി ഏറ്റവും വലിയ അക്രമിയല്ലെങ്കിൽ മറ്റെന്താണ്. *(തുടരും)*

---

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

പേജ് 2ൽ നിന്ന്

വഖ്ഫെനൗ എന്ന അനുഗൃഹീത പദ്ധതിയിലെ അംഗങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ സ്ഥാപനത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 32 മുറബ്ബിമാരെ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ സവിധത്തിൽ സമർപ്പിക്കാനുള്ള സൗഭാഗ്യം ലഭിക്കുകയുണ്ടായി. അല്ലാഹുവിനാൽ നൽകപ്പെട്ട സൗഭാഗ്യത്തിന്റേയും ഹുദൂർ തിരുമനസ്സിന്റെ മാർഗദർശനത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഏഴ് വർഷത്തിനുള്ളിൽ നിർണ്ണയിക്കപ്പെട്ട പാഠ്യവിഷയങ്ങൾ കൂടാതെ വൈജ്ഞാനിക, കായിക മൽസരങ്ങളും വിവിധ വ്യക്തികളുടെ വൈജ്ഞാനിക അനുഭവ വെളിച്ചത്തിലുള്ള ക്ലാസ്സുകളും മുഖേന ഈ വിദ്യാർഥികളുടെ വൈജ്ഞാനിക കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുകയുണ്ടായി. മതതാരതമ്യ പഠനത്തിലെ ക്ലാസുകൾക്ക് പുറമെ വിദ്യാർഥികളെ വിവിധ മതകേന്ദ്രങ്ങളിൽ അയച്ച് പ്രസ്തുത മതങ്ങളുടെ രീതികളെ നേരിട്ട് മനസ്സിലാക്കി തങ്ങളുടെ അറിവുകളെ വർദ്ധിപ്പിക്കുന്നതിനുള്ള അവസരവും നൽകുകയുണ്ടായി. ഇത് സംബന്ധമായി ക്രിസ്ത്യാനികളുടേയും യഹൂദരുടേയും കേന്ദ്രങ്ങളിൽ അവരുടെ സന്ദർശനം ഏർപ്പെടുത്തുകയുണ്ടായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ രാജ്യത്തിലെ മാധ്യമ വിഭാഗമായിട്ടും ജാമിഅയ്ക്ക് നല്ല ബന്ധമാണുള്ളത്. സമയാസമയങ്ങളിൽ ടിവിയിലും, റേഡിയോവിലും, അച്ചടി മാധ്യമങ്ങളിലും റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. ഇത് സംബന്ധമായി കഴിഞ്ഞ ദിവസങ്ങളിൽ ജർമനിയുടെ പ്രസിദ്ധ ടിവി ചാനലായ ZDF അവരുടെ ഒരു പരിപാടിക്കായി മൂന്ന് വലിയ മതങ്ങളുടെ (ഇസ്‌ലാം, യഹൂദമതം, ക്രിസ്തുമതം) പണ്ഡിതന്മാരെ ഉൾപ്പെടുത്തി ഒരു ഡോക്യുമെന്ററി തയ്യാറാക്കുകയുണ്ടായി. അതിൽ ഹുദൂർ തിരുമനസിനാൽ നടപ്പെട്ട ഈ തോട്ടത്തിൽ നിന്ന്, ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യാൻ സാദിഖ് അഹ്മദ് ഭട്ട് എന്ന വിദ്യാർഥി തിരഞ്ഞെടുക്കപ്പെട്ടു. 45 മിനിറ്റുള്ള പ്രസ്തുത ഡോക്യുമെന്ററിയിൽ ഏകദേശം മൂന്നിലൊന്ന് ഭാഗം ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥിയെ കുറിച്ചായിരുന്നു. ടിവി ചാനലിന്റെ സംഘാടകരുടെ അഭിപ്രായത്തിൽ 19 ലക്ഷം ആളുകൾ ഈ പരിപാടി വീക്ഷിക്കുകയുണ്ടായി. പിന്നീട് ഇതേ പരിപാടി മറ്റൊരു ടിവി ചാനലായ 3Sat ലും ഒരാഴ്ചയുടെ ഇടവേളയിൽ സംപ്രേഷണം ചെയ്യുകയുണ്ടായി.

വിദ്യാർഥികൾ വിദ്യാഭ്യാസത്തോടൊപ്പം കർമ പരിശീലനത്തിനായി ജർമനിയ്ക്കു പുറമെ മറ്റ് രാജ്യങ്ങളിലും വഖ്ഫെ ആർസി ചെയ്യാറുണ്ടായിരുന്നു. അതിൽ കബാബീർ, സ്വീഡൻ, യു.കെ തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെടുന്നു. കൂടാതെ ജർമനിയുടെ Tagder Offnen Tur ന്റെ അവസരത്തിൽ തബ്‌ലീഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ മുഴുവൻ ജർമനിയിലുമുള്ള വിവിധ ജമാഅത്തുകളിൽ ഡ്യൂട്ടിയും നൽകിക്കൊണ്ടിരുന്നു.

ഹുദൂർ തിരുമനസിന്റെ നിർദേശാടിസ്ഥാനത്തിൽ ഖാമിസക്ലാസിലുള്ള വിദ്യാർഥികൾക്ക് യു കെ ജാമിഅയിലെ ക്ലാസിലുള്ള വിദ്യാർഥികളുമായി അഭിപ്രായങ്ങൾ കൈമാറുന്നതിനുള്ള പദ്ധതിയും ഈരണ്ട് ആഴ്ച കൂടുമ്പോൾ നടന്നു വരുന്നുണ്ട്. തൽഫലമായി വിദ്യാർഥികൾക്ക് ഹുദൂർ തിരുമനസിന്റെ പരിശുദ്ധ സാമീപ്യം ലഭ്യമാകുന്നതിനു പുറമെ പരസ്പരം പരിചയപ്പെടുന്നതിനും മറ്റുള്ളവരുടെ അവസ്ഥകൾ കാണുന്നതിനും മനസ്സിലാക്കുന്നതിനും അതിൽ നിന്ന് ഫലം എടുക്കുന്നതിനുമുള്ള അവസരവും ലഭിക്കുന്നു.

മറ്റു ജാമിഅയിലെ വിദ്യാർഥികളെപോലെ ജർമനിയിലെ ജാമിഅ അഹ്മദിയ്യായിലെ വിദ്യാർഥികൾക്ക് എം.ടി.എ യിലെ പരിപാടികളിൽ പങ്കെടുക്കുന്നതിനോടൊപ്പം ചില പരിപാടികളിൽ സാങ്കേതിക സഹായം ചെയ്യുന്നതിനുള്ള അവസരവും ലഭിക്കുന്നുണ്ട്.

പാഠ്യപദ്ധതിയിലുള്ള പ്രവർത്തനങ്ങൾക്കു പുറമെ നഗരഭരണ നിർവഹണ സമിതിയുമായും ജാമിഅയ്ക്ക് നല്ല അടുപ്പമാണുള്ളത്. അവർ ആവശ്യപ്പെടുമ്പോഴെല്ലാം ജാമിഅയിലെ വിദ്യാർഥികളും ഉസ്താദുമാരും സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കാറുണ്ട്. അഭയാർഥികൾ വന്ന സമയത്ത് ഒരു ഭാഗത്ത് പരിഭാഷയുടെ കാര്യത്തിൽ സംഘാടകർക്ക് സഹായകരമായതോടൊപ്പം അഭയാർഥികളുടെ സഹായത്തിനായി ജാമിആയിലെ മറ്റ് സാധനസാമഗ്രികളും 2000 യൂറോ പണമായും നൽകുകയുണ്ടായി. നഗരത്തെ ശുചിയാക്കുന്ന കാര്യത്തിലും രക്തദാന ക്യാമ്പിന്റെ കാര്യത്തിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജാമിആയിലെ വിദ്യാർഥികൾ മുൻനിരയിലുണ്ടാകുന്നു. കഴിഞ്ഞ വർഷം ജാമിആയിലും രക്തദാന ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. അതിൽ ജാമിആയിലെ 59 വിദ്യാർഥികൾ രക്തദാനം നടത്തി. നിരന്തരമായി 10 തവണ രക്തദാനം ചെയ്ത കാരണത്താൽ അഖീൽ അഹ്മദ് സാഹിബ് എന്ന വിദ്യാർഥിയെ നഗരത്തിന്റെ ഭരണ കർത്താക്കൾ ഉപഹാരം നൽകി ആദരിക്കുകയുണ്ടായി. നടപ്പു വർഷത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് 174 വിദ്യാർഥികളും അദ്ധ്യാപകരും ജാമിഅ അഹ്മദിയ്യ സന്ദർശിക്കുകയുണ്ടായി. ഈ വർഷം വിവിധ സന്ദർഭങ്ങളിലായി മൊത്തം 441 അനഹ്മദികളും അമുസ്‌ലിംകളും ജാമിആയിൽ വരികയുണ്ടായി. അതിൽ ജർമൻ, അറബ് തുടങ്ങിയ മറ്റു സമുദായങ്ങളിൽ നിന്നുള്ളവരും ഉൾപ്പെടുന്നു. അതുപോലെ ജമാഅത്തിലെ വിവിധ സംഘങ്ങളിൽപെട്ട 180 ആളുകൾ ജാമിഅ സന്ദർശിക്കുന്നതിനായി വന്നിരുന്നു. അതിൽ വലിയൊരു സംഖ്യ വാഖ്ഫീനെനൗ അംഗങ്ങളായിരുന്നു. ശാഹിദ് ക്ലാസിലുള്ള വിദ്യാർഥികൾ തങ്ങളുടെ പഠന സംരംഭം നിലനിറുത്തിക്കൊണ്ട് ഏഴാം വർഷം ഹുദൂർ തിരുമനസ് അംഗീകരിച്ച വിഷയങ്ങളിൽ ഉപന്യാസം എഴുതുകയുമുണ്ടായി. ഹുദൂറിന്റെ അനുമതിയോടെ അവ പരിശോധിക്കുന്നതിനായി വിവിധ വ്യക്തികൾക്ക് അയച്ചു കൊടുത്തിരുന്നു. പരിശോധനയ്ക്കു ശേഷം ഉപന്യാസത്തിന്റെ ഇന്റർവ്യൂവും നടന്നു. പ്രസ്തുത ഇന്റർവ്യൂയിൽ ജർമനിയ്ക്കു പുറമെ ഫ്രാൻസ്, യു.കെ, സ്വിറ്റ്സർലാന്റ് എന്നിവിടങ്ങളിലെ പരിശോധകരും ഉൾപ്പെട്ടിരുന്നു.

2016 ൽ ശാഹിദ് ക്ലാസ് പരീക്ഷയ്ക്കായി ഹുദൂറിന്റെ നിർദേശാനുസരണം ജർമനിയിലെയും യു.കെയിലെയും ജാമിആയിലെ ചില പണ്ഡിതന്മാർ ചോദ്യാവലി തയ്യാറാക്കുകയും അവർതന്നെ പിന്നീട് ഉത്തരക്കടലാസ് പരിശോധിക്കുകയും ചെയ്തു.

2016 മെയ് മാസത്തിൽ ഹുദൂർ നിർണയിച്ച അഞ്ചംഗ ബോർഡ് വിദ്യാർഥികളുടെ അവസാന ഇന്റർവ്യൂ എടുക്കുകയുണ്ടായി. ഈ എല്ലാ പരീക്ഷകളുടെയും ഫലങ്ങൾ കൂടെക്കൂടെ ഹുസൂറിന് അവലോകനത്തിനും അംഗീകാരത്തിനുമായി അയച്ചുകൊണ്ടിരുന്നു.

ഹുദൂർ തിരുമനസ്സിന്റെ ദുആയാലും അല്ലാഹുവിന്റെ പ്രത്യേക കൃപയാലും എല്ലാ വിദ്യാർഥികളും പരീക്ഷകളിലും, ഉപന്യാസത്തിലും ഇന്റർവ്യൂകളിലും വിജയിക്കുകയുണ്ടായി. അൽഹംദുലില്ലാഹ് അലാദാലിക.

മറ്റു കായിക ഇനങ്ങൾക്കു പുറമെ വിദ്യാർഥികൾക്ക് ഹൈക്കിങ്ങിനുള്ള അവസരവും ലഭിക്കുകയുണ്ടായി. ശാഹിദ് ക്ലാസിലുള്ള വിദ്യാർഥികൾക്ക് പരീക്ഷയ്ക്കുശേഷം പാഠ്യഭാഗങ്ങളോടൊപ്പം ഏതാനും പ്രവർത്തന പരിശീലനങ്ങളും നൽകപ്പെടുന്നുണ്ട്. അതിൽ ഭക്ഷണം പാകം ചെയ്യുക, വൈദ്യുതിയുമായി ബന്ധപ്പെട്ട ചില ജോലികൾ, ഹോമിയോപ്പതിയെ പരിചയപ്പെടുത്തൽ, വാഹനങ്ങളുടെ ചില അടിസ്ഥാന പണികളെ കുറിച്ചുള്ള ബോധവൽക്കരണം എന്നിവ ഉൾപ്പെടുന്നു.

പ്രിയപ്പെട്ട ഹുദൂർ! ജാമിആയിലെ പഠനങ്ങളും ഉസ്താദുമാരുടെയും സംഘാടകരുടെയും പരിശ്രമങ്ങളും ഉണ്ടെന്നുള്ളത് ശരിതന്നെ. എന്നാലും യാഥാർഥ്യം ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ്(റ) പറഞ്ഞത് തന്നെയാണ്. അദ്ദേഹം പറയുന്നു, "ഞാൻ വിശുദ്ധഖുർആനും പഠിച്ചിട്ടുണ്ട്, മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ കീഴിൽ ഹദീഥും മനസ്സിലാക്കിയിരുന്നു. എന്നാൽ, വിശ്വാസത്തിൽ ഇന്നുള്ള ആ തിളക്കവും ദൈവിക ജ്ഞാനത്തിന്റെ പ്രകാശത്തിലുള്ള പുരോഗതിയും അന്നുണ്ടായിരുന്നില്ല. അതിനാൽ ഞാനെന്റെ സുഹൃത്തുക്കളോട് എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുന്നു: "ഓർത്തുകൊള്ളുക, അല്ലാഹുവിന്റെ ഈ പ്രതിനിധിയെ ദർശിക്കാതെ സ്വഹാബാക്കളുടേതുപോലുള്ള ജീവസുറ്റ വിശ്വാസം ലഭ്യമാകുന്നതല്ല." (താരീഖെ അഹ്മദിയ്യത്ത്: വാള്യം 1, പേജ് 342)

ഹദ്റത്ത് അൽ മുസ്‌ലിഹ് മൗഊദ്(റ) ഈ യാഥാർഥ്യത്തിലേക്ക് ജമാഅത്തിന്റെ ശ്രദ്ധ തിരിച്ചുകൊണ്ട് പറയുന്നു; "മുമ്പേ വരുന്നവരിൽ ഒരു ആത്മീയ പ്രഭാവം പതിക്കുന്നു. അതിനെ എല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ദുആയ്ക്കു പുറമെ ഹൃദയത്തിന്റെ ഒരു പ്രഭാവവുമുണ്ട്. അതു മുഖേന ധാരാളം പരിഷ്കരണങ്ങൾ സാധ്യമാകുന്നു. സദസ്സുകളിൽ വന്നിരിക്കുന്നവർക്കു മാത്രമെ ആ പ്രഭാവം കരസ്ഥമാക്കാൻ സാധിക്കുകയുള്ളു. സദസ്സുകളിൽ വരാത്തവർക്ക് അത് ലഭിക്കില്ല." (പ്രഭാഷണം: ജൽസാ സാലാന,20.12.1920, അവലംബം അൽഫദ്ൽ ദിനപത്രം, 21.03.2011, പേജ് 11)

ഹുദൂർ തിരുമനസ്സുമായുള്ള കൂടിക്കാഴ്ചകളും ബന്ധങ്ങളും സാമീപ്യവും ഇല്ലെങ്കിൽ കേവലം പാഠ്യവിഷയ ഗ്രന്ഥങ്ങളിലെ വാക്കുകൾക്ക് സ്വയം ഈമാന്റെ പ്രകാശം നൽകാൻ സാധ്യമല്ല. അതിനാൽ ഈ ഏഴ് വർഷങ്ങളിൽ ഹുദൂർ തിരുമനസ്സിന്റെ ജർമൻ പര്യടനങ്ങളുടെ അവസരങ്ങളിൽ ലഭിച്ചിരുന്ന സാമീപ്യത്തിന്റെ ഏതൊരവസരവും ഫലപ്രദമാക്കാൻ ശ്രമിച്ചിരുന്നു. ഹുദൂറിന്റെ വത്സല്യത്താൽ വിദ്യാർഥികൾക്ക് ലഭിച്ച അവസരങ്ങളിലെല്ലാം പ്രിയപ്പെട്ട ഹുദൂറുമായുള്ള ക്ലാസുകളിൽ പങ്കെടുക്കുന്നതിനുള്ള സൗഭാഗ്യം ലഭിച്ചുകൊണ്ടിരുന്നു. അതുപോലെ വിദ്യാർഥികൾ ഹുദൂർ തിരുമനസുമായുള്ള കൂടിക്കാഴ്ചയ്ക്കായി സാധ്യമാകുന്നത്ര തവണ ലണ്ടനിൽ പോകുകയും നേരിട്ട് കാരുണ്യം കരസ്ഥമാക്കുന്നതിനായി ജാമിഅ അഹ്മദിയ്യായുടെ സംഘാടകർ പരിശ്രമിക്കുകയും ചെയ്തിരുന്നു. അൽഹംദുലില്ലാഹ്, വിസാ പ്രശ്നങ്ങളുണ്ടായിരുന്ന ഏതാനും വിദ്യാർഥികളൊഴികെ എല്ലാവരും പ്രിയപ്പെട്ട ഇമാമുമായുള്ള കൂടിക്കാഴ്ചയ്ക്ക് സൗഭാഗ്യം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു.

ഇന്ന് ഒരു ഭാഗത്ത് ഈ വിദ്യാർഥികൾ തങ്ങളുടെ ഏഴ് വർഷ പഠനയാത്രയുടെ ഒരു ഘട്ടം വളരെ ഭംഗിയായ നിലയിൽ പൂർത്തിയാക്കി പ്രവർത്തന മേഖലയിലേക്ക് ചുവടു വെക്കുന്നതിനായി ഹുദൂർ തിരുമനസ്സിന്റെ സവിധത്തിൽ സമർപ്പിക്കപ്പെടുന്നു എന്നതിൽ അല്ലാഹുവിനു നന്ദി പറയുന്നതിനോടൊപ്പം മറുഭാഗത്ത് തങ്ങളുടെ എല്ലാ പരിശ്രമങ്ങളുണ്ടായിട്ടും ജാമിഅ അഹ്മദിയ്യ ജർമനിയുടെ അദ്ധ്യാപകരും വിദ്യാർഥികളും ഞങ്ങളെല്ലാവരും ഞങ്ങളുടെ ന്യൂനതകളെയും അലസതകളെയും ഏറ്റു പറഞ്ഞുകൊണ്ട് പ്രിയപ്പെട്ട ഇമാമിന്റെ സവിധത്തിൽ ദുആക്കുവേണ്ടി അപേക്ഷിക്കുകയാണ്. അല്ലാഹു ഞങ്ങളുടെ ന്യൂനതകളെ മറച്ച് വെക്കുമാറാകട്ടെ, അല്ലാഹുവും അല്ലാഹുവിന്റെ പ്രിയപ്പെട്ട ഇമാമും ഞങ്ങളിൽനിന്ന് എത്തരത്തിലുള്ള സേവനമാണോ പ്രതീക്ഷിക്കുന്നത്, ഏതൊരു നിലവാരത്തിലാണോ ഞങ്ങളെ കാണാൻ ആഗ്രഹിക്കുന്നത് സർവശക്തനായ റബ്ബ് അവന്റെ കൃപയാൽ ഞങ്ങളെ അത്തരത്തിലുള്ളവരാക്കി മാറ്റട്ടെ. അല്ലാഹുമ്മ ആമീൻ.

അവസാനമായി ജാമിഅ അഹ്മദിയ്യ ജർമനിയിൽ നിന്ന് പഠനം പൂർത്തിയാക്കിയ ജമാഅത്തിന്റെ മുറബ്ബിമാർക്ക് വിശുദ്ധഖുർആൻ പരിഭാഷയും ശാഹിദ് പട്ടവും നൽകി അനുഗ്രഹിക്കണമെന്ന് ഹുദൂർ തിരുമനസ്സിന്റെ സവിധത്തിൽ വിനീതമായി അപേക്ഷിക്കുകയാണ്. കൂടാതെ മറ്റ് ക്ലാസ്സുകളിലെ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ വിദ്യാർഥികൾക്കും സമ്മാനങ്ങൾ നല്കി അനുഗ്രഹിക്കണമെന്നും വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

തുടർന്ന് ഹുദൂർ ജാമിആയിലെ ആറു ക്ലാസുകളിലെ വാർഷിക പരീക്ഷയിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ വിദ്യാർഥികൾക്ക്

സമ്മാനങ്ങൾ നൽകി. പിന്നീട് ജാമിഅ അഹ്മദിയ്യ ജർമനിയിൽ നിന്ന് പഠനം പൂർത്തിയാക്കിയ താഴെ പറയുന്ന മുറബ്ബിമാർക്ക് തഫ്സീറെ സഗീറും ദർജ ശാഹിദിന്റെ ഡിഗ്രിയും നൽകി അനുഗ്രഹിക്കുകയുണ്ടായി.

ശേയ്ഖ് അബ്ദുൽ ഹന്നാൻ സാഹിബ് മുബല്ലിഗ് സിൽസില, മൻസ്വൂർ അഹ്മദ് ഘമൻ സാഹിബ് മുബല്ലിഗ് സിൽസില, അർസലാൻ അഹ്മദ് സന്ദു സാഹിബ് മുബല്ലിഗ് സിൽസില, അസീസ് അഹ്മദ് ഘമൻ സാഹിബ് മുബല്ലിഗ് സിൽസില,ആഫ്താബ് അസ്‌ലം സാഹിബ് മുബല്ലിഗ് സിൽസില, മുഹമ്മദ് മുസവ്വിർ അഹ്മദ് ഗോന്ദൽ സാഹിബ് മുബല്ലിഗ് സിൽസില, ജവാദ് അഹ്മദ് ഭട്ട് സാഹിബ് മുബല്ലിഗ് സിൽസില, മുഹമ്മദ് സർഫറാസ് ഖാൻ സാഹിബ് മുബല്ലിഗ് സിൽസില, ഫഖ്ർ അഹ്മദ് ആഫ്താബ് സാഹിബ് മുബല്ലിഗ് സിൽസില, റാണാ മുഹമ്മദ് മുനവ്വർ സാഹിബ് മുബല്ലിഗ് സിൽസില, അദീൽ അഹ്മദ് ഖാലിദ് സാഹിബ് മുബല്ലിഗ് സിൽസില, ജവാദുദ്ദീൻ അഫാൻ സാഹിബ് മുബല്ലിഗ് സിൽസില, അഹ്മദ് ബഹ്സാദ് ചൗധരി സാഹിബ് മുബല്ലിഗ് സിൽസില, വഫാ മുഹമ്മദ് സാഹിബ് മുബല്ലിഗ് സിൽസില, ഹബീബുർറഹ്മാൻ നാസിർ സാഹിബ് മുബല്ലിഗ് സിൽസില, ഉസാമ അഹ്മദ് സാഹിബ് മുബല്ലിഗ് സിൽസില, അബ്ദുല്ലാഹ് സാഹിബ് (ബൾഗാരിയ) മുബല്ലിഗ് സിൽസില.

അതിനു ശേഷം ഹുദൂർ പഠനം പൂർത്തിയാക്കിയ വിദ്യാർഥികളായ മുറബ്ബിമാരെ അഭിസംബോധന ചെയ്യുകയുണ്ടായി.

**ഹുദൂറിന്റെ പ്രഭാഷണം**

ഹുദൂർ അയ്യദഹുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഫാതിഹ എന്നിവയുടെ പാരായണത്തിനു ശേഷം പറഞ്ഞു:

ജാമിആയുടെ സംഘാടകർ സമർപ്പിച്ച വിശദമായ റിപ്പോർട്ടിൽ വിവിധങ്ങളായ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. ജാമിആയുടെ പാഠ്യവിഷയങ്ങൾ കൂടാതെയുള്ള കാര്യങ്ങളെ സംബന്ധിച്ച് പരിചയപ്പെടുത്താനുള്ള അല്ലെങ്കിൽ അത് ഉൾപ്പെടുത്താനായി പറയുന്നതിന്റെ കാരണം, മുറബ്ബിമാർ പ്രവർത്തന മൈതാനത്തേക്ക് ഇറങ്ങുമ്പോൾ അവർക്ക് ഇവയെ സംബന്ധിച്ചുള്ള അറിവുണ്ടെങ്കിൽ അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് സ്പഷ്ടമാകുകയും അതിനായി പരിശ്രമിക്കുന്നവരായി മാറുകയും ചെയ്യുമെന്നതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: പ്രവർത്തന രംഗത്തേക്ക് ഇറങ്ങുമ്പോൾ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിക്കുന്നു. ഒരു വിദ്യാർഥി ജാമിആയിലേക്ക് വരുമ്പോൾ, അവനെ കുറിച്ച് പ്രതീക്ഷിക്കുന്നത് അവന്റെ ദീനീ നിലവാരവും ധാർമിക നിലവാരവും അവന്റെ ജീവിത നിലവാരവും അവന്റെ സംസാര രീതിയും മറ്റുള്ളവരിൽ നിന്ന് വ്യതിരിക്തമായതായിരിക്കണം എന്നാണ്. അവനിൽ പതുക്കെപ്പതുക്കെ ഘട്ടംഘട്ടമായി പുരോഗതിയും അഭിവൃദ്ധിയും ഉണ്ടാകണമെന്നാണ്. എന്നാൽ, പ്രവർത്തനരംഗത്തേക്ക് ഇറങ്ങിക്കഴിയുമ്പോൾ നിങ്ങളുടെ ചുമലിൽ വളരെ വലിയ ഉത്തരവാദിത്വമാണ് പതിക്കുന്നത്. ഇപ്പോൾ നിങ്ങൾ കേവലം വിദ്യാർഥികൾ മാത്രമല്ല. മനുഷ്യൻ എപ്പോഴും വിദ്യാർഥിതന്നെയായിരിക്കും എന്നത് ശരിതന്നെ. നബി(സ) തിരുമേനി പറഞ്ഞത് ഖബ്‌റുവരെ വിദ്യ അഭ്യസിക്കേണ്ടതാണെന്നാണ്. ഇതോടൊപ്പം നിങ്ങൾക്കുള്ള ഉത്തരവാദിത്വം എന്തെന്നാൽ, നമ്മുടെ ആളുകൾക്ക് ശിക്ഷണം നൽകുന്നതോടൊപ്പം അന്യരിലേക്ക് ഇസ്‌ലാമിന്റെ സുന്ദര സന്ദേശവും എത്തിക്കേണ്ടതുണ്ട്. ഇത് ഒരു മഹത്തായ ഉത്തരവാദിത്വമാണ്.

ഹുദൂർ തിരുമനസ് പറയുന്നു: ഇപ്പോൾ കേൾപ്പിക്കപ്പെട്ട കവിതയിലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞിരിക്കുന്നതും ഇതുതന്നെയാണ്. അതായത് വലിയ ഉത്തരവാദിത്വമുള്ള ഒരു ലക്ഷ്യം കരസ്ഥമാക്കേണ്ടതുണ്ട്. അതിനാൽ നിങ്ങളിൽ എപ്പോഴും ഈ ഉത്തരവാദിത്വത്തെ കുറിച്ചുള്ള ബോധം ഉണ്ടായിരിക്കേണ്ടതാണെന്നു മാത്രമല്ല അത് വർദ്ധിച്ചു കൊണ്ടിരിക്കുകയും വേണം. അവർ അഹ്മദികളോ അനഹ്മദികളോ അമുസ്‌ലിംകളോ ആരായിരുന്നാലും ഇപ്പോൾ ലോകത്തിന്റെ ദൃഷ്ടി നിങ്ങളിലാണ്. നിങ്ങളുടെ മനസ്സുകളിൽനിന്ന് ഇപ്പോൾ എല്ലാ തരത്തിലുള്ള ഭൗതിക ഭയവും അകലേണ്ടതാണ്. ഈ ഭൗതിക ഭീതിയെ മനസ്സിൽനിന്ന് അകറ്റി അല്ലാഹുമായുള്ള ബന്ധത്തിൽ ഓരോ നിമിഷവും നിങ്ങൾ മുന്നേറിക്കൊണ്ടിരിക്കൊണ്ടിരിക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്. അല്ലാഹുമായുള്ള ബന്ധമാണ് ഓരോ അവസരങ്ങളിലും നിങ്ങൾക്ക് ഗുണകരമായിത്തീരുന്നത്. ദീനിന്റെ സന്ദേശത്തെ ലോകത്ത് പ്രചിപ്പിക്കുന്നതിനുവേണ്ടി തന്റെ ജീവിതത്തെ വഖ്ഫ് ചെയ്യുന്നുവെന്നും തന്റെ അവസ്ഥയിൽ മാറ്റമുണ്ടാക്കുക മാത്രമല്ല, ആ മാറ്റം വർധിപ്പിച്ചുകൊണ്ടു പോകുമെന്നും എന്നല്ല ലോകരെ പരിഷ്കരിച്ച് അവരേയും അല്ലാഹുവിന്റെ സമീപത്തുകൊണ്ടുവരും എന്ന് പ്രതിജ്ഞ ചെയ്യുന്ന ഒരു മുറബ്ബിക്കും മുബല്ലിഗിനും ഉണ്ടായിരിക്കേണ്ട നിലവാരത്തിലുള്ള ബന്ധം അല്ലാഹുമായി സ്ഥാപിക്കാത്തതുവരെ ഇത് സാധ്യമാകുന്നതല്ല. ഈ ബന്ധം സ്ഥാപിച്ചെടുക്കുന്നതിനായി നിങ്ങൾ നിങ്ങളുടെ നഫലുകളിലും നമസ്കാരങ്ങളിലും അലസത കാണിക്കരുതെന്ന് മാത്രമല്ല മറിച്ച്, അങ്ങേയറ്റം ഏകാഗ്രതയോടുകൂടി പരിശ്രമിച്ച് അത് കരസ്ഥമാക്കേണ്ടതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: അധികവും ഞാൻ മുറബ്ബികളോട് ചോദിക്കുമ്പോൾ നഫ്‌ലുകളുടെ കാര്യത്തിൽ അലസരാണെന്ന മറുപടിയാണ് ഉണ്ടാകുന്നത്. തഹജ്ജുദിനായി എഴുന്നേല്ക്കുന്ന കാര്യത്തിൽ വളരെ അലസരാണ്. വിശേഷിച്ച് ഇവിടെ യൂറോപ്പിൽ, വേനൽക്കാലത്ത് രാത്രി ചെറുതും പകൽ ദീർഘമുള്ളതും ആയിരിക്കും. ഉറങ്ങുന്നതിന് വളരെ കുറച്ച് സമയം മാത്രമെ ലഭിക്കുകയുള്ളു. പക്ഷേ, അന്നേരവും തഹജ്ജുദ് നമസ്കാരത്തിന് ഉണരാൻ ശ്രമിക്കേണ്ടതാണ്. ഈ നഫ്‌ലുകളാണ് അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചെടുക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നത്. നിർബന്ധമായ നമസ്കാരങ്ങൾ എല്ലാ അഹ്മദികൾക്കും ഓരോ മുസ്‌ലിമിനും നിർബന്ധ കടമയാകുന്നു. വിശേഷിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ)ൽ വിശ്വസിക്കുകയും താൻ ദീനിന് ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്ന ഒരു അഹ്മദിക്ക്. എന്നാൽ, ഒരു മുറബ്ബിയുടെ പ്രതിജ്ഞ അതിനും മേലെയാണ്. അതിനാൽ നഫലുകൾ അനുഷ്ഠിക്കുന്നതിലേക്ക് ശ്രദ്ധിക്കണമെന്ന കാര്യം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. ചിലർ കർമരംഗത്ത് വന്നതിനുശേഷവും സുബ്ഹി നമസ്കാരത്തിൽ അലസത കാണിക്കുന്നു. ഈ അലസതകളെല്ലാം ഇനി അകറ്റേണ്ടതാണ്. ഈ അലസതകൾ അകറ്റിയെങ്കിൽ മാത്രമെ അല്ലാഹുവുമായുള്ള ബന്ധത്തിലും അഭിവൃദ്ധി ഉണ്ടാകുകയുള്ളു.

ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: നിങ്ങളുടെയെല്ലാവരുടെയും ഏറ്റവും വലിയ ലക്ഷ്യം തൗഹീദിന്റെ സംസ്ഥാപനമാണ്. തൗഹീദ് സ്ഥാപിക്കുന്നതിനും മനുഷ്യന് ദൈവവുമായുള്ള ബന്ധം ഉണ്ടാക്കിക്കൊടുക്കുക എന്ന ലക്ഷ്യവുമായിട്ടാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇക്കാലഘട്ടത്തിൽ ആഗതരായിരിക്കുന്നത്. ഇത് ഒരു വളരെ വലിയ ലക്ഷ്യമാകുന്നു. രണ്ടാമത്തെ ലക്ഷ്യം മനുഷ്യരുടെ പരസ്പരമുള്ള കടമകളിലേക്ക് ശ്രദ്ധ തിരിക്കുക എന്നതാകുന്നു. ദൈവഭയം മനസ്സിലുണ്ടാകുകയും അല്ലാഹുവുമായി ബന്ധമുണ്ടാകുകയും ചെയ്തെങ്കിൽ മാത്രമെ നിങ്ങൾക്ക് തൗഹീദിന്റെ സംസ്ഥാപനത്തിന് യഥാർഥ പരിശ്രമം നടത്താൻ സാധിക്കുകയുള്ളു. അപ്പോൾ മാത്രമെ തൗഹീദ് എന്താണെന്നുള്ള ഉൾക്കാഴ്ച നിങ്ങൾക്ക് കരസ്ഥമാകുകയുള്ളു. ആരാധനകളില്ലെങ്കിൽ, ആരാധനയ്ക്കു മുന്നിൽ ചില അലസതകൾ തടസ്സമായി വന്നാൽ അതിനർഥം നിങ്ങൾ തൗഹീദിനു പകരമായി മറ്റെന്തിനേയോ സ്ഥാപിച്ചു വെച്ചിരിക്കുന്നു വെന്നാണ്. ഇത് പൊതുവെ ജമാഅത്തംഗങ്ങൾക്കുംകൂടിയാണ് ഞാൻ പറയുന്നത്. എന്നാൽ, മുറബ്ബിമാർക്ക് ഇത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അല്ലാഹുവുമായുള്ള ബന്ധം സ്ഥാപിച്ചെടുത്തെങ്കിൽ മാത്രമെ തൗഹീദിന്റെ സ്ഥാപനത്തിന് നിങ്ങൾക്ക് കഠിനാധ്വാനം ചെയ്യാൻ സാധിക്കുകയുള്ളു. ആരാധനകൾ കൂടാതെ തൗഹീദ് സ്ഥാപിക്കുക എന്നത് നിങ്ങൾക്ക് അസാധ്യമായ കാര്യമാകുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: ആരാധനകളിലേക്കും നമസ്കാരങ്ങളിലേക്കും ശ്രദ്ധ പതിപ്പിച്ചതിനു ശേഷം വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്കും അതിൽ ചിന്തിക്കുന്നതിലേക്കും അതിന്റെ വ്യാഖ്യാനംവായിക്കുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്. ഇത് വളരെ വലിയൊരു ജോലിയാകുന്നു. ഇവിടെ ജാമിഅ അഹ്മദിയ്യായിൽ നിങ്ങളെ തഫ്സീർ പഠിപ്പിക്കുന്നുണ്ട്. തഫ്സീർ സംക്ഷിപ്തമായി പരിചയപ്പെടുത്തുകയോ അല്ലെങ്കിൽ ഒരു പരിധിവരെ തഫ്സീർ പഠിപ്പിക്കുകയോ ആയിരിക്കും ചെയ്യുന്നത്. എന്നാൽ, ഇതിൽ കൂടുതൽ വിശാലത ഉണ്ടാക്കുന്നതിനും സ്വന്തം അറിവ് കൂടുതൽ വർദ്ധിപ്പിക്കുന്നതിനും സ്വയം വിശുദ്ധഖുർആനിൽ ചിന്തിക്കേണ്ട ആവശ്യകത ഉള്ളതോടൊപ്പം വിവിധ തഫ്സീറുകളും വായിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥങ്ങളിൽ വിവിധ ആയത്തുകളെ വ്യാഖ്യാനിച്ചിട്ടുണ്ട്. അത് തഫ്സീർ എന്ന നിലയിൽ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. അത് നിരന്തരമായി വായിച്ചുകൊണ്ടിരിക്കണം. അതുപോലെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ ഏകദേശം 54 സൂറത്തുകളുടെ വ്യാഖ്യാനങ്ങളുണ്ട്. അതും വായിക്കേണ്ടതാണ്. എപ്പോഴും സ്വന്തം വായന വർദ്ധിപ്പിച്ചു കൊണ്ടേയിരിക്കുക. ഇതെല്ലാമാണ് നിങ്ങൾക്ക് നിങ്ങളുടെ ദീനിൽ ഗുണകരമായിത്തീരുന്നത്. എല്ലാ അവസരത്തിലും നിങ്ങൾക്ക് നിങ്ങളുടെ മറുപടി വിശുദ്ധഖുർആനിൽ നിന്ന് ലഭിക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്. വിശുദ്ധഖുർആനിൽ ചിന്തിക്കുകയും വിചിന്തനം നടത്തുകയും ചെയ്യുന്ന ശീലം ഉണ്ടെങ്കിൽ മാത്രമെ നിങ്ങൾക്ക് അത് സാധ്യമാകൂ.

ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ തഫ്സീറിനെ സംബന്ധിച്ച് സംക്ഷിപ്തമായി ഞാൻ പറഞ്ഞു. അത് 4 വാള്യങ്ങളായി തഫ്സീറിന്റെ രൂപത്തിൽ ജമാഅത്തിന്റെ സാഹിത്യങ്ങളിലുണ്ട്. അതിനുപുറമെ മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കേണ്ടതും അനിവാര്യമാകുന്നു. നിങ്ങൾ നിത്യവും കുറഞ്ഞ പക്ഷം അര മണിക്കൂറെങ്കിലും - അതിൽ കൂടുതൽ സാധ്യമെങ്കിൽ വളരെ ഉത്തമമാണ്- ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഏതെങ്കിലും ഗ്രന്ഥം വായിച്ചുകൊണ്ടേയിരിക്കേണ്ടതാണ്. ഇതെല്ലാം നിങ്ങളുടെ അറിവ് വർദ്ധിപ്പിക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്ന കാര്യങ്ങളാണ്. ഇതുകൂടാതെ നിങ്ങൾ വിവിധ സ്ഥലങ്ങളിൽ നിന്ന് പഠിച്ച ഭൗതിക അറിവുകൊണ്ടോ ഇനി നിങ്ങൾ പഠിക്കാൻ പോകുന്ന അറിവുകൊണ്ടോ ഒരു ഗുണവും ഉണ്ടാകുന്നതല്ല. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുക എന്ന് നിങ്ങൾ ആളുകളോട് പറയുന്നു. എന്നാൽ, നി ങ്ങൾ സ്വയം അത് വായിക്കാത്തതു വരെ നിങ്ങൾ പറയുന്നതിലോ ശ്രദ്ധ പതിപ്പിക്കുന്നതിലോ ഒരു ബർക്കത്തും ഉണ്ടായിരിക്കുന്നതല്ല. അതിനാൽ വായന വളരെ അനിവാര്യമായതാണെന്നത് എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. **(തുടരും)**

***(അവലംബം: ബദ്ർ പത്രം 2017 ജൂൺ 1)***





EDITOR
H.Shamsuddin
Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ | The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 07 September 2017 Issue-36

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

## ഇൻഫാഖ് ഫീ സബീലില്ലാഹ്

# ദൈവമാർഗത്തിൽ ചെലവഴിക്കൽ

**മൗലാനാ അത്വാഉൽ മുജീബ് റാശിദ് (ഇമാം മസ്ജിദ് ഫദ്ൽ ലണ്ടൻ.)**

**പരിഭാഷ:അമീൻ മുഹമ്മദ് മാത്ര**

ഒരു അടിയാൻ എന്ന നിലയിൽ ജീവിച്ച്ദൈവികസാമീപ്യത്തിന്റെ വഴികളിൽ ചരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ടുളളത്. 'ദാറുൽ അമലിൽ'നിന്ന് (കർമഗേഹം)ദാറുൽ ജസായി' (രക്ഷാശിക്ഷയുടെ ഗേഹം)ലേക്ക് മാറ്റപ്പെടുമ്പോൾ തങ്ങളുടെ ജീവിതോദ്ദേശ്യത്തിൽ വിജയം വരിക്കുകയും ദൈവികാഭീഷ്ടത്തിന്റെ അനശ്വരമായ സ്വർഗത്തിൽ പ്രവേശിക്കാനും വേണ്ടിയാണിത്. ഈ മഹത്തായ ലക്ഷ്യസാഫല്യത്തിന് ഉന്നതനായ അല്ലാഹു നൽകിയിട്ടുള്ള മാർഗങ്ങളിലും സൗകര്യങ്ങളിലുംവെച്ച് സുപ്രധാനമായ മാർഗമാണ് ഇൻഫാഖ് ഫീ സബീലില്ലാഹ്. അതായത് അല്ലാഹുവിന്റെ മാർഗത്തിൽ അവന്റെ തൃപ്തി കരസ്ഥമാക്കാനുള്ള പവിത്രമായ തീരുമാനത്തോടെ ചെലവു ചെയ്യുകയെന്ന് സാരം. ഇതു വിഷയമായി ചില കാര്യങ്ങൾ നി ങ്ങളുടെ സമക്ഷം സമർപിക്കുകയാണ്.

**ഖുർആൻ വചനങ്ങൾ**:

വിശ്വാസികൾക്ക് നേർമാർഗം കാണിച്ചു കൊടുക്കുന്നതിന് വിശുദ്ധ ഖുർആനിന്റെ രൂപത്തിൽ അല്ലാഹു സമ്പൂർണ ശരീഅത്ത് നൽകി. ഇതിനെ '**ഹുദൻ ലിന്നാസി**' എന്നും പറഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും '**ഹുദൻ ല്ലിൽ മുത്തഖീൻ**'എന്നും പറഞ്ഞിരിക്കുന്നു. മനുഷ്യന് തന്റെ ജീവിത ലക്ഷ്യം നേടുന്നതിനാവശ്യമായതെല്ലാം അതിൽ വിശദീകരിച്ചിട്ടുണ്ട്. ഇവയിൽ സുപ്രധാന വിഷയം ദൈവിക വഴിയിൽ തന്റെ ധനം ചെലവഴിക്കലാണ്. ഇത്രയധികം വിശദീകരണത്തോടും ഉറപ്പോടും കൂടി വിശുദ്ധ ഖുർആനിൽ ഈ വിഷയം വിശദീകരിച്ചു കാണുമ്പോൾ ഇൻഫാഖ് ഫീ സബീലില്ലായുടെ പ്രാധാന്യം വ്യക്തമാകുന്നു. ഈ മാർഗം സ്വീകരിച്ചാൽ മാത്രമേ മനുഷ്യന് അവന്റെ ജീവിത ലക്ഷ്യം നേടുന്നതിൽ വിജയം വരിക്കാൻ സാധിക്കുകയുള്ളൂവെന്ന് മനസ്സിലാകുന്നു. വിശുദ്ധ ഖുർആൻ പാരായണം ആരംഭിക്കുമ്പോൾത്തന്നെ നമ്മുടെ ശ്രദ്ധ ആകർഷിക്കുന്ന ഒരു വചനമുണ്ട്. അതു പറയുന്നു: ***ദാലിക്കൽ കിതാബു ലാ റയ്ബ ഫീഹി ഹുദല്ലിൽ മുത്തഖീൻ(2:3)*** ഈ വിശുദ്ധ ഖുർആൻ ആ മഹത്തായ വാഗ്ദത്ത ഗ്രന്ഥമാണ്. ഇതിൽ അൽപം പോലും സംശയമില്ല. സൂക്ഷ്മത പാലിക്കുന്നവർക്കു നേർമാർഗം പ്രാപിക്കുന്നതിനുള്ള വഴിയാണ്. ഇവിടെ മനസ്സിലുയരുന്ന ഒരു ചോദ്യമുണ്ട്. ഈ സൂക്ഷ്മത പാലിക്കുന്നവരാരാണ്. സൂക്ഷ്മത പാലിക്കുന്നവനായി മനുഷ്യന് എങ്ങനെ മാറാൻ കഴിയും.ഈ രണ്ടു കാര്യങ്ങൾക്കുമുള്ള മറുപടി അല്ലാഹു ഇങ്ങനെ വിശദീകരിക്കുന്നു. ***അല്ലദീന യുഅ്മിനൂന ബിൽഗയ്ബി വ യുഖീമൂനസ്സ്വലാത്ത വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ (2:4)*** സൂക്ഷ്മത പാലിക്കുന്നവർ പരോക്ഷത്തിൽ വിശ്വസിക്കുന്നവരും നമസ്കാരം നിലനിറുത്തുന്നവരുമാണ്. നാം എന്തൊന്ന് നൽകുന്നുവോ അതിൽനിന്ന് ചെലവഴിക്കുന്നവരുമാണവർ.

ഇതിൽ പര്യവസാനത്തിൽ യഥാർഥ വിജയം പ്രാപിക്കുന്ന മുത്തഖികളുടെ രണ്ട് അടിസ്ഥാന പരമായ അടയാളങ്ങൾ വിശദീകരിച്ചിരിക്കുന്നു. ഈ രണ്ടടയാളങ്ങളിലൂടെ അവരെ നല്ലവണ്ണം തിരിച്ചറിയാൻ സാധിക്കുന്നതാണ്. ഈ രണ്ട് മാർഗങ്ങളിലൂടെ സഞ്ചരിച്ച് തഖ്‌വയുടെ വഴികളിൽ പദമൂന്നി നടക്കുന്ന മനുഷ്യനാണ് പര്യവസാനത്തിൽ വിജയപ്രാപ്തനായിത്തീരുന്നത്; ദൈവത്തിന്റെ സാമീപ്യം നേടുന്നതും.

ഈ ഖുർആൻ വചനത്തിൽ അല്ലാഹു തഖ്‌വ അഥവാ ഭക്തി തിരയുന്നവരുടേയും തഖ്‌വയുടെ അപരിമിതമായ വഴികളിലൂടെ പ്രയാണം ചെയ്യുന്നവരുടേയും ഒരു അടയാളം പറഞ്ഞിട്ടുള്ളത് അവന്റെ ജീവിതത്തിന്റെ ഓരോരോ നിമിഷവും അല്ലാഹുവിൽ അലിഞ്ഞുചേരുന്ന വിഷയം സത്യസന്ധമായി പുലരുംവിധം ജീവിക്കുന്നുവെന്നതാണ്. താൻ എന്തൊന്നാണോ നേടിയത് അത് അല്ലാഹുവിന്റെ കൃപയാൽ മാത്രം നേടിയതാണെന്ന യാഥാർഥ്യം നല്ലവണ്ണം തിരിച്ചറിയുന്നവനാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ദൈവികജ്ഞാനത്തിന്റെ പോയന്റ് എത്ര സുന്ദരമായ ശൈലിയിലാണ് വിശദീകരിച്ചിട്ടുള്ളത്:

***സബ്കുഛ് തേരീ അത്വാ ഹെ, ഘർ സെ തൊ കുഛ് ന ലായേ*** സർവവും നീ പ്രദാനം ചെയ്തിട്ടുള്ളതാണ്. വീട്ടിൽ നിന്ന് ഒന്നുംതന്നെ കൊണ്ടു വന്നിട്ടില്ല

ഈ അടിയുറച്ച ഉറപ്പിന്മേൽ പൂർണമായും നിലകൊണ്ടതിന് ശേഷം തന്റെ ഓരോ വസ്തുവകകളും അല്ലാഹുവിന്റെ ഔദാര്യമാണെന്നുള്ള ദൃഢതവരുത്തിക്കൊണ്ട് പൂർണ്ണ സന്തോഷവാനും ഹൃദയാത്മനാ സന്തോഷിച്ചും തുറന്ന മനസ്സോടെ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചും ഒരു വിശ്വാസിയായ ദാസന്റെ ജീവിതം കടന്നു പോകുന്നു. അവൻ ദൈവവഴിയിൽ ചെലവഴിച്ചുകൊണ്ടേയിരിക്കുന്നു. തന്റെജീവിതം, ധനം, സമയം, അന്തസ്സ്, അല്ലാഹു തനിക്ക് നൽകിയിട്ടുള്ള കഴിവുകളുടേയുംസൗകര്യങ്ങളുടേയും ഓരോ അംശവും ത്യാഗം ചെയ്തു കൊണ്ടേ പോകുന്നു. എല്ലാ ത്യാഗങ്ങളും നിർവ്വഹിച്ചതിനു ശേഷവും അവന്റെ ഹൃദയത്തിന്റെ ശബ്ദം ഇതായിരിക്കും:

***ജാൻ ദീ ദീ ഹുയി ഉസീ കീ ഥി***
***ഹഖ് തൊ യെ ഹെ കെ ഹഖ് അദാ ന ഹുവാ***

അവൻ നല്കിയ ജീവനാണ് യഥാർഥത്തിൽ ഞാൻ അവന്റെ വഴിയിൽ ബലിയർപ്പിച്ചത്. അപ്പോൾ യഥാർഥ കടമ നിറവേറ്റപ്പെട്ടിട്ടില്ല എന്നതാണ് സത്യം. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ വിഷയം അങ്ങേയറ്റം ദൈവജ്ഞാനപരമായ നിലയിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

***ഖുദാ സെ വഹീ ലോഗ് കർത്താഹെ പ്യാർ***
***ജോ സബ് കുഛ് ഹി കർത്തെ ഹെ ഉസ് പെ നിഥാർ***
***ഉസീ ഫിക്ർ മെ രഹ്ത്തെ ഹെ റോസ് വ ശബ്***
***കെ റാസി വൊ ദിൽദാർ ഹോത്താഹെ കബ്***
***ഉസെ ദേ ചുക്കെ മാൽ വ ജാൻ ബാർബാർ***
***അഭീ ഖൗഫ് ദിൽ മെ കെ ഹൈ നാബുക്കാർ***

സർവവും അല്ലാഹുവിൽ സമർപണം ചെയ്യുന്നവരാണ് അവനെ സ്നേഹിക്കുന്നത്. പ്രിയപ്പെട്ടവൻ എപ്പോഴാണ് തൃപ്തനാകുന്നതെന്ന ചിന്തയിൽ രാവും പകലും അവർ കാത്തിരിക്കുന്നു. ധനവും ജീവനും വീണ്ടും വീണ്ടും അവനു കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. ഇനി ഹൃദയത്തിലെ ഏത് ഭയവും അനാവശ്യമാണ്.

ദീനീ ആവശ്യങ്ങൾക്കായി ദൈവമാർഗത്തിൽ സ്വന്തം ധനങ്ങൾ ചെലവഴിക്കുകയെന്ന വിഷയം വിശുദ്ധ ഖുർആനിൽ വളരെ ധാരാളമായി വിശദീകരിച്ചിട്ടുണ്ട്. അല്ലാഹു നിരന്തരം ഈ വിഷയം വ്യക്തമാക്കിയിട്ടുമുണ്ട്. അദൃശ്യകാര്യങ്ങൾ അറിയുന്ന അല്ലാഹു ഓരോ ധനത്യാഗവും നല്ലവണ്ണം കാണുന്നവ നും അറിയുന്നവനുമാണെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. ആ ഔദാര്യവാനായ അല്ലാഹു ഈ നന്മയുടെ പ്രതിഫലം എണ്ണിയെണ്ണിയല്ല പ്രത്യുത കണത്തില്ലാതെ നൽകുന്നു. അവൻ ഇച്ഛിക്കുന്നവർക്കു വേണ്ടി തന്റെ പ്രതിഫലം അതിരറ്റ നിലയിൽ വർധിപ്പിച്ചുകൊണ്ടുപോകുന്നു.

അല്ലാഹു ധനത്യാഗത്തെ ജിഹാദ് എന്ന് നിശ്ചയിച്ചുകൊണ്ട് കച്ചവടം എന്ന രീതിയിൽ പറഞ്ഞിരിക്കുന്നു

يَا أَيُّهَا الَّذِينَ آمَنُوا هَلْ أَدُلُّكُمْ عَلَىٰ تِجَارَةٍ تُنْجِيكُمْ مِنْ عَذَابٍ أَلِيمٍ - تُؤْمِنُونَ بِاللَّهِ وَرَسُولِهِ وَتُجَاهِدُونَ فِي سَبِيلِ اللَّهِ بِأَمْوَالِكُمْ وَأَنْفُسِكُمْ ط ذَٰلِكُمْ خَيْرٌ لَكُمْ إِنْ كُنْتُمْ تَعْلَمُونَ - يَغْفِرْ لَكُمْ ذُنُوبَكُمْ وَيُدْخِلْكُمْ جَنَّاتٍ تَجْرِي مِنْ تَحْتِهَا الْأَنْهَارُ وَمَسَاكِنَ طَيِّبَةً فِي جَنَّاتِ عَدْنٍ ط ذَٰلِكَ الْفَوْزُ الْعَظِيمُ - وَأُخْرَىٰ تُحِبُّونَهَا نَصْرٌ مِنَ اللَّهِ وَفَتْحٌ قَرِيبٌ ط وَبَشِّرِ الْمُؤْمِنِينَ .

"അല്ലയോ വിശ്വാസിച്ചവരേ, വേദനാജനകമായ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിവ് നല്കട്ടെയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളുടെ ധനംകൊണ്ടും ജീവൻകൊണ്ടും സമരം ചെയ്യണമെന്നതുമാണത്. നിങ്ങൾ അറിയുന്നെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ്. (അപ്രകാരം ചെയ്താൽ)നിങ്ങളുടെ പാപങ്ങൾ അവൻ നിങ്ങൾക്ക് പൊറുത്തു തരികയും താഴോരത്തൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിലും ശാശ്വതവാസത്തിനുള്ള ഉദ്യാനങ്ങളിൽ സ്ഥിതിചെയ്യുന്ന പരിശുദ്ധമായ ഭവനങ്ങളിലും നിങ്ങളെ അവൻ പ്രവേശിപ്പിക്കുന്നതാണ്. അതത്രെ മഹത്തായ വിജയം. നിങ്ങൾ ഇഷ്ടപ്പെടുന്ന മറ്റൊരു അനുഗ്രഹവും(കൂടി നിങ്ങൾക്കു ലഭിക്കുന്നതാണ്. അല്ലാഹുവിൽനിന്നുള്ള സഹായവും ആസന്നമായ വിജയ വും ആണത്. സത്യവിശ്വാസികൾക്ക് സുവാർത്ത അറിയിക്കുക."(61:11- 14)

ഈ വചനങ്ങളിൽ അല്ലാഹു ദൈവമാർഗത്തിൽ ചെലവു ചെയ്യുന്നതിന്റെ അനുഗ്രങ്ങൾ മൊത്തമായി വിശദീകരിച്ചിരിക്കുകയാണ്. ഇഹലോകത്ത് ലഭിക്കുന്ന സമ്മാനങ്ങളേയും ദൈവിക സഹായത്തേയും വിജയങ്ങളേയും കുറിച്ച് ഇതിൽ പറയുന്നുണ്ട്. പരലോകത്തിൽ വേദനാജനകമായ ശിക്ഷയിൽ നിന്നുളള മോചനവും പാപപൊറുതിയും അല്ലാഹുവിന്റെ തൃപ്തിയുടെ അനശ്വരമായ സ്വർഗ്ഗങ്ങളിലുളള പ്രവേശ

**ശേഷം പേജ് 9ൽ**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin